# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുക്കം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോഴിക്കോട്-673020**

ഇ-മെയിൽ: dokkd.ksad@kerala.gov.in

**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/16/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 15/03/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
മുക്കം മുനിസിപ്പാലിറ്റി

സർ,

**വിഷയം : മുക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, തസ്വഭവ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. ജോയിന്റ് ഡയറക്ടർ, തസ്വഭവ കോഴിക്കോട്

5. കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/16/2024 തീയ്യതി: 15/03/2024

## കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2022 മുതൽ 02-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 19-09-2022 മുതൽ 30-11-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു റിയാസുദ്ദീൻ.എസ് | ജോയിന്റ് ഡയറക്ടർ | 03-01-2024 | 15-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-01-2024 | 15-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. ശ്രീജ തെക്കൻ , ഓഡിറ്റ് ഓഫീസർ

ശ്രീ.ഇ.വി ഹരി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷൈന.എ.കെ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷൈന.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനൂപ് വി. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീജിത്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ജിഷ പി., ഓഡിറ്റർ

ശ്രീമതി. അശ്വതി ജെ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി. ടി. ബാബു | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രസൂനൻ. ഒ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 01-09-2022 |
| ശ്രീ. കൃഷ്ണൻകുട്ടി. പി. എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-09-2022 | 11-09-2022 |
| ശ്രീമതി. വിജില.എം | സെക്രട്ടറി | 12-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കൃഷ്ണൻകുട്ടി. പി. എം. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 28-02-2023 |
| ശ്രീ. സെയ്തലവി.ടി | മുനിസിപ്പൽ എഞ്ചിനീയർ | 01-03-2023 | 31-03-2023 |
| ശ്രീമതി. റീജ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. പ്രിയ മോഹൻ | കൃഷി ഓഫീസർ | 01-04-2022 | 01-08-2022 |
| ശ്രീമതി.ടിൻസി ടോം | കൃഷി ഓഫീസർ | 02-08-2022 | 31-03-2023 |
| ശ്രീ. കൃഷ്ണ സൂരജ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. റിതു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. കേശിനി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. മോഹൻ എം | മെഡിക്കൽ ഓഫീസർ, പി..എച്ച്.സി | 01-04-2022 | 27-10-2022 |
| ഡോ. ആലിക്കുട്ടി | മെഡിക്കൽ ഓഫീസർ, പി..എച്ച്.സി | 28-10-2022 | 31-03-2023 |
| ശ്രീമതി. ഹിദ എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രസാദ് വി. കെ. | പ്രിൻസിപ്പാൾ ജി.എച്ച്. എസ്എസ് നീലേശ്വരം | 01-04-2022 | 12-09-2022 |
| ശ്രീമതി.ഫസീല.എം.കെ | പ്രിൻസിപ്പാൾ ജി.എച്ച്. എസ്എസ് നീലേശ്വരം | 13-09-2022 | 31-03-2023 |
| ശ്രീ. .രാജേന്ദ്രൻ ടി | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 07-12-2022 | 21-02-2023 |
| ശ്രീ.ശ്രീജിത്ത്.എ | പ്രൊജക്റ്റ് ഓഫീസർ ഇൻ ചാർജ്ജ് | 01-04-2022 | 31-03-2023 |
| ശ്രീ.അജിത്ത്.ടി. | ഹെൽത്ത് ഓഫീസർ ഇൻചാർജ്ജ് | 01-04-2022 | 06-12-2022 |
| ശ്രീ.രാജേന്ദ്രൻ.ടി | ഹെൽത്ത് ഓഫീസർ ഇൻചാർജ്ജ് | 07-12-2022 | 21-02-2023 |
| ശ്രീ.ദിലീപ് കുമാർ | ഹെൽത്ത് ഓഫീസർ ഇൻചാർജ്ജ് | 20-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | എൻകാഷ് ചെയ്യാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-2 |
| 4 | ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ നാളിതുവരെയായി ക്രെഡിറ്റ് ആയിട്ടില്ല | 1-1-3 |
| 5 | ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-1-7 |
| 9 | ഇ. എം. എസ്. ഭവന പദ്ധതി - ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | ലോൺ ഇനത്തിൽ മുൻവർഷാവസാന ബാധ്യതാ തുകയിൽ നിന്നും, 2022-23 വാർഷിക കണക്കിൽ മാറ്റം വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-9 |
| 11 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ജേണൽ വൗച്ചറുകൾക്ക് അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | ഇ – ടെണ്ടർ ഫോമുകളുടെ വില മുൻസിപ്പൽ ഫണ്ടിൽ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-13 |
| 15 | ഗ്രാന്റുകളുടെ നീക്കിയിരിപ്പിലെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 20 | ഗ്രാന്റ് വിനിയോഗം | 1-5 |
| 21 | പദ്ധതി അവലോകനം | 1-6 |
| 22 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല. | 1-7 |
| 23 | ക്യാഷ് പരിശോധന | 1-8 |
| 24 | ക്ഷേമ പദ്ധതികൾ | 1-9 |
| 25 | തനത് വരുമാനം - ഡിമാന്റ് പൂർണ്ണമല്ല. | 1-10 |
| 26 | നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ അപാകത | 1-11 |
| 27 | ഇ.എം.എസ് ഹാൾ വാടക - വരുമാനത്തേക്കാൾ കൂടുതൽ ചെലവ് | 1-12 |
| 28 | സി.എച്ച്.സി മരം ലേലം - തുക അടവാക്കിയില്ല | 1-13 |
| 29 | വാഹന ലേലം - വരവിന്റെ കൃത്യത ഉറപ്പാക്കാനായില്ല. | 1-14 |
| 30 | തൊഴിൽ നികുതി - അപാകതകൾ | 1-15 |
| 31 | ലൈസൻസ് - നടപടിക്രമങ്ങൾ സംബന്ധിച്ച് | 1-16 |
| 32 | കോൺക്രീറ്റ് മേൽക്കൂരക്ക് ഇളവ് അനുവദിച്ചു - വസ്തു നികുതി ഇനത്തിൽ നഗരസഭക്ക് നഷ്ടം | 1-17 |
| 33 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയതിൽ കുറവ് | 1-18 |
| 34 | KMCT കെട്ടിടങ്ങൾ ക്രമവത്കരിച്ചില്ല. | 1-19 |
| 35 | നിലവിലുള്ള വിസ്തീർണ്ണത്തിൽ വ്യതിയാനം | 1-20 |
| 36 | A2 വിനിയോഗ ഗണത്തിലുള്ള കെട്ടിടത്തിന് A1 വിനിയോഗ ഗണത്തിൽ ഒക്യുപൻസി നൽകി. | 1-21 |

| | | |
|---|---|---|
| 37 | നിർമ്മാണം പൂർത്തിയാക്കാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു. | 1-22 |
| 38 | പാർക്കിംഗ് ലഭ്യമല്ലാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു | 1-23 |
| 39 | പുഴ പുറമ്പോക്ക് കയ്യേറി കെട്ടിട നിർമ്മാണം - തുടർ നടപടിയില്ല. | 1-24 |
| 40 | ആവശ്യമായ ടോയ്‌ലറ്റ് ലഭ്യമല്ലാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു | 1-25 |
| 41 | അനധികൃത നിർമ്മാണം ക്രമത്കരിച്ചതിൽ അപാകത. | 1-26 |
| 42 | സ്കൂളുകൾക്ക് പെയിന്റിംഗ് - ചെയ്യാത്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതും മറ്റപകാതകളും | 1- 27 |
| 43 | ബയോഗ്യാസ് പ്ലാന്റ് പദ്ധതി അധിക തുക ചെലവഴിച്ചു | 1-28 |
| 44 | തുക ചെലവഴിക്കപ്പെട്ട മുഴുവൻ പദ്ധതികളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-29 |
| 45 | മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-30 |
| 46 | അമൃത് 2 നഗരസഭാ സമഗ്ര കുടിവെള്ള പദ്ധതി മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - പദ്ധതിയുടെ നിലവിലെ വിവരം ലഭ്യമല്ല. | 1-31 |
| 47 | സി. എച്ച്. സി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 1805400 രൂപ ചെലവഴിച്ചു - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-32 |
| 48 | ഇരട്ടങ്ങൽ തടത്തിൽ റോഡ് - ഗതാഗതയോഗ്യമാക്കിയില്ല | 1-33 |
| 49 | അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അംഗീകൃത ഏജൻസിക്ക് തുക നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-34 |
| 50 | ശുചിത്വ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകത | 1-35 |
| 51 | റിങ്ങ് കമ്പോസ്റ്റ് സ്വച്ച്ഭാരത് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-36 |
| 52 | വയലത്ത് കോഴഞ്ചേരി ഡ്രെയിനേജ് നിർമ്മാണം - അപാകതകൾ | 1-37 |
| 53 | നഗരസഭ കെട്ടിട സമുച്ചയം മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - പദ്ധതിയുടെ നിലവിലെ വിവരം ലഭ്യമല്ല | 1-38 |
| 54 | ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ | 1-39 |
| 55 | നഗരസഭാ മൊബൈൽ അപ്ലിക്കേഷൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-40 |
| 56 | ഡി.പി.സി ബിൽഡിംഗിന് തുക നൽകൽ– വിനിയോഗ വിവരം ലഭ്യമല്ല. | 1-41 |
| 57 | വയോമിത്രം പദ്ധതി - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക അനുവദിച്ചു | 1-42 |
| 58 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-43 |
| 59 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക നഗരസഭ അക്കൗണ്ടിൽ അടവാക്കിയില്ല. | 1-44 |
| 60 | ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ്. ഈടാക്കിയില്ല | 1-45 |
| 61 | വനിതാഘടക പദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത | 1-46 |
| 62 | ഭിന്നശേഷി സ്കോളർഷിപ്പ് - അർഹതയുണ്ടായിട്ടും ആനുകൂല്യം നിഷേധിച്ചു. | 1-47 |
| 63 | 2KVA UPS ബാറ്ററികൾ - വാങ്ങൽ നടപടികളിലെ അപാകതകൾ | 1-48 |
| 64 | ഗുണഭോക്താക്കൾക്ക് അർഹമായ സ്കോളർഷിപ്പ് തുക ലഭ്യമായില്ല. | 1-49 |
| 65 | ക്വട്ടേഷനുകൾക്ക് കൗൺസിൽ അംഗീകാരം ലഭ്യമാക്കാതെ കരാറുകാരെ പ്രവൃത്തി ഏൽപ്പിച്ചു. | 1-50 |
| 66 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-51 |
| 67 | പി.എം.എ.വൈ പദ്ധതി - അപാകതകൾ | 1-52 |
| 68 | സ്റ്റാമിന പദ്ധതി ചെലവ് സേവന ദാതാക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നില്ല. | 1-53 |
| 69 | കുടുംബശ്രീ ജനകീയ ഹോട്ടലിന് വാടക നിശ്ചയിച്ചതിന് ആധികാരികതയില്ല. | 1-54 |
| 70 | വാഹന പരിപാലനം - അപാകതകൾ | 1-55 |
| 71 | അതി ദരിദ്രർക്കും അഗതികൾക്കും പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച | 1-56 |
| 72 | സർക്കാർ ഉത്തരവിനു വിരുദ്ധമായി ദിവസവേതനത്തിൽ ജീവനക്കാരെ നിയമിച്ചു | 1-57 |
| 73 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-58 |

| | | |
|---|---|---|
| 74 | ആറ്റപ്പുറം ചെറുതടം വായനശാല റോഡ് സൈഡ് കെട്ട് - അപാകതകൾ | 1-59 |
| 75 | പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല | 1-60 |
| 76 | പൊതുമരാമത്ത് പദ്ധതികൾ - രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ | 1-61 |
| 77 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല | 1-62 |
| ഭാഗം **2** | | |
| 1 | കോൺക്രീറ്റ് മേൽക്കൂരക്ക് ഇളവ് അനുവദിച്ചു - വസ്തു നികുതി ഇനത്തിൽ നഗരസഭക്ക് നഷ്ടം | 2-1 |
| 2 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയതിൽ കുറവ് | 2-2 |
| 3 | അനധികൃത നിർമ്മാണം ക്രമത്കരിച്ചതിൽ അപാകത. | 2-3 |
| ഭാഗം **3** | | |
| 1 | സ്കൂളുകൾക്ക് പെയിംന്റിംഗ്- ചെയ്യാത്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതും മറ്റപാകതകളും | 3-1 |
| 2 | ബയോഗ്യാസ് പ്ലാന്റ് പദ്ധതി അധിക തുക ചെലവഴിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മുക്കം മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29/07/2023 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുക്കം മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം:

തീയതി:

ജോയിന്റ് ഡയറക്ടർ
കോഴിക്കോട്

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

വാർഷിക കണക്കിൽ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 എൻകാഷ് ചെയ്യാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.**

SBI Municipal Own Fund (2207) ന്റെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം നഗരസഭ നൽകിയതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകൾ, Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നം./തിയ്യതി | തുക |
|---|---|---|
| 1 | 598277/22.11.21 | 2250 |
| 2 | 283517/23.4.22 | 6500 |
| 3 | 283543/26.5.22 | 5000 |

**1-1-3 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ നാളിതുവരെയായി ക്രെഡിറ്റ് ആയിട്ടില്ല**

നഗരസഭയ്ക്ക് ലഭിച്ചതും ബാങ്കിൽ നിക്ഷേപിച്ചതുമായ ചെക്കുകൾ നാളിതുവരെയായി ക്രെഡിറ്റ് ആയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

A) Account No:- SBI Municipal Own Fund (2207)

| ക്രമ നമ്പർ | ചെക്ക് നം./തിയ്യതി | തുക |
|---|---|---|
| 1 | 52143215/27.8.21 | 2500 |
| 2 | 5964822/13.3.17 | 32500 |
| 3 | 132140/27.2.19 | 37830 |

B) Account No:- LGTSB (1073)

| ക്രമ നമ്പർ | ചെക്ക് നം./തിയ്യതി | തുക |
|---|---|---|
| 1 | 5883854/24.9.20 | 17500 |

**1-1-4 ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല**

തൊഴിൽ നികുതി, വാടക, ലൈസൻസ്, പെർമിറ്റ് തുടങ്ങിയ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൻവർഷത്തെ വരവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-5 രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല**

വാർഷികകണക്ക് RP 37 പ്രകാരം Civic Amenities എന്ന ഇനത്തിൽ തൻവർഷ വരവായി 2226064/- രൂപയും കുടിശിക വരവായി 389102/- രൂപയും കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിനെ സാധൂകരിക്കുന്നതിന് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-6 സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

വസ്തുനികുതി വരവിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.**

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

A) ഡെപ്പോസിറ്റ് രജിസ്റ്റർ,

B) അഡ്വാൻസ് രജിസ്റ്റർ

**1-1-8 ഇ. എം. എസ്. ഭവന പദ്ധതി - ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

വാർഷിക കണക്ക് ഷെഡ്യൂൾ B5 പ്രകാരം ഇ. എം. എസ്. ഭവന പദ്ധതി വായ്പയിനത്തിൽ സാമ്പത്തിക വർഷാവസാനം 2148857 രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ ഇതിനെ സാധൂകരിക്കുന്ന തരത്തിൽ ലോൺ രജിസ്റ്ററോ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-9 ലോൺ ഇനത്തിൽ മുൻവർഷാവസാന ബാധ്യതാ തുകയിൽ നിന്നും, 2022-23 വാർഷിക കണക്കിൽ മാറ്റം വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് ബി-5 ഷെഡ്യൂൾ പ്രകാരം ലൈഫ് ഭവന പദ്ധതി ലോണിനത്തിൽ തിരിച്ചടയ്ക്കാനുള്ള തുക 5546668/- രൂപയായിരുന്നു. എന്നാൽ ലോൺ രജിസ്റ്ററിൽ 2021-22 സാമ്പത്തിക വർഷാവസാനത്തിൽ തിരിച്ചടയ്ക്കാനുള്ള തുകയായി 26080000/- രൂപയാണ് കാണിച്ചിരിക്കുന്നത്. 2022-23 വർഷത്തിൽ 2173334/- രൂപ തിരിച്ചടച്ചത് പ്രകാരം തൻവർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ വാർഷിക കണക്ക് ബി-5 ഷെഡ്യൂൾ, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം 23906666/- രൂപയുമാണുള്ളത്. ലോൺ ഇനത്തിൽ മുൻവർഷാവസാന ബാധ്യതാ തുകയിൽ നിന്നും, 2022-23 വാർഷിക കണക്കിൽ മാറ്റം വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-10 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തുനികുതി, തൊഴിൽ നികുതി, വാടക മുതലായ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള മുഴുവൻ വരവുകളുടേയും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത് സാമ്പത്തിക വർഷാവസാനത്തിൽ മാത്രമാണ്.

**1-1-11 വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തുന്നില്ല**

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി, വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും, ഒരു വരവ് രജിസ്റ്ററും പ്രതിമാസം അതത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. കൂടാതെ വർഷാന്ത്യത്തിലും രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി അതത് വരവിനങ്ങളുമായി പൊരുത്തപ്പെടുത്തുന്നില്ല. ഉദാഃ വസ്തുനികുതി, ലൈസൻസ്.

**1-1-12 ജേണൽ വൗച്ചറുകൾക്ക് അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല**

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന തരത്തിൽ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

**1-1-13 ഇ – ടെണ്ടർ ഫോമുകളുടെ വില മുൻസിപ്പൽ ഫണ്ടിൽ അക്കൗണ്ട് ചെയ്തിട്ടില്ല**

ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില മുൻസിപ്പൽ ഫണ്ടിൽ വരവ് വെയ്ക്കാതെ നിലവിൽ ഈ തുക അസിസ്റ്റന്റ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.

**1-1-14 ഗ്രാന്റുകളുടെ നീക്കിയിരിപ്പിലെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല**

വാർഷികകണക്ക് ഷെഡ്യൂൾ ബി-4 പ്രകാരം 1,71,16,308/- രൂപ വിവിധോദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ അവ ഏതിനത്തിൽ ലഭിച്ചുവെന്നും ഓരോയിനത്തിലും എത്ര തുകയുണ്ടെന്നും എത് അക്കൌണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുന്ന എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഗ്രാന്റുകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

**1-1-15 ഓഡിറ്റിൽ കൃത്യത സാക്ഷ്യപെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

**1-2 ബജറ്റ്**

ഓഡിറ്റ് വർഷത്തെ ബജറ്റ് 22.03.22 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 2.8.23 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 41938902 |
| വരവ് | 748697100 |
| ആകെ | 790636002 |
| ചെലവ് | 769929000 |
| നീക്കിയിരിപ്പ് | 20707002 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 34420776 |
| വരവ് | 208721378 |
| ആകെ | 243142154 |
| ചെലവ് | 173765693 |
| നീക്കിയിരിപ്പ് | 69376461 |

**1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)**

1-4ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| വികസന ഫണ്ട്-ജനറൽ | 0 | 38514240 | 38514240 | 32056967 | 6457273 |
| എസ് സി പി | 0 | 23063000 | 23063000 | 19108220 | 3954780 |
| ടി എസ് പി | 0 | 2796706 | 2796706 | 0 | 2796706 |
| മെയിന്റനൻസ്, റോഡ് | 0 | 20702000 | 20702000 | 11101217 | 9600783 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 6990000 | 6990000 | 6935464 | 54536 |
| CFC ഗ്രാന്റ് അൺടൈഡ് (PFMS) | 4240595 | 5270500(garnt)+165728(int) | 9676823 | 8389243 | 1287580 |
| CFC ഗ്രാന്റ്- അൺടൈഡ് (ട്രഷറി ) | 0 | 3069780 | 3069780 | 627825 | 2441955 |
| CFC ഗ്രാന്റ് ടൈഡ് - (PFMS) | 3661584 | 7905500 | 11567084 | 8927802 | 2639282 |
| CFCഗ്രാന്റ് ടൈഡ് - (ട്രഷറി ) | 0 | 2612786 | 2612786 | 0 | 2612786 |

കുറിപ്പ്:-

1) സുലേഖ ചെലവ് പത്രികയിൽ വികസനഫണ്ട് (ജനറൽ) ഇനത്തിലെ ചെലവായി വരേണ്ടിയിരുന്നത് 35763301/- രൂപയായിരുന്നെങ്കിലും (32056967(ACR)+3706334(GO Projects)) ആയതിൽ ചെലവായി കാണിച്ചിരിക്കുന്നത് 34870834/- രൂപ മാത്രമാണ്. യഥാർത്ഥത്തിൽ ചെലവു നടന്ന പല പദ്ധതികളും അവയുടെ ചെലവു വിവരവും സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടാതിരുന്നത് ഇതിന് കാരണമായിട്ടുണ്ടാവാം ഖണ്ഡിക 1-29 കാണുക,

2) നഗരസഭയ്ക്ക് സ.ഉ നം. 1049/23/ധന തി. 143.2.2023 പ്രകാരം വികസനഫണ്ട് (ജനറൽ) ഇനത്തിൽ ലഭിച്ച മൂന്നാം ഗഡു തുകയായ 17244500/- രൂപയിൽ നിന്നും അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനുള്ള തുക ( 511000/- രൂപ), ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (1086667/- രൂപ) എന്നിവ കുറവ് ചെയ്തതിന് പുറമെ എസ്.സി.പി/ടി.എസ്.പി എന്നിവയിലേക്ക് പുന:ക്രമീകരിച്ച തുകയും (2796706/-), തനത് വരുമാനത്തിന്റെ 90% പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ട് (ജനറൽ) വിഭാഗത്തിന്റെ അലോട്ട്മെന്റിൽ നിന്നും 1% കുറവ് വരുത്തുമെന്ന സർക്കാർ ഉത്തരവ് (179/2022/ധന തിയ്യതി. 18.10.2022) പ്രകാരമുള്ള 454720/- രൂപയും കുറവ് ചെയ്തിട്ടുണ്ട്. വികസനഫണ്ടിൽ ലഭിക്കേണ്ട 3251426/- രൂപ ( 2796706+ 454720) ഇത്തരത്തിൽ നഗരസഭയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

3) 2011 ലെ സെൻസസിനെ ആധാരമാക്കിക്കൊണ്ടുള്ള, 2022-23 പദ്ധതി രേഖ, 2017-22 കരട് വികസന രേഖ എന്നിവ പ്രകാരം നഗരസഭയിൽ എസ്.ടി വിഭാഗത്തിലുള്ള 43 ആളുകളുണ്ട് (വനിത-20, പുരുഷൻ-23). ടി.എസ്.പി ഇനത്തിൽ നഗരസഭയ്ക്ക് ഫണ്ടുകളൊന്നും തന്നെ ലഭിച്ചിട്ടില്ല. 10.08.2022 ലെ 9/9 നമ്പർ ഭരണസമിതി തീരുമാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ടി.എസ്.പി ഫണ്ടിനത്തിൽ

15ലക്ഷം രൂപ അനുവദിച്ച് നൽകുവാൻ സർക്കാറിലേക്ക് അപേക്ഷിക്കുവാൻ (ഫയൽ നം. A2/7893/22) തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഫയലുകളോ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ തുടർനടപടികൾ വിവരങ്ങൾ അറിയിക്കുകയോ ചെയ്തിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ACR പ്രകാരം 2022-23 വർഷത്തിൽ സ.ഉ.നം 1049/23/ധന.തീ. 13/02/2023 പ്രകാരം 2796706/- രൂപ അലോട്ട്മെന്റ് ലഭിച്ചതായി കാണുന്നു. എന്നാൽ ഇതിൽ നിന്നും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വർഷാവസാനത്തിൽ മാത്രമാണ് ലഭിച്ചതെന്നും ആയതിനാൽ തന്നെ ചെലവഴിക്കൽ സാധിച്ചിട്ടില്ലെന്നാണ് അക്കൗണ്ടന്റ് അറിയിച്ചിട്ടുള്ളത്.

4) എ.സി.ആർ പ്രകാരം CFC ടൈഡ്, അൺടൈഡ് ഗ്രാന്റുകളുടെ ഇനം തിരിച്ചുള്ള നീക്കിയിരിപ്പ് തുകകൾ, യഥാക്രമം 2639282/-രൂപ, 1287580/- രൂപ എന്നിങ്ങനെയാണ്. എന്നാൽ വാർഷിക കണക്കിലെ ബി-4 ഷെഡ്യൂൾ പ്രകാരം ഇത് യഥാക്രമം 38790123 രൂപയും , 47850/-രൂപയുമാണ്. എ.സി.ആർ പ്രകാരവും, വാർഷിക കണക്ക് ബി.4 ഷെഡ്യൂൾ പ്രകാരമുള്ള CFC ഗ്രാന്റിന്റെ ഇനം തിരിച്ചുള്ള നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-5 ഗ്രാന്റ് വിനിയോഗം

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ, എസ്.സി.പി), മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 204838857 | 43836951 |
| വികസനഫണ്ട് (എസ്.സി.പി) | 114863000 | 22144000 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 21331309 | 8161795 |

ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിശദ വിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പദ്ധതി ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 445 | 295 | 13 | 137 | 259483938 | 122243169 | 47.1% |

ഡി.പി.സി. അഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 295 എണ്ണം മുഴുവനായും 13 എണ്ണം ഭാഗികമായും നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 259483938/- രൂപ വകയിരുത്തിയതിൽ 122243169/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അടങ്കൽ തുകയുടെ 47.1% ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികൾ മറ്റ് വിഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുന്നവയാണ്. ഖണ്ഡിക 1-46 കാണുക. കൂടാതെ തുക ചെലവഴിക്കപ്പെട്ട എല്ലാ പ്രോജക്ടുകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഖണ്ഡിക 1-29 കാണുക. നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക പദ്ധതികളുടെ 40% ചെലവും നടന്നത് മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾക്കായാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രോജക്ടുകളുടെ ബാഹുല്യം പ്രോജക്ടുകളുടെ ഫലപ്രദമായ മേൽനോട്ടത്തിന് തടസ്സമാകുന്നുണ്ട്. പദ്ധതികളുടെ നിർവ്വഹണസമയം സാങ്കേതിക വിഭാഗത്തിന് എല്ലാ സൈറ്റുകളിലും മുഴുവൻ സമയം മേൽനോട്ടം സാധ്യമാകുന്നില്ല. ഇത് പ്രവൃത്തികളുടെ ഗുണനിലവാര കുറവിന് കാരണമാകുന്നു. പ്രോജക്ടുകളുടെ ബാഹുല്യം പ്രവൃത്തി നിർവ്വഹണം വൈകുന്നതിനും അതതു വർഷത്തേയ്ക്ക് ലഭിച്ച ഫണ്ടുകളുടെ പാഴാക്കലിന് കാരണമാകുകയും ചെയ്യുന്നു. ഈ പ്രവൃത്തികളുടെ ചെലവു തുകയ്ക്ക് തുടർവർഷത്തെ ഫണ്ട് വിനിയോഗിക്കേണ്ടി വരുന്നത് തുടർവർഷത്തെ വികസന പ്രവർത്തനങ്ങളേയും ദോഷകരമായി ബാധിക്കുന്നു. ഇതുസംബന്ധിച്ച വിശദാംശങ്ങൾക്കായി ഖ-1-61 കാണുക. ഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായി നഗരസഭയുടെ ഹെൽത്ത് വിഭാഗം നിർവ്വഹിച്ച പദ്ധതികളിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതിൽ അപാകതകൾ ക-1-36 പ്രകാരം വിശദമാക്കിയിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റിന്റെ ശുചിത്വ മിഷൻ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് പ്രകാരമല്ലാതെ തുക ചെലവ് ചെയ്തതിനാൽ 1665510 രൂപ നഗരസഭ അധികമായി ചെലവ് ചെയ്തിട്ടുണ്ട് (ഖ-1-28 കാണുക). നഗരസഭ കെട്ടിട സമുച്ചയത്തിന്റെ മാസ്റ്റർ പ്ലാൻ ,സി.എച്ച്.സി യുടെ മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനായി തുക ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഇപ്രകാരം എല്ലാ മേഖലകളിലും പദ്ധതി രൂപീകരിച്ച് നടപ്പാക്കിയതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഭാഗം-1,3 എന്നിവ കാണുക.

## 1-7 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല.

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ നഗരസഭയുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

6-12-2022 ലെ എ3-10159/19 ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിവിധ സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിവരാവകാശ നിയമ പ്രകാരം മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവരാവകാശ നിയമം പ്രകാരം വരുന്ന തപാലുകൾ രജിസ്റ്ററിൽ രേഖപ്പെടുത്താതെ തന്നെ സെക്ഷനുകൾക്ക് നൽകുന്ന പതിവാണുള്ളത്. ആയതിനാൽ തൻവർഷം ഇപ്രകാരം വന്ന തപാലുകൾ, ഫയലുകൾ എന്നിവ ഏതൊക്കെയാണെന്ന് പരിശോധിക്കാനായിട്ടില്ല. 2022-23 ൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, പെർമിറ്റ് തുടങ്ങിയ ഡിമാന്റ്

രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി, വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും, ഒരു വരവ് രജിസ്റ്ററും പ്രതിമാസം അതത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. കൂടാതെ വർഷാന്ത്യത്തിലും രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി അതത് വരവിനങ്ങളുമായി പൊരുത്തപ്പെടുത്തുന്നില്ല. ഉദാ: വസ്തുനികുതി, ലൈസൻസ്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നഗരസഭ കൈകാര്യം ചെയ്യുന്ന കേസുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട സ്യൂട്ട് രജിസ്റ്റർ പൂർണ്ണമല്ല. കേസുകളുടെ പൂർണ്ണ വിവരം ഇതിൽ നിന്നും ലഭ്യമല്ല. മുനിസിപ്പാലിറ്റിയിൽ ജീവനക്കാർ സ്ഥലം മാറി പോവുകയും പുതിയ ആളുകൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്യുമ്പോൾ ബന്ധപ്പെട്ട സെക്ഷനുകളിലെ ഫയലുകൾ സഹിതം ചാർജ്ജ് കൈമാറുന്നില്ല. ഇത് പുതുതായി ചാർജ്ജെടുക്കുന്ന സെക്ഷനുകൾക്ക് ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും ഫയലുകളിൽ തുടർന്നുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതിനും അനാവശ്യ കാലതാമസം വരുത്തുന്നു. ഫയലുകളുടെ സുരക്ഷിതമായ സൂക്ഷിപ്പ് ഉറപ്പു വരുത്തുന്നില്ല. ആയതിനാൽ ഓഡിറ്റ് കാലയളവിലെ ഫയലുകൾ പോലും കണ്ടെത്താൻ കാല താമസം സൃഷ്ടിക്കുന്ന അവസ്ഥയാണുള്ളത്. ഇത് സൂപ്പർവൈസറി തലത്തിലുള്ള പോരായ്മയെയാണ് ചൂണ്ടിക്കാണിക്കുന്നത്. നികുതി പിരിച്ചെടുക്കാൻ മുനിസിപ്പാലിറ്റി ആക്ടിൽ കൃത്യമായ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ അനേകം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിക്കുകയോ ചെയ്തിട്ടില്ല. വസ്തു നികുതി പോലുള്ള വിവിധയിനം വരവുകളുടെ കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ പുരോഗതി ഇല്ലാത്തത് വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയെയാണ് കാണിക്കുന്നത്. ഇത് ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മയാണ്.

തൻവർഷം അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയതിൽ കോടിക്കണക്കിന് രൂപ നഗരസഭയ്ക്ക് നഷ്ടമായിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഖ. 1-18 കാണുക. അനധികൃത നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും ക്രമവത്കരിക്കുകയോ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്പെടുത്തുന്നതും എന്നാൽ നിർമ്മാണം ക്രമവത്കരിക്കാത്തതും അനധികൃത നമ്പർ പതിക്കാത്തതുമായ കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിക്കുന്നതിനോ നഗരസഭക്ക് സാധിച്ചിട്ടില്ല. വിശദാംശങ്ങൾക്കായി ഖ. 1-26 കാണുക. നഗരസഭയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മുൻകാല ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നഗരസഭയുടെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല. 1999-2000 മുതൽ 2022-23 വരെ വിവിധ റിപ്പോർട്ടുകളിലായി 239 പരാമർശങ്ങൾ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നു. മേല്പറഞ്ഞവ കൂടാതെ മുൻ റിപ്പോർട്ടുകളിലും ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിലെ വിവിധ പോരായ്മകൾ ചൂണ്ടിക്കാട്ടിയിരുന്നു. ഇവയിൽ മിക്കതും പരിഹരിക്കപ്പെട്ടിട്ടില്ലെന്ന കാര്യം പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു.

പോരായ്മകൾ സംബന്ധിച്ച സ്ഥാപനത്തിന്റെ നിരീക്ഷണവും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-8 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-01-2024 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8108/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

**1-9 ക്ഷേമ പദ്ധതികൾ**

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 545 | 6483800 |
| വിധവാപെൻഷൻ | 1492 | 16592900 |
| വാർദ്ധക്യകാലപെൻഷൻ | 2693 | 27663800 |
| 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 118 | 1342600 |
| വികലാംഗപെൻഷൻ | 545 | 5039800 |
| വിവാഹ ധനസഹായം | 23 | 300000 |

**1-10 തനത് വരുമാനം - ഡിമാന്റ് പൂർണ്ണമല്ല.**

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് നഗരസഭകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം നഗരസഭകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് പ്രധാന തനതു വരുമാന സ്രോതസ്സുകൾ. ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി (ട്രഷറി / ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

സ്ഥാപനത്തിന്റെ വരുമാന സ്രോതസ്സുകൾ പൂർണ്ണമായി പിരിച്ചെടുക്കുന്ന സമീപനം ഉണ്ടാവേണ്ടതുണ്ട്. ഡിമാന്റ് പൂർണ്ണമാക്കുന്ന നടപടികൾക്കാണ് മുൻതൂക്കം നൽകേണ്ടത്.

**വസ്തു നികുതി**

വസ്തുനികുതി മുഖേനയാണ് നഗരസഭക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. മുക്കം നഗരസഭയിലെ വസ്തുനികുതി ഡിമാന്റ് പൂർണ്ണമല്ലെന്നും വസ്തുനികുതി നിർണ്ണയത്തിൽ അപാകതകളുണ്ടെന്നും ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അപാകത മൂലം സ്ഥാപനത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം**

05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണ സമിതിയുടെ 17.05.2023 ലെ 5 നമ്പർ തീരുമാന പ്രകാരം പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തുനികതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക (1) ൽ നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസും 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകുകയും ചെയ്തിട്ടില്ല.

ഫീൽഡ്തല പരിശോധനകൾ

2019 ലെ കേരള മുനിസിപ്പാലിറ്റി (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം, ഒക്യുപൻസി നൽകിയ കെട്ടിടങ്ങൾ, ചട്ടത്തിൽ പറഞ്ഞ ചെറിയ കെട്ടിടങ്ങളുടെ കാര്യത്തിലൊഴികെ, ഒക്യുപൻസി നൽകിയ തീയതി മുതൽ 2 വർഷത്തിനകം സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 22 പ്രകാരം 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് ഈ കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതുമാണ്. പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച മൂലം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭക്ക് സാധിച്ചിട്ടില്ല.

**GIS മാപ്പിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചില്ല.**

റോഡുകൾ ഉൾപ്പെടെയുള്ള നഗരസഭാ ആസ്തികളും സ്വകാര്യകെട്ടിടങ്ങളും സർവ്വേ നടത്തി അളന്ന് തിട്ടപ്പെടുത്തുന്നതിനും GIS അധിഷ്ഠിത സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുമായി നഗരസഭ ആരംഭിച്ച ദൃഷ്ടി എന്ന പദ്ധതി ഓഡിറ്റ് തിയ്യതിവരെയും പൂർത്തീകരിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിയിരുന്ന മേൽ പദ്ധതി ബഹുവർഷ പ്രൊജക്ടെന്ന നിലയിലാണ് നഗരസഭ ആസൂത്രണം ചെയ്തിട്ടുള്ളത്.

22.03.2023 ലെ സ.ഉ (സാധാ) 77/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം 30.06.2023 തിയ്യതിക്കകം ഫീൽഡ് തല പരിശോധനകൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

റോഡുകളുടെ വിജ്ഞാപനം - വിശദാംശങ്ങൾ ലഭ്യമല്ല

വസ്തുനികുതി പരിഷ്കരണ വിജ്ഞാപനത്തിന്റെ ഭാഗമായി റോഡുകൾ വിജ്ഞാപനം ചെയ്യുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിനെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയ്യതി വരെയും ആയത് വിജ്ഞാപനം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

**മേഖലകളെ തരം തിരിച്ചതിൽ അപാകത**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ, ചട്ടം 6 പ്രകാരമുള്ള ഒന്നാം നമ്പറായുള്ള പട്ടികയിൽ നിർദ്ദേശിച്ച പ്രകാരമാണ് നഗരസഭാ പ്രദേശത്തെ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നീ മേഖലകളായി തരം തിരിക്കേണ്ടത്. ആയതിൽ ദ്വിതീയ മേഖലക്ക് 10 ശതമാനവും തൃതീയ മേഖലയിലുള്ള കെട്ടിടങ്ങൾക്ക് 20 ശതമാനവും ഇളവിന് അർഹതയുണ്ട്. പ്രദേശത്തിന്റെ വികസനത്തിന്റെയും ലഭ്യമാകുന്ന സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ വേണം മേഖലകളെ തരം തിരിക്കാൻ. എന്നാൽ മേൽ മാനദണ്ഡങ്ങൾ പാലിച്ചല്ല മേഖലകൾ

വിജ്ഞാപനം ചെയ്തിട്ടുള്ളത്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന KMCT സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പ്രദേശം നഗരസഭയിലെ പ്രധാന വികസിത മേഖലകളാണ്. എന്നാൽ 8 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ ഇരുവശത്തുമുള്ള 120 മീറ്ററിനുള്ളിൽ വരുന്ന മേഖലകളെ മാത്രമാണ് നഗരസഭ പ്രാഥമിക മേഖലയായി വിജ്ഞാപനം ചെയ്തിട്ടുള്ളത്.

ദ്വിതീയ മേഖലകളായി വിജ്ഞാപനം ചെയ്തിട്ടുള്ളത് 6 മീറ്ററിനും 8 മീറ്ററിനും ഇടയിലുള്ള റോഡുകളുടെ 150 മീറ്റർ ചുറ്റളവിലുള്ള പ്രദേശമാണ്. എന്നാൽ ഈ റോഡുകൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ**

വസ്തുനികുതി നിർണ്ണയത്തിൽ തെറ്റായ നടപടികൾ സ്വീകരിക്കുന്നത് മൂലവും ഉപയോഗക്രമത്തിനനുസൃതമായി നികുതി നിർണ്ണയിക്കാത്തത് മൂലവും സ്ഥാപനത്തിന് നികുതി നഷ്ടമുണ്ടാകുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തുന്നില്ല.**

250 ച. മീ മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിടേതര കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകുന്ന സാഹചര്യത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഓരോ മുറിയുടെയും വിസ്തീർണ്ണം 250 ച. മീ താഴെയാണെന്ന കാരണത്താൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നു.

**മേഖലകൾ രേഖപ്പെടുത്തുന്നതിലെ അപാകത**

ഒരേ പ്ലോട്ടിൽ രണ്ട് മേഖലകൾ രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. KMCT മെഡിക്കൽ കോളേജ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയ കെട്ടിടമാണെങ്കിലും മെഡിക്കൽ കോളേജിനുള്ളിൽ സ്ഥിതി ചെയ്യുന്ന കാന്റീൻ കെട്ടിടം (24/80-I ) ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% കിഴിവ് വരുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

**വസ്തുനികുതി ഡിമാന്റിൽ അവ്യക്തത**

2021-22 വർഷത്തിലെ സ്ഥാപനത്തിന്റെ വസ്തുനികുതി ഇനത്തിലുള്ള ഡിമാന്റ് തുക 29570771 രൂപയായിരുന്നത് 2022-23 വർഷത്തിൽ 29683111 രൂപയായാണ് വർദ്ധിച്ചിട്ടുള്ളത്. 400 ൽ ഏറെ പുതിയ കെട്ടിടങ്ങൾക്ക് ( കൃത്യമായ എണ്ണം ലഭ്യമല്ല ) 2022-23 വർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ സാഹചര്യത്തിലും 112340 രൂപയുടെ വർദ്ധനവ് മാത്രമെ വസ്തുനികുതിയിലുണ്ടായിട്ടുള്ളൂ. (0.38 % മാത്രം ). ആയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

**അനർഹമായി ഇളവിന് ശുപാർശ ചെയ്തു.**

നഗരസഭാ പരിധിയിലെ 14/989, 14/989 A, 14/989 B നമ്പർ കെട്ടിടങ്ങൾക്ക് ( ശ്രീറാം ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടം ) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20 % വർദ്ധനവ് ഒഴിവാക്കി നൽകുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ. പി. സുരേഷ് ബാബു സംസ്ഥാനപാതയിൽ നിന്നും പ്രവേശനം നേരിട്ടല്ലാത്തതിനാൽ ഇളവ് മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ( ഫയൽ നം. A9/8839/21). സൈറ്റ് പരിശോധിച്ചതിൽ സംസ്ഥാന പാതയിൽ നിന്നും കെട്ടിടത്തിലേക്കുള്ള (ഉദ്ദേശം 10 മീറ്റർ ) പ്രവേശന മാർഗ്ഗത്തിന്റെ വീതി 4 മീറ്റർ എന്ന് രേഖപ്പെടുത്തിയാണ് റവന്യൂ ഇൻസ്പെക്ടർ കിഴിവ് അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളത്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പട്ടിക 2 ലെ കുറിപ്പ് 2 ൽ ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്നും പത്ത് മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതു നടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ ആദ്യം പറഞ്ഞ പ്രകാരമുള്ള റോഡിൽ നിന്നും കെട്ടിടത്തിലേക്ക് വഴി

സൗകര്യം ഉള്ളതായി കണക്കാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പ്രവേശനമാർഗ്ഗം കെട്ടിടത്തിന്റെ ഭാഗമാണെന്നതും ടി വഴി സംസ്ഥാനപാതയിലേക്ക് തുറക്കുന്നതാണെന്നതും പരിഗണിക്കാതെയാണ് ഇളവിന് ശുപാർശ ചെയ്യുകയും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുള്ളത്. ചിത്രം ചുവടെ ചേർക്കുന്നു.




മേൽ നടപടി പുന:പരിശോധിക്കേണ്ടതാണ്.

<u>**വസ്തുനികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക.**</u>

31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 21202466 രൂപയാണ് വസ്തുനികുതി കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനുള്ളത്. പ്രസ്തുത തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നഗരസഭ കർമ്മപദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

<u>**ഓഡിറ്റിൽ ചൂണ്ടി കാണിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനപരിശോധിച്ചില്ല.**</u>

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പുന:പരിശോധിക്കുന്നതിന് പോലും നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല. ഉദാ - 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ച മുക്കം മാളിന്റെ വസ്തുനികുതി ഓഡിറ്റ് തിയ്യതി വരെയും പുന:പരിശോധിച്ചിട്ടില്ല.

<u>**സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ**</u>

- വസ്തുനികുതി ഇനത്തിലെ രണ്ട് കോടിയലധികം വരുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
- വസ്തുനികുതി പരിഷ്കരണ നടപടികൾ നിർവ്വഹണ കലണ്ടർ തയ്യാറാക്കി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.
- ദൃഷ്ടി ( ഫീൽഡ് തല സർവ്വേ ) പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഫോറം 6 ഡിജിറ്റൽ സൈൻ ചെയ്തു എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.
- തെറ്റായ നിരക്കിലും അനർഹമായി ഇളവ് നൽകിയും വസ്തുനികുതി നിർണ്ണയം നടത്തിയ

കെട്ടിടങ്ങളുടെ വസ്തുനികുതി പുന:പരിശോധിക്കേണ്ടതാണ്.

- കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും തെറ്റായി രേഖപ്പെടുത്തിയത് മൂലം വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. തക്കതായ കാരണങ്ങളില്ലാതെ ചട്ടവിരുദ്ധമായി ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുമ്പോൾ ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഒരോ കെട്ടിട നമ്പറിനും ബാധകമായ വിസ്തീർണ്ണത്തിനനുസരിച്ചാണ് ഉപയോഗക്രമവും നികുതി നിരക്കും നിശ്ചയിക്കുന്നത്. പ്രായോഗിക പ്രശ്നങ്ങളെ മുൻനിർത്തി ഇപ്രകാരം ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുമ്പോൾ ഉപയോഗക്രമം മുഴുവൻ കെട്ടിടത്തിന് ബാധകമായ രീതിയിൽ കണക്കാക്കി സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
- വസ്തുനികുതി ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തിയത് സംബന്ധിച്ച് പൊതുജനങ്ങളിൽ വ്യാപകമായ പ്രചരണം/ബോധവത്കരണം നടത്തേണ്ടതും നിലവിൽ വസ്തുനികുതി പിരിവിന് ഉപയോഗപ്പെടുത്തുന്ന മനുഷ്യശേഷി കുറച്ച് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**സേവന ഉപനികുതി**

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ നഗരസഭ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ നഗരസഭയിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല. സേവന നികുതി ചുമത്തുന്നതിന്റെ സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

**തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, നഗരസഭ പരിധിയിലുള്ള റേഷൻ വ്യാപാരികൾ , സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രൊഫഷണലുകൾ, റേഷൻ കടകൾ, ഒഡിറ്റോറിയം, എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച വിവരവ്യൂഹം തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

**നികുതി ഈടാക്കുന്നത് വരുമാനം നിർണ്ണയിക്കാതെ**

സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച റിട്ടേണുകളിലെ വിവരങ്ങളുടെ കൃത്യത പരിശോധിക്കാതെയാണ് സെക്രട്ടറി ഡിമാന്റ് തുക നിർണ്ണയിക്കുന്നത്.

വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഈടാക്കുന്നതിലും ഒരാൾ മാത്രമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കുമ്പോഴും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെയല്ല. തൊഴിൽ നികുതി ചട്ടങ്ങളുടെ അനുബന്ധമായുള്ള ഫോറം 2 ൽ റിട്ടേൺ വാങ്ങിയാണ് നികുതി ഈടാക്കേണ്ടിയിരുന്നതെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. നിലവിൽ നികുതി എപ്രകാരം നിശ്ചയിക്കപ്പെടുന്നു എന്ന് വ്യക്തമല്ല. നികുതി നഷ്ടത്തിലേക്ക് നയിക്കാനുള്ള സാഹചര്യം ഇതുമൂലമുണ്ടായിട്ടുണ്ട്.

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു

പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള മുനിസിപ്പാലിറ്റി ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (വകുപ്പ് 245 , ചട്ടം 13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമ നം. 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

4. സ്ഥാപനങ്ങളേയും വ്യക്തികളേയും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന പക്ഷം ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിലൂടെ ഫീൽഡ് തല ജിവനക്കാരുടെ മനുഷ്യശേഷി ലാഭിക്കാൻ സാധിക്കും. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇത് മൂലം ഡിമാന്റിന്റെ പൂർണ്ണത ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ അപാകതകൾക്ക് കാരണമായി. നികുതി വലയം വിപുലമാക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ കമ്മിറ്റി നല്കിയിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.

<u>വ്യാപാര ലൈസൻസ് ഡിമാന്റ് പൂർണ്ണമാക്കിയില്ല.</u>

വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. നഗരസഭ പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ).

മേൽ സ്വഭാവമുള്ള അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്തിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഫീൽഡ് തല ചുമതല നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ മനുഷ്യശേഷിയുടെ പരമാവധി ഫീൽഡ് തല ചുമതലകൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.
- ഫീൽഡ് തല പരിശോധനയിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും നഗരസഭ പരിധിയിലെ കെട്ടിടങ്ങളെ കേന്ദ്രീകരിച്ചും സ്ഥലം ഉപയോഗപ്പെടുത്തിയും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

<u>വാടക</u>

കെട്ടിടം വാടകക്ക് നൽകുന്നത് സംബന്ധിച്ചും ഉപയോഗിക്കുന്നത് സംബന്ധിച്ചും വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ ചമച്ച് അംഗീകാരം വാങ്ങിയിട്ടില്ല. വാടകക്കാരുമായി കരാർ ചമക്കുന്നതിലുള്ള വീഴ്ച മൂലം നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. വിശദാംശം 1-11, 1-12 ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂസർ ചാർജ്ജ്, ക്ലീനിംഗ് ചാർജ്ജ് എന്നിവ നിശ്ചയിക്കുന്നതിലെ വീഴ്ച മൂലം വരവിനേക്കാൾ കൂടുതൽ ചെലവുണ്ടാകുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്.

**പുഴ പുറമ്പോക്കുകളുടെ സംരക്ഷണം**

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇരവഴഞ്ഞിപുഴയുടെ തീരങ്ങളിൽ നഗരസഭക്ക് പുഴ പുറമ്പോക്കുകൾ ഉണ്ടായിരിക്കാനുള്ള സാധ്യത ചൂണ്ടിക്കാണിക്കുകയും ആയത് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ പരിശോധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പ്രാഥമികമായി ഇത്തരത്തിലുള്ള ആസ്തികൾ നഗരസഭ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വില്ലേജ് ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തി പരിശോധിക്കേണ്ടതും പുറമ്പോക്കുകൾ ഉള്ള പക്ഷം ആസ്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആസ്തി പ്രയോജനപ്പെടുത്തി വരുമാനം ആർജ്ജിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

**മറ്റുള്ളവ**

നഗരസഭത്തിന്റെ അധീനതയിലുള്ള ഭൂമിയിലെ (ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ) ഫലവൃക്ഷങ്ങൾ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വരുമാന നഷ്ടമുണ്ടാകാനിടയുണ്ട്.

നികുതി നൽകാൻ ബാധ്യസ്ഥരായവരെല്ലാം നികുതി നൽകിയെന്ന് ഉറപ്പ് വരുത്തണമെങ്കിൽ നികുതിദായകരുടെ പൂർണ്ണമായ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. ഈ ലിസ്റ്റ് തുടർച്ചയായി പുതുക്കുകയും വേണം. ആയതിലേക്ക് പിരിവിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തണം.

തൊഴിൽ നികുതി സംബന്ധിച്ച ലിസ്റ്റ് സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ലൈസൻസ്/രജിസ്ട്രേഷൻ/പെർമിറ്റ് എടുക്കാൻ ബാധ്യസ്ഥരായവർ അവ യഥാസമയം എടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അർപ്പിതമായ ബാധ്യത നിറവേറ്റുന്നതിനും ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതിരിക്കുന്നതിനും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുകയും ലിസ്റ്റ് പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വേണം.

## 1-11 നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ അപാകത

നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങളിൽ സംഭവിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1. മുക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളായ പഴയ ബസ് സ്റ്റാന്റിലെ നഗരസഭ വക കെട്ടിടം, ഇ.എം.എസ് ഷോപ്പിങ്ങ് കോംപ്ലക്സ്, ആലിൻചുവടിലെ നഗരസഭ വക കെട്ടിടം എന്നിവയിലെ മുറികൾ ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടുണ്ട്. വാടക സംബന്ധിച്ച പ്രസ്തുത ബൈലോ 13.12.2022 തിയ്യതിയിലെ 43ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും അംഗീകരിച്ച ബൈലോ സർക്കാരിലേക്ക് അംഗീകാരത്തിനായി 4.1.2023 ലെ ആർ 3-11831/22 നമ്പർ കത്ത് പ്രകാരം അയച്ചതായും കാണുന്നു. എന്നാൽ നാളിതുവരെ സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല.

2. 2022-23 വർഷം മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 1/1500 A 50 നമ്പർ മുറി ശ്രീ. അരവിന്ദൻ എന്നവർക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മുറി വാടകയ്ക്ക് നൽകിയതിന്റെ എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാടക എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ 1/1500 A 48, 14/1647 (എസ്. സി സംവരണം),

14/1615, 14/1638 നമ്പർ മുറികൾ നിലവിലും ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഇത് ലേലം നടത്തി വാടകയ്ക്ക് നൽകിയതായി കാണുന്നില്ല. എല്ലാ മുറികളും വാടകയ്ക്ക് നൽകാത്തതിന് മറുപടി നൽകേണ്ടതാണ്.

ക്രമ നമ്പർ 1 പ്രകാരമുള്ള ബൈലോ സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കേണ്ടതും ക്രമ നമ്പർ 2 പ്രകാരമുള്ള വാടക എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ എല്ലാ മുറികളും വാടകയ്ക്ക് നൽകി അറിയിക്കേണ്ടതുമാണ്.

## 1-12 ഇ.എം.എസ് ഹാൾ വാടക - വരുമാനത്തേക്കാൾ കൂടുതൽ ചെലവ്

മുക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഇ.എം.എസ് ഹാൾ വാടകയ്ക്ക് നൽകി വരുന്നുണ്ട്. 2022-23 വർഷം ഇ.എം.എസ് ഹാൾ ബുക്കിങ്ങ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ദിവസങ്ങളിൽ ആണ് ഹാൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്.

| മാസം | ദിവസം | വാടക |
|---|---|---|
| മെയ് | 7.5.22, 14.5.22, 28.5.22 | 2230+2230+2230=6690 |
| ജൂൺ | 14.6.22, 12.6.22 | 2230+5294=7524 |
| ജൂലൈ | - | 0 |
| ആഗസ്റ്റ് | - | 0 |
| സെപ്റ്റംബർ | 11.9.22, 4.9.22 | 2230+2230=4460 |
| ഒക്ടോബർ | 29.10.22 | 2230 |
| നവംബർ | 6.11.22 | 5294 |
| ഡിസംബർ | 4.12.22, 24.12.22, 30.12.22, 31.12.22 | 2230+2230+2230+5294=11984 |
| ജനുവരി | 14.1.23 | 2230 |
| ഫെബ്രുവരി | 18.2.23, 19.2.23 | 10588 |
| മാർച്ച് | 21.3.23, 29.3.23 | 8490+2230=10720 |
| | ആകെ വാടക | 61720 |

2022-23 വർഷം വാടക (Other Fee+GST) ഉൾപ്പെടെ ആകെ വരവ് 61720 /- രൂപ മാത്രമാണ്. എന്നാൽ പ്രസ്തുത ഓഡിറ്റോറിയം ക്ലീനിങ്ങ് വകയിലെ വേതനം അനുവദിക്കുന്നതിനുള്ള ഫയൽ നമ്പർ R1-1639/19 പ്രകാരം ഇ.എം.എസ് ഹാൾ ക്ലീനിംങ്ങ് ചാർജ് ഇനത്തിൽ പ്രതിമാസം 8000 രൂപ വീതം നൽകി വരുന്നുണ്ട്. തൻ വർഷം ആകെ 96000/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. മേൽ രജിസ്റ്റർ പ്രകാരം 2022-23 വർഷം ആകെ 18 തവണ മാത്രമാണ് ഹാൾ ബുക്ക് ചെയ്തിട്ടുള്ളത്. ഹാൾ വാടകയ്ക്ക് നൽകുന്നതിൽ നിന്ന് ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതൽ ക്ലീനിങ്ങിനുള്ള ചെലവ് വരുന്നുണ്ട്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഹാൾ വാടകയ്ക്ക് നൽകിയിട്ടില്ലെങ്കിലും ക്ലീനിങ്ങിന് തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച് നിബന്ധനകൾ, ക്ലീനിങ്ങ് ചാർജ് യൂസറിൽ നിന്നും ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കുന്നതിലെ വീഴ്ചയാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാടക ഇനത്തിലുള്ള വരവിനേക്കാൾ ക്ലീനിങ്ങിന് തുക ചെലവഴിച്ചതിനും ഉപയോഗിക്കാതിരിക്കുന്ന മാസങ്ങളിൽ ക്ലീനിങ്ങ് ചാർജ് നൽകിയതിനും വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും മേൽ പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങി അറിയിക്കേണ്ടതും വാടക നിരക്ക് കാലാനുസൃതമായി പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-13 സി.എച്ച്.സി മരം ലേലം - തുക അടവാക്കിയില്ല**

ഫയൽ നമ്പർ H1/511/22

മുക്കം സി.എച്ച്.സി കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് വേണ്ടി 24.8.2022 ന് നടത്തിയ പുനർലേലത്തിൽ 1,35,500/- രൂപക്ക് ലേലം വിളിച്ച ശ്രീ. അഖിൽ. ഇ യ്ക്ക് ലേലം ഉറപ്പിക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ 13.12.2022 ലെ 43 ാം നമ്പർ പ്രകാരം തീരുമാനിക്കുകയും 30.12.2022 ലെ ആർ.3/എച്ച്1-511/22 നമ്പർ കത്ത് പ്രകാരം തുക ഒടുക്കുന്നതിനും മരങ്ങൾ മുറിച്ച് മാറ്റുന്നതിനും കത്ത് നൽകിയതായും കാണുന്നു. പ്രസ്തുത കത്ത് പ്രകാരം വനവികസന നികുതി ഇനത്തിൽ 6775/- രൂപ അടച്ചതിന്റെ ചലാൻ ഹാജരാക്കുന്നതിനും ലേലത്തുകയായ 1,35,500/- രൂപയും ജി.എസ്.ടി 24,650 രൂപയും വീതം 10.1.2023 ന് മുമ്പായി നഗരസഭയിൽ ഒടുക്ക് വരുത്തി രസീത് കൈപ്പറ്റേണ്ടതുമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക ഒടുക്കിയതായോ മരങ്ങൾ മുറിച്ച് മാറ്റിയതായോ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.
ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**1-14 വാഹന ലേലം - വരവിന്റെ കൃത്യത ഉറപ്പാക്കാനായില്ല.**

ഫയൽ നമ്പർ R1-H1/1732/22

മുക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL 57 2252 ബൊലേറോ വാഹനം 6.5.2022 ന് ലേലം ചെയ്തതിൽ ഉയർന്ന ലേലതുക ക്വാട്ട് ചെയ്ത ശ്രീ. ടി. എം. ഹംസയുടെ 86500 രൂപയുടെ ലേലം 11.5.2022 ന് 7/7 തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഇത് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഫയൽ ഹാജരാക്കിയിട്ടില്ല. ഫയൽ ലഭ്യമാക്കാത്തതിനാൽ പഴയ വാഹനത്തിന്റെ വാല്വേഷൻ, ലേല നടപടിക്രമങ്ങളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലേല ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-15 തൊഴിൽ നികുതി - അപാകതകൾ**

1994 ലെ മുനിസിപ്പാലിറ്റി ആക്ട് 245 ാം വകുപ്പ്, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

**1. നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245- ാം വകുപ്പ് പ്രകാരം ഓരോ നഗരസഭാ പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഓരോ സ്ഥാപനങ്ങളുടേയും, ആകെ 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സിന്റെ ഡിമാന്റ് രജിസ്റ്ററിൽ 33 വാർഡുകളിലായി ആകെ 1489 സ്ഥാപനങ്ങളാണ് ഉള്ളത്. ഇതിൽ 553 സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. തൊഴിൽ നികുതി പിരിച്ചെടുക്കാൻ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ അനേകം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിക്കുകയോ ചെയ്തിട്ടില്ല.

തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിൽ 240 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഈടാക്കാത്തതിന്റെ വിവരം ചുവടെ

ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കാലിക്കറ്റ് ഐ ഹോസ്പിറ്റൽ | 1 & 2 |
| 2 | സൈക്ക ബേക്ക്സ് | 2 |
| 3 | സെഞ്ച്വറി ഡിജിറ്റൽ വിഷൻ & കേബിൾ നെറ്റ് വർക്ക് | 2 |
| 4 | അശ്വതി എഞ്ചിനീയറിങ്ങ് വർക്സ് | 2 |
| 5 | അർച്ചന എഞ്ചിനീയറിങ്ങ് വർക്സ് | 2 |
| 6 | ജി-ടെക്ക്, മുക്കം | 1&2 |
| 7 | പ്ലാസ ഇലക്ട്രിക്കൽ & പ്ലംബിങ്ങ് | 1&2 |
| 8 | മുക്കം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2 |

ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഈടാക്കിയതിന്റെ കൃത്യമായ കണക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

**2. കെട്ടിട ഉടമകളിൽ നിന്നും റിട്ടേൺ ആവശ്യപ്പെടുന്നില്ല.**

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഏതെങ്കിലും പാർപ്പിടേതര കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോടോ ഫാറം 1 ൽ സെക്രട്ടറി നോട്ടീസ് നൽകുകയും ആവശ്യമായ വിവരങ്ങൾ ഫാറം 2 ൽ നഗരസഭയിൽ സമർപ്പിക്കുകയും വേണം.

ചട്ടം 6 പ്രകാരം ഏതെങ്കിലും തൊഴിലുടമയോ അവരുടെ പ്രതിനിധികളോടോ ഫാറം 3 പ്രകാരം നോട്ടീസ് നൽകുകയും തൊഴിലാളികളുടെ ലിസ്റ്റും വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റും 4ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുകയും വേണം.

ലൈസൻസ് എടുത്ത പുതിയ സ്ഥാപനങ്ങളുൾപ്പെടെ നഗരസഭാ പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിങ്ങനെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**1-16 ലൈസൻസ് - നടപടിക്രമങ്ങൾ സംബന്ധിച്ച്**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 437 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പ്രദേശത്ത് യാതൊരു സ്ഥലവും, ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം നഗരസഭ പരസ്യപ്പെടുത്തേണ്ടതാണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് മുൻപ് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്.

നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പോലും ലൈസൻസ് നൽകിയതിന്റെ വിവരം നഗരസഭയിൽ ലഭ്യമല്ല. നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളും പരിശോധന

നടത്തി ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്ററിൽ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-17 കോൺക്രീറ്റ് മേൽക്കൂരക്ക് ഇളവ് അനുവദിച്ചു - വസ്തു നികുതി ഇനത്തിൽ നഗരസഭക്ക് നഷ്ടം**

മുക്കം നഗരസഭയിലെ വാർഡ് 24 ലെ KMCT സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ കോൺക്രീറ്റ് മേൽക്കൂരയുള്ള ബഹുനില കെട്ടിടങ്ങൾക്കും കുറഞ്ഞ തരം മേൽക്കൂര എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിന്മേൽ 10% ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. 11.01.2024 തിയ്യതിയിലെ സൈറ്റ് പരിശോധന, KMCT യുടെ വെബ്സൈറ്റ്, ഗൂഗിളിൽ ലഭ്യമായ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങളുടെ മേൽക്കൂര കോൺക്രീറ്റാണെന്നും ചില ബഹുനില കെട്ടിടങ്ങളുടെ ഏറ്റവും ഉയർന്ന നിലയിലെ മേൽക്കൂര മാത്രമെ ഷീറ്റ് ഉള്ളൂ എന്നതും വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | പ്രവർത്തിക്കുന്ന സ്ഥാപനം | ആകെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | മേൽക്കൂരയുടെ തരം തെറ്റായി രേഖപ്പെടുത്തി അനുവദിച്ച ഇളവ് (10%) | നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം |
|---|---|---|---|---|---|
| **24/80 K** | മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റൽ-1 | 1816.35 ച.മീ | 122603 | 9082 | വസ്തു നികുതി- 9082<br>ഗ്രന്ഥശാലാ വരി- 455 |
| **24/80 C** | ആർകിടെക്ചർ കോളേജ് | 1603.32 | 20043 | 1603 | വസ്തു നികുതി- 1603<br>ഗ്രന്ഥശാലാ വരി-81 |
| **24/80 P** | ബോയ്സ് ഹോസ്റ്റൽ | 343.19 | 21456 | 1717 | വസ്തു നികുതി- 1717<br>ഗ്രന്ഥശാലാ വരി-86 |
| **24/80 L** | ലേഡീസ് ഹോസ്റ്റൽ-3 | 3410.51 | 213157 | 17053 | വസ്തു നികുതി- 17053<br>ഗ്രന്ഥശാലാ വരി-853 |
| **ആകെ** | | | | **29455** | |

വസ്തു നികുതി നിർണ്ണയത്തിന്റെ ഭാഗമായി ഫോം 6 തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ സ്ഥല പരിശോധനാ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. മേൽ കെട്ടിടങ്ങൾ ബഹുനിലകളിലായാണ് നിർമ്മിച്ചതെന്നും കെട്ടിടത്തിന്റെ ക്രമവത്കരിച്ച എല്ലാ നിലകളിലെയും മേൽക്കൂരയുടെ തരം കോൺക്രീറ്റാണെന്നതും സൈറ്റ് പരിശോധന, KMCT യുടെ വെബ്സൈറ്റിലെ ചിത്രങ്ങൾ എന്നിവയിൽ നിന്നും വ്യക്തമായിട്ടുണ്ട് (ആർകിടെക്ചർ കോളേജിന്റെ മുകൾ നില ഒഴികെ ). ഒരു ചിത്രം ചുവടെ ചേർക്കുന്നു.




മേൽക്കൂരയുടെ നിർമ്മിതി, തറയുടെ നിർമ്മിതി, എന്നീ ഘടകങ്ങളിൽ ഏതെങ്കിലും ഒരു ഘടകത്തിന്റെ ഒന്നിലധികം തരങ്ങൾ ഒരു കെട്ടിടത്തിന് ഒരേ സമയം ബാധകമാകുന്ന സംഗതിയിൽ, അപ്രകാരമുള്ള ഏത് തരമാണോ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ പകുതിയിലധികം ഭാഗത്തിന് ബാധകം ആ തരത്തെ അടിസ്ഥാനമാക്കി വസ്തു നികുതിയിൽ ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തി കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ കെട്ടിട നികുതിയിന്മേൽ അനർഹമായി ഇളവ് അനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. സൈറ്റും വസ്തുതകളും പരിശോധിക്കാതെ കെട്ടിട ഉടമ സമർപ്പിച്ച ഫോറം 2 ലെ വിവരങ്ങൾ ഫോറം 6 ലേക്ക് അതേപടി പകർത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വസ്തുനികുതി

നിർണ്ണയത്തിൽ നിരുത്തരവാദപരമായ സമീപനം സ്വീകരിച്ച റവന്യൂ ഇൻസ്പെക്ടറിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള ഫയലുകളിന്മേൽ കെട്ടിടത്തിന്റെ മേൽക്കൂര, തറ എന്നിവയുടെ തരം, വഴി സൗകര്യം, മേഖല, എ.സി എന്നിവ സംബന്ധിച്ച വിവരങ്ങൾ അന്വേഷണ റിപ്പോർട്ടിൽ നിർബന്ധമായും രേഖപ്പെടുത്തുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയതിൽ കുറവ്

മുക്കം നഗരസഭയിലെ വാർഡ് 24 ലെ KMCT സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയതിൽ ലക്ഷങ്ങളുടെ കുറവുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | പ്രവർത്തിക്കുന്ന സ്ഥാപനം | നിർണ്ണയിച്ച വസ്തു നികുതി | രശീത് പ്രകാരം കുടിശ്ശിക ഈടാക്കിയ കാലയളവ് | അടവാക്കിയ കുടിശ്ശിക, രശീത് നം. | അടവാക്കേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 24/80 K | മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റൽ-1 | 122603 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 1613001 121030500043 31/08/21 | 1655141 (122603x3ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 42140 |
| 24/80 B | ഡെന്റൽ കോളേജ് | 168382 | രശീത്, കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല. | | | |
| 24/80 C | ആർകിടെക്ചർ കോളേജ് | 20043 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 235143 121030500044 31/08/21 | 270581 (20043x3ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 35438 |
| 24/80 I | മെഡിക്കൽ കോളേജ് കാന്റീൻ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 24/80 D | ഫാർമസി കോളേജ് | 101886 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 401156 121030500034 31/08/21 | 1375461 (101886x3 ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 974305 |
| 24/80 J | സ്റ്റാഫ് ക്വാർട്ടേഴ്സ് | 106851 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 302359 121030500031 31/08/21 | 1442489 (106851x3 ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 1140130 |
| 24/80 L | ലേഡീസ് ഹോസ്റ്റൽ-3 | 213657 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 2263683 121030500033 31/08/21 | 2884370 (213657x3 ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 620687 |
| 24/83 A | ഡെന്റൽ കോളേജ് ന്യൂ ബ്ലോക്ക് | 687825 | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 2476170 121030500047 31/08/21 | 8253900 (687825x3 ഇരട്ടി 4 വർഷത്തേയ്ക്ക്) | 5777730 |
| 24/83 E | ആയുർവ്വേദ മെഡിക്കൽ കോളേജ് | 106556 | 2016-17 രണ്ടാം അർദ്ധ | 564705 ലഭ്യമല്ല | 1438506 (106556x3 ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 873801 |

| | | | | | | |
|---|---|---|---|---|---|---|
| | | | വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | | | |
| 24/83 F | നഴ്സിംഗ് കോളേജ് & സ്കൂൾ | 73536 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 401156 രശീത് നം.ലഭ്യമല്ല | 992736 | 591580 |
| 24/80 A | മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ | 424383 | കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല. | 3159566 121030500028 31/08/21 (LCഉൾപ്പെടെ ) | | |
| ആകെ | | | | | | 10055811 |

ക്രമവത്കരിച്ച് നൽകിയ കെട്ടിടങ്ങളുടെ 01.04.2016 പ്രാബല്യം മുതൽ നിശ്ചയിച്ച വസ്തുനികുതി പരിഗണിക്കുമ്പോൾ UA നമ്പർ നൽകിയ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയതിൽ 10055811 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ( ഓഡിറ്റ് പരിശോധനക്ക് KMCT യുടെ 2022-23 വർഷത്തിൽ ക്രമവത്കരിച്ച് നൽകിയ കെട്ടിടങ്ങളുടെ മുഴുവൻ ഫയലുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല എന്ന വസ്തുതയും പ്രസക്തമാണ് ). അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി മൂന്ന് മടങ്ങ് നിരക്കിൽ കണക്കാക്കി ഈടാക്കേണ്ടതുണ്ട്. മേൽ കുടിശ്ശികകൾ ഏതെങ്കിലും രശീത് മുഖേന ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും വസ്തു നികുതി ഇനത്തിൽ ഏതെങ്കിലും മുൻകുറുകൾ ക്രമപ്പെടുത്തി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ കെ-സ്മാർട്ട് വിന്യസിക്കുന്നതിന്റെ ഭാഗമായി ലോക്ക് ചെയ്തതിനാൽ അടിസ്ഥാന വസ്തുനികുതിയിന്മേൽ മേൽ കെട്ടിടങ്ങൾക്ക് ബാധകമായ വർദ്ധനവുകൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്നും, ക്രമവത്കരിച്ച് നൽകിയ കെട്ടിട വിസ്തീർണ്ണത്തേക്കാൾ കുറഞ്ഞ വിസ്തീർണ്ണമാണോ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നതും പരിശോധിക്കാനായിട്ടില്ല. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള തറവിസ്തീർണ്ണവും ഫോറം 6 ലെ തറവിസ്തീർണ്ണവും തമ്മിൽ വലിയ അന്തരമുണ്ടെന്നത് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

UA രജിസ്റ്റർ പ്രകാരമുള്ള ലേഡീസ് ഹോസ്റ്റൽ 3 യുടെ തറവിസ്തീർണ്ണം- 2556.86 ച.മീ

UA രജിസ്റ്റർ പ്രകാരമുള്ള ലേഡീസ് ഹോസ്റ്റൽ 3 യുടെ വസ്തുനികുതി - 12272x3= 36816

ഫോറം 6 പ്രകാരമുള്ള ലേഡീസ് ഹോസ്റ്റൽ 3 യുടെ തറവിസ്തീർണ്ണം - 3410 ച.മീ

ഫോറം 6 പ്രകാരം നിർണ്ണയിച്ച വസ്തുനികുതി - 213657

പ്രാബല്യ വർഷം - 2016-17

ഈടാക്കേണ്ടിയിരുന്ന പിഴ നിരക്കിലുള്ള വസ്തു നികുതി (ഒരു വർഷം )- 640971

അനധികൃത നിർമ്മാണങ്ങൾക്ക് UA നമ്പർ നൽകപ്പെട്ട് കഴിഞ്ഞാൽ തുടർ നിർമ്മാണങ്ങൾ പാടില്ലാത്തതാണ്. UA രജിസ്റ്റർ പ്രകാരവും ഫോറം 6 പ്രകാരവുമുള്ള വിസ്തീർണ്ണത്തിന്റെ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. ഡെന്റൽ കോളേജ് കെട്ടിടത്തിന്റെ കാര്യത്തിലും സമാനമായ അപാകത സംഭവിച്ചിട്ടുണ്ട്. UA രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 4155.1 ച.മീ ആണ്. എന്നാൽ ഫോറം 6 പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 11278.69 ച.മീ ആണ്.
23.02.2016 ലെ ഈ ഓഫീസിൽ നിന്നുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി 24.02.2016 തിയ്യതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടം 2 നില നിർമ്മാണത്തിനായിരുന്നു പെർമിറ്റ് എടുത്തിരുന്നതെന്നും എന്നാൽ 8 നില നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിൽ നിന്നും കെട്ടിടം 24.02.2016 തിയ്യതിക്ക് മുൻപായി 11278.69 ച.മീ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നതും വ്യക്തമാണ്.

മേൽ വസ്തുതകൾ പരിശോധിച്ച് വസ്തുനികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 KMCT കെട്ടിടങ്ങൾ ക്രമവത്കരിച്ചില്ല.

മുക്കം നഗരസഭയിലെ KMCT സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ പ്രകാരം KMCT യുടെ ഉടമസ്ഥതയിലുള്ള 37 കെട്ടിടങ്ങൾ ക്രമവത്കരിക്കാനുണ്ട്. ആയതിൽ 12 കെട്ടിടങ്ങൾ ക്രമവത്കരിച്ചതിന്റെ വിവരങ്ങൾ മാത്രമെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. മറ്റ് 25 കെട്ടിടങ്ങൾ ക്രമവത്കരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിന് പുറമെ മണാശ്ശേരിയിൽ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്പെടുത്തി വരുന്ന 9 നില ഹോസ്റ്റൽ കെട്ടിടം UA രജിസ്റ്ററിലോ സഞ്ചയ / അസസ്സ്മെന്റ് രജിസ്റ്ററിലോ ഉൾപ്പെട്ടിട്ടില്ല. ഗൂഗിൾ മാപ്പിൽ നിന്നും ലഭ്യമായ കെട്ടിടത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.




24/80 B നമ്പറായി ഡെന്റൽ കോളേജ് 21-22 വർഷത്തിൽ ക്രമവത്കരിച്ചിട്ടുണ്ട്. ഈ ഓഫീസിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണ്ണയം , കെട്ടിട നിർമ്മാണ നിയന്ത്രണം എന്നിവ സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തിയിരുന്നു. ആയതിന്റെ ഭാഗമായി ഓഡിറ്റ് ടീം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 24.02.2016 തിയ്യതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ UA നമ്പർ നൽകിയിരുന്ന പ്രസ്തുത കെട്ടിടം 2 നില നിർമ്മാണത്തിനായിരുന്നു പെർമിറ്റ് എടുത്തിരുന്നതെന്നും എന്നാൽ 8 നില നിർമ്മാണം

പൂർത്തീകരിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ 2022-23 വർഷത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ 7 നിലകൾ മാത്രമെ ക്രമവത്കരിച്ചിട്ടുള്ളൂ. 11.01.24 തിയ്യതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന് 8 നിലകളുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ക്രമവത്കരണ ഫയൽ പരിശോധിച്ചതിൽ ഏഴ് നിലകളുള്ള പ്ലാനാണ് സമർപ്പിച്ചിട്ടുള്ളത്. ആയത് പ്രകാരം 11278.69 ച.മീ വിസ്തൃതി മാത്രമെ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. എട്ടാം നിലയിൽ ടെറസ് റൂം മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ.

മേൽ വസ്തുതകളിൽ നിന്നും KMCT യുടെ ഉടമസ്ഥതയിലുള്ള അനധികൃത നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും ക്രമവത്കരിക്കുകയോ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്പെടുത്തുന്നതും എന്നാൽ നിർമ്മാണം ക്രമവത്കരിക്കാത്തതും അനധികൃത നമ്പർ പതിക്കാത്തതുമായ കെട്ടിടങ്ങൾ, പ്രധാന കെട്ടിടങ്ങളുടെ അനുബന്ധ കെട്ടിടങ്ങൾ (ഉദാ- ഫാർമസി, കാന്റീൻ, ലാബ് എന്നിവ ) എന്നിവ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിക്കുന്നതിനോ നഗരസഭക്ക് സാധിച്ചിട്ടില്ല. ആസ്തികളുടെ ജി.ഐ.എസ് മാപ്പിംഗുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന " ദൃഷ്ടി " പദ്ധതി പ്രകാരം KMCT യുടെ ഉടമസ്ഥതയിൽ നഗരസഭാ പരിധിയിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം അടിയന്തിരമായി പൂർത്തീകരിച്ച് ചട്ട പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-20 നിലവിലുള്ള വിസ്തീർണ്ണത്തിൽ വ്യതിയാനം

**ഫയൽ നം. E2-3351/23**

**പെർമിറ്റ് ഫയൽ നമ്പർ- E2/BA(11)/23-24 Dt.26.05.2023**

റൈഹാനത്ത്, കീലത്ത്, മുക്കം എന്നവരുടെ മേൽ ഫയൽ നമ്പറായുള്ള അപേക്ഷയിന്മേൽ ഒന്നാം നിലക്ക് മുകളിൽ അതേ അളവിൽ രണ്ടാം നില നിർമ്മിക്കുന്നതിന് 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 72 പ്രകാരം രണ്ടാം നിലയിൽ ഒന്നാം നിലയ്ക്ക് സമാനമായി 215.12 ച. മീറ്റർ വിസ്തൃതിയിൽ മൂന്നാം നിലയിൽ (ഗോവണി മുറി) 14.77 ച. മീറ്റർ വിസ്തൃതിയിൽ നിർമ്മാണം നടത്തുന്നതിന് **E2/BA(11)/23-24 നമ്പർ പെർമിറ്റ് പ്രകാരം** അനുമതി നൽകിയിട്ടുണ്ട്. അനുമതി നൽകിയതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

- കെട്ടിടം 30.03.2000 ന് മുൻപ് നിർമ്മിച്ചതാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.
- സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഒന്നാം നിലയുടെ വിസ്തീർണ്ണം 198 ച. മീ ആണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ രണ്ടാം നിലക്ക് 215.12 ച. മീ വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്തുന്നതിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 72 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനുമതി നൽകി.
- കെട്ടിട നിർമ്മാണ ചട്ടങ്ങൾ 72 പ്രകാരം രണ്ടാം നില വരെയുള്ള നിർമ്മാണങ്ങൾക്കാണ് അനുമതിയുള്ളത്. മേൽ സാഹചര്യത്തിൽ മൂന്നാം നിലയിൽ കോണിപ്പടി മുറി നിർമ്മിക്കുന്നതിന് അനുമതി നൽകിയ നടപടി ചട്ട വിരുദ്ധമാണ്.
- നിർദ്ദിഷ്ട രണ്ടാം നിലക്ക് ലഭ്യമാക്കേണ്ട മൂന്ന് കാർ പാർക്കിംഗുകൾ സൈറ്റിൽ പ്രായോഗികമല്ല. ആയത് പരിഗണിക്കാതെ പെർമിറ്റ് നൽകി.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തി നിർമ്മാണാനുമതി പുന:പരിശോധിക്കേണ്ടതുമാണ്.

### 1-21 A2 വിനിയോഗ ഗണത്തിലുള്ള കെട്ടിടത്തിന് A1 വിനിയോഗ ഗണത്തിൽ ഒക്യുപൻസി നൽകി.

മുക്കം നഗരസഭയിലെ വാർഡ് 11 ൽ താഴെക്കോട് വില്ലേജിൽ റീ. സ 101/71 പ്രകാരമുള്ള ഭൂമിയിൽ ശ്രീ.

ഹഫ്സൽ, പുറായിൽ വെളിമണ്ണ എന്നവർക്ക് മൂന്ന് നിലകളിലായി ഒരു അടുക്കളയും 7 കിടപ്പ് മുറികളും ഉൾപ്പെടെ 243.07 ച. മീ വിസ്തൃതിയിൽ വാസഗൃഹത്തിനായി ( A1 വിനിയോഗ ഗണം ) ഫയൽ നമ്പർ എ4/13507/22 നമ്പറായി ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. ഇതേ ഫയൽ നമ്പറായി കെട്ടിടത്തിന് 11/377 E നമ്പർ നൽകി വസ്തു നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് സ്വകാര്യ ഹോസ്റ്റൽ എന്ന നിലയിലാണ്. ഫയലിൽ കെട്ടിടം KMCT യിലെ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനുള്ള ആവശ്യത്തിലേക്കാണ് വിനിയോഗിക്കുന്നതെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 11.01.24 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടം A2 വിനിയോഗ ഗണത്തിലുള്ള ലോഡ്ജിംഗ് കെട്ടിടമായാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന കാരണത്താൽ കെട്ടിടം 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് നിർമ്മിച്ചതെന്ന് ബോധ്യപ്പെട്ടു.

- കെട്ടിടത്തിന്റെ വിസ്തൃതി, താമസ യൂണിറ്റുകളുടെ എണ്ണം, വിനിയോഗ ഗണം എന്നിവ പരിഗണിക്കുമ്പോൾ സന്ദർശക പാർക്കിംഗ്, ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ് എന്നിവ ഉൾപ്പെടെ കെട്ടിടത്തിന് ആകെ 4 പാർക്കിംഗുകൾ ആവശ്യമാണ്. എന്നാൽ പാർക്കിംഗ് സാധ്യമായ മുൻ ഭാഗത്തിന്റെ ആകെ വിസ്തൃതി 44.64 ച. മീ മാത്രമാണ്. (9.6×4.65) ഭാഗത്തിന്റെ 50% പാർക്കിംഗിനായി പരിഗണിച്ചാൽ പോലും സൈറ്റിൽ ഒരു പാർക്കിംഗ് മാത്രമെ ലഭ്യമാവുകയുള്ളൂ.

മേൽ അപാകതകൾ നിലനിൽക്കെ കെട്ടിടത്തിന് A2 വിനിയോഗ ഗണത്തിൽ ഒക്യുപൻസി അനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. KMCT വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് സമീപമായി സ്ഥിതി ചെയ്യുന്ന പ്രസ്തുത കെട്ടിടത്തിന്റെ ഘടന, സമീപത്തുള്ള A2 വിനിയോഗ ഗണത്തിലുള്ള കെട്ടിടങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ കെട്ടിടം A2 വിനിയോഗം ഉദ്ദേശിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്നത് വ്യക്തമാണ്. മതിയായ പാർക്കിംഗ് ലഭ്യമാവില്ലെന്ന കാരണത്താലാവണം കെട്ടിടത്തിന് A1 ഒക്യുപൻസിയിൽ വീടെന്ന നിലയിൽ അപേക്ഷിച്ചിട്ടുള്ളത്. നഗരസഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമം LBS, കെട്ടിട ഉടമ എന്നിവർ വരുത്തിയിട്ടുണ്ടെന്നത് വ്യക്തമാണ്. A1 ഒക്യുപൻസി അനുവദിച്ച കെട്ടിടത്തിന് ഹോസ്റ്റൽ എന്ന നിലയിൽ വസ്തുനികുതി നിർണ്ണയം നടത്തിയ റവന്യൂ ഇൻസ്പെക്ടറും ചുമതലാ നിർവ്വഹണത്തിൽ ആവശ്യമായ ജാഗ്രത പുലർത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച നടപടി പുന:പരിശോധിക്കേണ്ടതുമാണ്. സൈറ്റ് പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന് സമീപത്തായി സമാനമായ മറ്റ് 9 കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ ഒക്യുപൻസി, വസ്തു നികുതി എന്നിവയും പുന:പരിശോധിക്കേണ്ടതാണ്.

### 1-22 നിർമ്മാണം പൂർത്തിയാക്കാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു.

ഫയൽ നമ്പർ എ.4/6677/22

മുഹമ്മദ് പി, മെഹർ, ചെലവൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള വാർഡ് 8 ലെ 994.01 ച. മീ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടത്തിന് 23.07.22 തിയ്യതിയിലെ എ.4/6677/22 നമ്പറായി ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. 11.01.2024 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ കെട്ടിട നിർമ്മാണം ഓഡിറ്റ് തിയ്യതിയിൽ പോലും പൂർത്തീകരിച്ചിട്ടില്ലെന്നും ബേസ്മെന്റിലേക്കുള്ള ഡ്രൈവ് വേ, ആവശ്യമായ ടോയ്‌ലറ്റുകൾ എന്നിവ നിർമ്മിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടം ഉപയോഗ യോഗ്യമാക്കുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കാതെയാണ് കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സൈറ്റ് പരിശോധനാ സമയത്തെ കെട്ടിടത്തിന്റെ ചിത്രം ചുവടെ ചേർക്കുന്നു.


ALSTONE



23.07.22 തിയ്യതിയിൽ ഒക്യുപൻസി അനുവദിച്ച കെട്ടിടം സ്ഥലപരിശോധന നടത്തിയ 11.01.2024 തിയ്യതിയിൽ പോലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഒക്യപൻസി നൽകുന്നതിനായി സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥൻ മേൽ വസ്തുതകൾ പരിശോധിക്കാതെ ഒക്യുപൻസി അനുവദിക്കുന്നതിന് ശുപാർശ ചെയ്ത നടപടി ക്രമ പ്രകാരമല്ല. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 20 ലെ വ്യവസ്ഥകൾ പാലിക്കാതെയാണ് ഒക്യുപൻസിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ

കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. എൽ.ബി.എസ്, കെട്ടിട ഉടമ, ഒക്യുപൻസി അനുവദിച്ച ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും വിശദീകരണം തേടേണ്ടതും ഒക്യുപൻസി അനുവദിച്ച നടപടി പുന:പരിശോധിക്കേണ്ടതുമാണ്.

### 1-23 പാർക്കിംഗ് ലഭ്യമല്ലാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു

ഫയൽ നമ്പർ എ4/9059/22

അബ്ദുൾ ലത്തീഫ്, അരീപ്പറ്റ മണ്ണിൽ, വലിയപറമ്പ് എന്നവരുടെ ഉടമസ്ഥതയിലുള്ള വാർഡ് 15 ലെ വാണിജ്യ കെട്ടിടത്തിന് 10.10.22 തിയ്യതിയിലെ എ4/9059/22 നമ്പറായി ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. 994.01 ച. മീ വിസ്തൃതിയുള്ള ഇരുനില കെട്ടിടത്തിനാണ് പെർമിറ്റ് എടുത്തിട്ടുള്ളതെങ്കിലും തറനില നിർമ്മാണം പൂർത്തീകരിച്ച് പാർഷ്യൽ കംപ്ലീഷൻ അപേക്ഷ സമർപ്പിച്ചതിൻ പ്രകാരമാണ് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്. 11.01.2024 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ ഡ്രൈവ് വേ ഷട്ടറിട്ട് മുറികളായി തിരിച്ച നിലയിലാണ്. കെട്ടിടത്തിന്റെ ഘടനയിൽ നിന്നും ഒക്യുപൻസി അനുവദിച്ച സമയത്ത് തന്നെ അധിക നിർമ്മാണം നടത്തിയിട്ടുണ്ടാകാമെന്ന് ഓഡിറ്റ് അനുമാനിക്കുന്നു. ഡ്രൈവ് വേയിൽ നടത്തിയ 68 ച. മീ അധികം വിസ്തൃതിയുള്ള നിർമ്മിതി ക്രമവത്കരിച്ചിട്ടില്ല. കെട്ടിടത്തിന്റെ വലത് ഭാഗത്തുള്ള ഡ്രൈവ് വേയിലും പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രായോഗികമല്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 29, 42 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് കെട്ടിടം പൂർത്തീകരിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച നടപടി പുന:പരിശോധിക്കേണ്ടതുമാണ്.

### 1-24 പുഴ പുറമ്പോക്ക് കയ്യേറി കെട്ടിട നിർമ്മാണം - തുടർ നടപടിയില്ല.

നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയിൽ കയ്യേറ്റങ്ങളുണ്ടാവുകയും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സർവ്വേ നടത്തുകയും ചെയ്യേണ്ടി വന്നിട്ടുണ്ട്. നീലേശ്വരം വില്ലേജിലെ തോട്ടത്തിൻ കടവിലെ 722 Ha പുഴപുറമ്പോക്കിലും 86.9 സെന്റ് മാണോളി പുഴ പുറമ്പോക്കിലും കയ്യേറ്റമുണ്ടായതായും ആയത് ഒഴിപ്പിക്കുന്നതിന് തുടർ നടപടി സ്വീകരിക്കുകയും ചെയ്ത് വരുന്നു. (ഫയൽ നം. E1/A2/4157/22, E1/349/22 ). മേൽ ഫയലുകളുടെ പരിശോധനയിൽ നിന്നും പുഴപുറമ്പോക്ക് ഭൂമിയിൽ കയ്യേറ്റങ്ങളുണ്ടാകുന്നുണ്ടെന്നത് വ്യക്തമാണ്.

23.02.2016 ലെ സ്പെഷ്യൽ ഓഡിറ്റിന്റെ ഭാഗമായി 24.02.2016 തിയ്യതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്തതിൻ പ്രകാരം ഇരുവഴഞ്ഞിപുഴയോരത്തുള്ള മലയോരം ഹോട്ടൽ പുഴ പുറമ്പോക്ക് കയ്യേറി കെട്ടിടം നിർമ്മിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 11.01.24 ന് സ്ഥല പരിശോധന നടത്തിയതിൻ പ്രകാരം മലയോരം ഹോട്ടലിനോട് ചേർന്ന് ഉദ്ദേശം 100 ച. മീ അധികം വിസ്തൃതിയുള്ള ഒരു കെട്ടിടം നിർമ്മിച്ചതായും കെട്ടിടത്തിന് നമ്പർ പതിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അനധികൃത നിർമ്മാണം, പുഴ പുറമ്പോക്ക് കയ്യേറ്റം എന്നിവ സംബന്ധിച്ച് 24.02.2016 തിയ്യതിയിൽ അറിവുണ്ടായിരുന്ന സാഹചര്യത്തിൽ ഓഡിറ്റ് തിയ്യതി വരെ സ്വീകരിച്ച തുടർ നടപടി, പുഴ പുറമ്പോക്കുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും നഗരസഭ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 208 എ (1) പ്രകാരം ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും (മുനിസിപ്പൽ പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും, കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും

ചാലുകളും, സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും മുനിസിപ്പാലിറ്റിയിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതി മുതൽക്ക് അവ മുനിസിപ്പാലിറ്റിയുടെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്. ഇരുവഴഞ്ഞിപുഴയുടെ ഭാഗങ്ങൾ കടന്നുപോകുന്ന നഗരസഭയിൽ മേൽ വകുപ്പ പ്രകാരം നിക്ഷിപ്തമായ നദികളും വെള്ളക്കെട്ടുകളും തീരങ്ങളുമുണ്ടെന്നിരിക്കെ, ഇവ സംബന്ധിച്ച യാതൊരു രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പുഴപുറമ്പോക്ക് സംരക്ഷണത്തിന്റെ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം നൽകേണ്ടതും, നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-25 ആവശ്യമായ ടോയ്‌ലറ്റ് ലഭ്യമല്ലാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു

ഫയൽ നമ്പർ എ.4/9987/22

അബ്ദുൾ ഗഫൂർ, മേലേപ്പാട്ട്, ഓമശ്ശേരി എന്നവരുടെ ഉടമസ്ഥതയിലുള്ള വാർഡ് 33 ലെ വാണിജ്യ കെട്ടിടത്തിന് 24.12.22 തിയ്യതിയിലെ എ.4/9987/22 നമ്പറായി ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. 11.01.2024 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ കെട്ടിടത്തിൽ പ്ലാനിൽ കാണിച്ചത് പ്രകാരമുള്ള റാംപ്, ഒരു ടോയ്‌ലറ്റ്, ഡിസേബിൾഡ് ടോയ്‌ലറ്റ് എന്നിവ നിർമ്മിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പൂർത്തീകരണ അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥൻ മേൽ സൗകര്യങ്ങൾ കെട്ടിടത്തിൽ നിർമ്മിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 34, 35, 42 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് ഒക്യുപൻസി അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും ഒക്യുപൻസി അനുവദിച്ച നടപടി പുന:പരിശോധിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

### 1-26 അനധികൃത നിർമ്മാണം ക്രമത്കരിച്ചതിൽ അപാകത.

ഫയൽ നമ്പർ R1/A4/4998/2018

ശ്രീ. അബ്ദുൾ സലാം, ചെയർമാൻ, കരുണ ചാരിറ്റബിൾ ട്രസ്റ്റ് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണ ചട്ടങ്ങൾ പ്രകാരം 672280 രൂപ പിഴ ഈടാക്കി ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. 14/2386 A മുതൽ 14/2386 N വരെ നമ്പർ നൽകിയ 1018.29 ച. മീ വിസ്തൃതിയുള്ള A2, F വിനിയോഗ ഗണത്തിലുള്ള കെട്ടിടം ക്രമവത്കരിച്ച് നൽകിയതിലും വസ്തുനികുതി ഈടാക്കിയതിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

- കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച പ്രസ്തുത കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവത്കരണ ചട്ടങ്ങൾ പ്രകാരമാണ് ക്രമവത്കരിച്ചിട്ടുള്ളത്. അപേക്ഷയിൽ നിർമ്മാണം പൂർത്തീകരിച്ചത് 2018 ന് മുൻപാണെന്ന് രേഖപ്പെടുത്തുകയും 08.05.2018 തിയ്യതി പ്രാബല്യത്തിൽ കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവ് മുതൽ ക്രമവത്കരിക്കുന്ന തിയ്യതിവരെ മൂന്ന് മടങ്ങ് പിഴ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത കാലയളവിൽ കെട്ടിടം ഒഴിഞ്ഞ് കിടക്കുകയായിരുന്നു എന്ന അപേക്ഷ പരിഗണിച്ച് ടി കാലയളവിലെ വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഒരുവർഷത്തേക്ക് ബാധകമായ 76151 രൂപയിൽ (വസ്തു നികുതി 72340, ഗ്രന്ഥശാലാ വരി-3811 രൂപ ) ഇപ്രകാരം നാല് വർഷത്തേക്ക് ഉടമ

അടക്കേണ്ടിയിരുന്ന വസ്തുനികുതി , ഗ്രന്ഥശാലാ വരി ഇനത്തിലെ 913812 രൂപയാണ് ഒഴിവാക്കി നൽകിയത്. ആയത് ചട്ടവിരുദ്ധമായ നടപടിയാണ്.

- 11.01.24 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ കെട്ടിടം ഒക്യുപൻസി അനുവദിച്ചതിൽ നിന്നും വിരുദ്ധമായി ആരാധനാലയമായും ഉപയോഗപ്പെടുത്തുന്നതായും പാർക്കിംഗ് പ്ലാൻ പ്രകാരമുള്ള പാർക്കിംഗുകൾ സൈറ്റിൽ ലഭ്യമല്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനറുടെ TCP.KZD/1323 /2020, തി. 09.12.2020 നമ്പർ ഉത്തരവ് പ്രകാരമാണ് കെട്ടിടം ക്രമവത്കരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ പ്ലാൻ പ്രകാരമുള്ള കാർ പാർക്കിംഗുകൾ സൈറ്റിൽ ലഭ്യമാണെന്ന് ഉറപ്പ് വരുത്തണമെന്നും കെട്ടിടത്തിന്റെ ഉപയോഗ ക്രമം പ്ലാൻ പ്രകാരമാണെന്ന് ഉറപ്പാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഒക്യുപൻസി അനുവദിച്ചതിൽ നിന്നും വ്യത്യസ്തമായി A1,F വിനിയോഗ ഗണങ്ങൾക്ക് പുറമെ D(സമ്മേളന വിനിയോഗ) ഗണത്തിലും കെട്ടിടം കെട്ടിടം ഉപയോഗപ്പെടുത്തുന്നതായും (2018 ൽ സമർപ്പിച്ച ക്രമവത്കരണ അപേക്ഷയിൽ ഉടമ പ്രസ്തുത കാര്യം പരാമർശിച്ചിട്ടുണ്ട് ) കെട്ടിടത്തിന്റെ ഉള്ളിലേക്ക് കയറിയ നിലയിലുള്ള പാർക്കിംഗുകൾ പ്രായോഗികമല്ലെന്നും സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്.
- 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 25 പ്രകാരം ഗ്രൂപ്പ് J ഒഴികെയുള്ള ഒന്നിൽ കൂടുതൽ വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ഏറ്റവും നിയന്ത്രിത ഗണത്തിൽ ഉൾപ്പെടുന്ന വിനിയോഗ ഗണത്തിലെ വ്യവസ്ഥകളാകും ബാധകമാകുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കെട്ടിടം ഡി വിനിയോഗ ഗണത്തിന് ബാധകമായ നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

അനുവദിച്ച ഒക്യുപൻസിയിൽ നിന്നും വ്യതിചലിച്ച് കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനും പ്ലാൻ പ്രകാരമുള്ള പാർക്കിംഗുകൾ സൈറ്റിൽ ലഭ്യമാക്കാത്തതിനാലും കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച നടപടി പുനപരിശോധിക്കേണ്ടതും വസ്തുനികുതിയിൽ ചട്ട വിരുദ്ധമായി ഇളവ് നൽകിയ തുക(913812 രൂപ) ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1– 27 സ്കൂളുകൾക്ക് പെയിന്റിംഗ് – ചെയ്യാത്ത പ്രവൃത്തിയുടെ അളവ് രേഖപെടുത്തി കരാറുകാരന് തുക നൽകിയതും മറ്റപകാതകളും**

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് നം: സ്കൂളുകൾക്ക് പെയിന്റിംഗ്, 119/23

അടങ്കൽ : 4,99,500/- സംരക്ഷണ ഗ്രാന്റ് റോഡിതരം

: 1,00,500/- തനത് ഫണ്ട്

6,00,000/-

ചെലവ് : 3,80,610/- ബിൽ നം. 335/31.1.23

അളവ് പുസ്തകം - M/25/1182, M/25/1185

മണാശ്ശേരി യു.പി.സ്കൂൾ, ചേന്ദമംഗല്ലൂർ സ്കൂൾ, നീലേശ്വരം സ്കൂൾ എന്നീ സ്കൂളുകളുടെ പെയിന്റിംഗ് പ്രവൃത്തികളാണ് ഈ പദ്ധതിയിൽ നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് (3,63,720.94/-) ക്വാട്ട് ചെയ്ത സുബിലേഷ്.കെ.എം എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് മേൽ ബിൽ പ്രകാരം കരാറുകാരന് തുക നൽകി. പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ചെയ്യാത്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകി

എസ്റ്റിമേറ്റിൽ മൂന്നാമത്തെ പ്രവൃത്തിയായി ഉൾപ്പെടുത്തിയിരിക്കുന്നത് നീലേശ്വരം സ്കൂളിലെ 6 ക്ലാസ്സ്

മുറികളുടെ പെയിന്റിംഗാണ്. ഇതിനായി Removing White Or Colour Wash By Scrapping Etc., Wall Painting With Acrylic Emulsion Paint : Two Or More Coats On New Work, Finishing Walls With Acrylic Smooth Exterior Paint : Old Work (One Or More Coat Applied @ 0.90ltr/10sqm) എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയത്. ഓഡിറ്റിന്റെ ഭാഗമായി 11.1.2024 ന് സാങ്കേതിക വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നീലേശ്വരം സ്കൂളിൽ പരിശോധന നടത്തി. പ്രവൃത്തികളുടെ വിശദാംശം പരിശോധിച്ചതിൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടത്തിയ പല പ്രവൃത്തികളും യഥാർത്ഥത്തിൽ നടന്നിട്ടില്ലെന്ന് കണ്ടു.

ചെയ്യാത്ത പ്രവൃത്തികളുടെ അളവു രേഖപ്പെടുത്തി ബിൽ തുക നൽകിയതിനാൽ 44978.73/- രൂപയുടെ അധിക ചെലവ് നഗരസഭയ്ക്കുണ്ടായിട്ടുണ്ട്. (ഖണ്ഡിക 3-1 കാണുക)

2. അക്രിലിക് എമൽഷൻ പെയിന്റുപയോഗിച്ച് പെയിന്റിംഗ് നടത്തിയ ചുമരുകളിൽ അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിന്റിംഗിനുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി.

പ്രവൃത്തിയുടെ ഒന്നാമത്തെ ഇനമായ Wall Painting With Acrylic Emulsion Paint ...(13.60.1) ചെയ്യുന്ന ചുമരുകളിൽ തന്നെയാണ് Finishing Walls With Acrylic Smooth Exterior Paint ... (13.111.2) എന്ന പ്രവൃത്തിയും ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. അളവുപുസ്തകം പരിശോധിച്ചതിൽ ക്ലാസ്സ് മുറികളുടെ ഉൾവശം, സൺഷേഡ്, തൂണുകൾ എന്നിവയിൽ 2 ഇനം പ്രവൃത്തികളും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇനം 13.60.1 ന്റെ വിവരണം പരിശോധിച്ചാൽ അക്രിലിക് എമൽഷൻ പെയിന്റുപയോഗിച്ച് രണ്ടോ അതിലധികമോ കോട്ട് പെയിന്റിംഗ് നടത്തുന്ന പ്രവൃത്തി ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. അതിന് മുകളിൽ വീണ്ടും അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിന്റുപയോഗിച്ച് പെയിന്റിംഗ് നടത്തിയതിന്റെ ആവശ്യകത വ്യക്തമല്ല. ഇത്തരത്തിൽ രണ്ട് തവണ പെയിന്റിംഗ് നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇത് സംബന്ധിച്ചുള്ള കൂടുതൽ വിശദാംശങ്ങൾക്കായി ഖണ്ഡിക 3-1 കാണുക.

## 1-28 ബയോഗ്യാസ് പ്ലാന്റ് പദ്ധതി അധിക തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെൽത്ത് ഓഫീസർ

പദ്ധതി -48/23, 256/22

ചെലവ് തുക - 111750 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നമ്പർ -376/21.2.23

21-22ലെ ചെലവ് 3778600 ( ബിൽ നമ്പരുകൾ – 456/22.3.22,467/24.3.22,575,576/31.3.22)

നഗര സഭയിൽ ഗാർഹിക മാലിന്യ സംസ്കരണം നടത്തുന്നതിനായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത് . ബയോഗ്യാസ് പ്ലാന്റിന്റെ ശുചിത്വ മിഷൻ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 13500രൂപയാണ്. ഇ-ടെണ്ടർ നടത്തുകവഴി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത യൂണിവേഴ്സൽ ബയോഗ്യാസ് എന്ന സ്ഥാപനമാണ് ഒരു പ്ലാന്റിന് 12590 രൂപ ക്വോട്ട് ചെയ്ത് പദ്ധതി നടപ്പിലാക്കിയത് .പദ്ധതി നടപ്പിലാക്കിയതിൽ നഗരസഭ അധിക തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നടപ്പിലാക്കുന്നതിന് 14.2.2018 ലെ ജി.ഓ (കൈ)22/2018/LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-8 പ്രകാരം ഗാർഹിക ബയോഗ്യാസ് പ്ലാന്റിന് അനുവദിക്കാവുന്ന തുക യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200 രൂപ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. 31.12.2018 ലെ ജി.ഓ (സാധാ)3681/2018/LSGD നമ്പർ ഉത്തരവിൽ ബയോഗ്യാസ് പ്ലാന്റുകൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുകയായ 7200 രൂപയിൽ അധികരിച്ച് വരുന്ന തുക ഗുണഭോക്താവാണ് വഹിക്കേണ്ടത്. ഈ പദ്ധതിയിൽ 1065150രൂപ ഗുണഭോക്തൃ വിഹിതം

വകയിരുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ വിഹിതം ഈടാക്കി ചെലവഴിച്ചിട്ടില്ല. 309ബയോഗ്യാസ് പ്ലാന്റ് വാങ്ങിയതിൽ 309 എണ്ണത്തിനും 12590 രൂപ നഗരസഭാ ഫണ്ടിൽ നിന്ന് ചെലവഴിക്കുക വഴി താഴെ കാണിച്ച പ്രകാരം 1665510 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| നഗരസഭ ചെലവഴിച്ച തുക | നഗരസഭ ചെലവഴിക്കേണ്ട തുക | അധിക ചെലവ് |
|---|---|---|
| | | |
| 309 X 12590=3890310 | 309 X7200 =2224800 | 3890310-2224800=1665510 |

പദ്ധതിയിൽ യൂണിവേഴ്സൽ ബയോഗ്യാസ് എന്ന സ്ഥാപനത്തിന് 12% ജി.എസ്.ടി ഉൾപ്പെടെയാണ് 3890310രൂപ അനുവദിച്ചിട്ടുള്ളത്. എന്നാൽ ബിൽ തുക അനുവദിക്കുമ്പോൾ ജി.എസ്.ടി , ആദായ നികുതി എന്നിവയ്ക്ക് ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ ബിൽ തുകയും സ്ഥാപനത്തിന് അനുവദിച്ചു.

പദ്ധതിയിൽ309 ബയോഗ്യാസ് പ്ലാന്റുകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/13.1.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്ക് നഷ്ടം വന്ന തുക ഉത്തരവാദിയായ ഹെൽത്ത് ഓഫീസറിൽ നിന്നും തിരികെ ഈടാക്കി നഗരസഭാഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-29 തുക ചെലവഴിക്കപ്പെട്ട മുഴുവൻ പദ്ധതികളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

2022-23 വർഷത്തിൽ തുക ചെലവഴിക്കപ്പെട്ട താഴെ പറയുന്ന പ്രോജക്ടുകൾ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ പേര് - ജീവതാളം

പ്രോജക്ട് നമ്പർ - 464/23

അടങ്കൽ - 60,000/- രൂപ (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 16,000/- രൂപ

ബിൽ നമ്പർ - 929/21.2.2023

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

നഗരസഭയിലെ പൊതുജനങ്ങൾക്ക് ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണവും രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അവബോധവും സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. ഈ പദ്ധതി വിവരം കീഴിൽ പ്രിന്റിംഗ് ഇനത്തിൽ ചെലവു വന്ന മേൽപ്രകാരമുള്ള 16,000/- രൂപ ഓഡിറ്റ് വർഷത്തെ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

2) പ്രോജക്ട് - മുട്ടക്കോഴി വളർത്തൽ (ജനറൽ)

പ്രോജക്ട് നമ്പർ - 47/23

ചെലവ് - 107100/- രൂപ (വികസന ഫണ്ട് - പൊതുവിഭാഗം)

ബിൽ നമ്പർ - 57/23.06.2022

നിർവഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

മേൽ കാണിച്ച ബിൽ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ മുട്ടക്കോഴി വിതരണം ചെയ്തതിന്റെ തുകയായി Ambalapatta Egger Nursery, Malabar Egger Nursery എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം

80850/- രൂപ, 26250/- രൂപ വീതം (ആകെ 107100/-രൂപ ) നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചിട്ടും മേൽ പദ്ധതി വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പദ്ധതികൾ സുലേഖ ചെലവ് പത്രികയിൽ ഉൾക്കൊള്ളിക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

**1-30 മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു**

2022-23 വർഷം അനുവദിച്ച താഴെപ്പറയുന്ന മുൻകൂർ തുക ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | വർഷം | വൗച്ചർ നമ്പർ, ചെക്ക് നമ്പർതീയതി | കൈപ്പറ്റിയ വ്യക്തി | തുക | ഇനം |
|---|---|---|---|---|---|
| 1 | 2022-23 | വൗച്ചർ നമ്പർ - 22200316 - 30.6.2022 ചെക്ക് നമ്പർ - 690320 - 29.6.2022 | ശ്രീ. പി. എം. കൃഷ്ണൻകുട്ടി, മുനിസിപ്പൽ എഞ്ചിനീയർ | 10,000 | നഗരസഭ ഓഫീസ് കോംപ്ലക്സിലെ സ്റ്റെയർ കേസ് റൂമിലെ ചോർച്ച പരിഹരിക്കുന്നതിന് 29.6.2022 ന് നൽകിയത് |
| ആകെ | | | | 10,000 | |

മേൽ മുൻകൂർ തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 36/2022-23 തീയതി 12.1.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പലിശ സഹിതം തുക തിരികെ ഈടാക്കി അറിയിക്കുന്നതു വരെ ഈയിനത്തിലുള്ള 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 അമൃത് 2 നഗരസഭാ സമഗ്ര കുടിവെള്ള പദ്ധതി മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - പദ്ധതിയുടെ നിലവിലെ വിവരം ലഭ്യമല്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 202/23 |
| പ്രോജക്ട് | അമൃത് 2 നഗരസഭാ സമഗ്ര കുടിവെള്ള പദ്ധതി മാസ്റ്റർ പ്ലാൻ<br>ഫയൽ നമ്പർ - ഇ 1/ 230/22 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ അവാർഡ് - 5,00,000 രൂപ |
| ചെലവഴിച്ച തുക | 5,00,000 രൂപ<br>ബിൽ നമ്പർ 410/22-23 തീയതി 28.2.2023 |

മുക്കം നഗരസഭ അമൃത് 2 പദ്ധതിയുടെ ഭാഗമായി നഗരസഭയിൽ കമ്മ്യൂണിറ്റി ബേസ്ഡ് വാട്ടർ പ്ലാൻ, സിറ്റി വാട്ടർ ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കുകയും ആയത് നഗരസഭ കൗൺസിൽ

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് ( നഗരസഭ കൗൺസിലിന്റെ 11.5.2022 ലെ 1 ാം നമ്പർ തീരുമാനം ). ഈ പദ്ധതിയുടെ നടത്തിപ്പിനായി അമൃത് 2 കോർ കമ്മിറ്റി രൂപീകരിക്കുകയും ലാന്റ് സർവ്വേ നടത്തുന്നതിനായി 5,00,000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി കൊടിയത്തൂർ, കാരശ്ശേരി ഗ്രാമ പഞ്ചായത്തുകളും മുക്കം നഗരസഭയും സംയുക്തമായി കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ എള്ളങ്ങൽ എന്ന സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി 60 സെന്റ് സ്ഥലം വാങ്ങുന്നതിനും ഇതിനായി ഓരോ തദ്ദേശ ഭരണ സ്ഥാപനവും 15 ലക്ഷം രൂപ വീതം വകയിരുത്തുന്നതിനും തീരുമാനിച്ചിരുന്നു. ( നഗരസഭ കൗൺസിലിന്റെ 21.3.2022 ലെ 2 ാം നമ്പർ തീരുമാനം )

മുക്കം നഗരസഭ അമൃത് 2 പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി ലാന്റ് സർവ്വേ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം, കൗൺസിൽ തീരുമാനപ്രകാരം വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി 60 സെന്റ് സ്ഥലം സംയുക്തമായി വാങ്ങുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 19/2022-23 തീയതി 11.1.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ലാന്റ് സർവ്വേ , വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് സ്വീകരിച്ച തുടർ നടപടികൾ എന്നിവ ലഭ്യമാക്കുന്നതുവരെ ഈയിനത്തിലുള്ള 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-32 സി. എച്ച്. സി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 1805400 രൂപ ചെലവഴിച്ചു - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി - സി.എച്ച്.സി മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (276/23)

അടങ്കൽ - 2000000

ചെലവ് - 1805400

ബിൽ നമ്പർ തിയ്യതി - 1800000 CFC 547/26.3.23) 5400 (തനത്-5400 548/28.3.23)

സി. എച്ച്. സി യ്ക്ക് നബാർഡ് ഫണ്ട് ഉപയോഗിച്ച് കൊണ്ട് വിപുലമായ സൗകര്യങ്ങളോടെ കെട്ടിടം നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ നഗരസഭയുടെ 15.2.2022 ലെ 12 ാം നമ്പർ തീരുമാന പ്രകാരം സി.എച്ച്.സി യുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് എൻ. ഐ. ടി യിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിടെക്ച്ചർ ആന്റ് പ്ലാനിങ്ങ് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ എൻ. ഐ. ടി യെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. 10.3.2022 ന് 300900 രൂപ മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിന് ഒന്നാം ഗഡു അനുവദിച്ചിരുന്നു. 25.3.2023 ലെ 4ാം നമ്പർ തീരുമാന പ്രകാരം സി. എച്ച്. സി മാസ്റ്റർ പ്ലാനിനുള്ള 2 ാം ഗഡു തുക 1805400 രൂപ കൺസൾട്ടൻസിയായ NIT കലിക്കറ്റിന് അനുവദിച്ചിട്ടുണ്ട്. 18.4.2022 ലെ ചെക്ക് നമ്പർ 283508 പ്രകാരം 65620 രൂപ സി. എച്ച്. സി നിർമ്മിക്കാനുദ്ദേശിക്കുന്ന ഭൂമിയിലെ സോയിൽ ടെസ്റ്റ് നടത്തുന്നതിന് ജിയോ സൊല്യൂഷൻ, പരപ്പനങ്ങാടി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) മാസ്റ്റർ പ്ലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.**

28.2.2022 ന് എൻ. ഐ. ടി യുമായി ഉണ്ടാക്കിയ MOU പ്രകാരം 90 ദിവസത്തിനകം വിശദമായ ഡിസൈനും എസ്റ്റിമേറ്റും എൻ. ഐ. ടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 15.6.2022 ലെ ഇ1/1916/22 പ്രകാരം ലഭ്യമാക്കിയ മാസ്റ്റർ പ്ലാൻ സി. എച്ച്. സി മാനദണ്ഡ പ്രകാരമുള്ളതല്ല എന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നുണ്ട്. 12.10.22 ൽ സി. എച്ച്. സി മെഡിക്കൽ ഓഫീസർ സെക്രട്ടറിക്കയച്ച 488/22 നമ്പർ കത്തിൽ സമർപ്പിച്ച പ്രോപ്പോസൽ സി. എച്ച്. സി മാനദണ്ഡ പ്രകാരമല്ലെന്നും 25.8.2022 ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ PLBI-49894/2022

/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡമനുസരിച്ച് പ്രൊപ്പോസൽ പുതുക്കാൻ നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെടുന്നുണ്ട്. ആയത് പ്രകാരം പുതുക്കിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയോ എന്ന് വ്യക്തമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

**2) ശരിയായ മുന്നൊരുക്കമില്ലാതെ പദ്ധതി നടപ്പിലാക്കിയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.**

നഗരസഭയിൽ ധാരാളം രോഗികൾ ചികിത്സ തേടുന്ന ആശുപത്രിയാണ് മുക്കം സി. എച്ച്. സി. നിലവിൽ സി. എച്ച്. സി കെട്ടിടത്തിൽ സൗകര്യങ്ങൾ അപര്യാപ്തമാണ്. പൊതുജനങ്ങൾക്കാവശ്യമായ വിപുലമായ സൗകര്യങ്ങളോടു കൂടിയ കെട്ടിടവും ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുകൊണ്ടാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചത്. എന്നാൽ മാസ്റ്റർ പ്ലാൻ പ്രകാരം പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് എപ്രകാരം കണ്ടെത്തുമെന്നും പദ്ധതി നടത്തിപ്പ് എങ്ങിനെയാണെന്നും തീരുമാനിച്ചിട്ടില്ല. ഇതിനു വേണ്ടി കൂടിയാലോചനകൾ വേണ്ട രീതിയിൽ നടത്തിയിട്ടില്ല. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ ഇൻപുട്ട് നഗരസഭയുടെ ഭാഗത്ത് നിന്നോ സി. എച്ച്. സിയിലെ മെഡിക്കൽ വിദഗ്ദരിൽ നിന്നോ മാസ്റ്റർ പ്ലാൻ കൺസൾട്ടൻസി ചുമതലയുള്ള എൻ. ഐ. ടിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തികളും നാളിതുവരെയും ആരംഭിച്ചിട്ടില്ല. ഇതിനിടയിൽ സി. എച്ച്. സി കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ 40 ലക്ഷം രൂപയുടെ എം. പി ഫണ്ട് വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. 15.6.2022 ന് ജില്ലാ പ്ലാനിങ്ങ് ഓഫീസർക്കയച്ച കത്തിൽ സി. എച്ച്. സി മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതിനാൽ ഫണ്ട് ക്യാൻസൽ ചെയ്യാൻ ആവശ്യപ്പെടുന്നുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തുക നിശ്ചയിച്ചതെങ്ങനെയെന്ന് വ്യക്തമല്ല. മാസ്റ്റർ പ്ലാൻ തയ്യാറാക്കി ലഭിക്കുന്നതിന് മുൻപേ NIT യ്ക്ക് മുഴുവൻ തുകയും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള തുക നിശ്ചയിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**3) സോയിൽ പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.**

65620 രൂപ സോയിൽ ടെസ്റ്റ് നടത്തുന്നതിന് ജിയോ സൊല്യൂഷൻ, പരപ്പനങ്ങാടി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആശുപത്രി നിർമ്മാണം പൂർത്തീകരിക്കുന്നത് വരെ ഇതിനായി ചെലവഴിച്ച 1805400 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-33 ഇരട്ടങ്ങൽ തടത്തിൽ റോഡ് - ഗതാഗതയോഗ്യമാക്കിയില്ല**

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : ഇരട്ടങ്ങൽ തടത്തിൽ റോഡ്, 146/23

അടങ്കൽ : 6,00,000/- തനത് ഫണ്ട്

ചെലവ് : 4,85,323/- ബിൽ നമ്പർ 651/31.3.23

മുക്കം നഗരസഭയില വെസ്റ്റ് മണാശ്ശേരി വാഴക്കുഴി മഹാത്മാഗാന്ധി റോഡിനോട് ചേരുന്ന രീതിയിൽ പുതിയൊരു റോഡ് നിർമ്മിക്കുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. പ്രസ്തുത റോഡിന്റെ ചെയിനേജ് 0/00 മുതൽ 0/85 വരെ 2 വശങ്ങളിലും കരിങ്കല്ലുപയോഗിച്ച് കെട്ടി ബെൽറ്റ് നിർമ്മിക്കുക, 0/00 മുതൽ 0/50 വരെ എർത്ത് കട്ടിംഗ്, 0/114 മുതൽ 0/120.5 വരെ ഹാർഡ് റോക്ക് എക്സ്കവേഷൻ എന്നീ പ്രവൃത്തികൾ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതു പ്രകാരം റോഡിന്റെ സൈഡ് കെട്ടി ബെൽറ്റ് നിർമ്മിക്കുകയും എർത്ത് കട്ടിംഗ്, ഹാർഡ് റോക്ക് എക്സ്കവേഷൻ എന്നിവയും ചെയ്തിട്ടുണ്ട്. മേൽ റോഡ് പ്രവൃത്തി ഓഡിറ്റിന്റെ ഭാഗമായി ഓവർസിയറുടെ സാന്നിധ്യത്തിൽ സന്ദർശിച്ചതിൽ, റോഡിന്റെ തുടക്കത്തിൽ കരിങ്കല്ല് കൂട്ടിയിട്ടിരിക്കുന്നതായും തുടർന്നുള്ള ഭാഗങ്ങളിൽ കാടുപിടിച്ച കിടക്കുന്നതായും കണ്ടു. റോഡ് നിർമ്മാണത്തിലെ ആദ്യഘട്ടം റോഡ് നിർമ്മിക്കാൻ

പോകുന്ന സ്ഥലം വൃത്തിയാക്കലാണ്. ഇതിനായി പ്രവൃത്തിസ്ഥലത്തുള്ള മരങ്ങളും ചെടികളും വേരോടെ പിഴുത് മാറ്റേണ്ടതാണ്. റോഡ് ഗതാഗതയോഗ്യമാക്കാനാണ് പ്രൊജക്റ്റ് തയ്യാറാക്കിയതെങ്കിലും നിലവിൽ കാട്ടുപിടിച്ച് കിടക്കുന്ന അവസ്ഥയിലായതിനാൽ കാൽനടയാത്രയ്ക്ക് പോലും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ് റോഡുള്ളത്. 2023-24 വർഷം മേൽ റോഡ് പ്രവൃത്തിക്കായി തുടർ പ്രൊജക്റ്റുകളൊന്നും തയ്യാറാക്കിയിട്ടില്ല. അതിനാൽ തന്നെ പ്രസ്തുത റോഡ് കൊണ്ട് പ്രദേശവാസികൾക്ക് പ്രയോജനമില്ലാത്ത അവസ്ഥയാണ്. 4,85,323/- രൂപ ചെലവഴിച്ച് നിർമ്മിച്ച റോഡ് ഗതാഗയോഗ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 4,85,323/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-34 അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അംഗീകൃത ഏജൻസിക്ക് തുക നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

പദ്ധതി – 350/23 ഖരമാലിന്യ പരിപാലനം

ചെലവ് - 2621151/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ – 106/23.8.22, 211/21.10.22, 239/25.11.22, 381/21.2.23

ഹരിത കർമ്മസേന നഗരസഭയിലെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന റിജക്റ്റഡ് അജൈവ വസ്തുക്കൾ കൈയ്യൊഴിയുന്നതിന് ഏജൻസിക്ക് തുക നൽകുന്നതിനാണ് 2022-23 വർഷത്തിൽ പുതിയ പദ്ധതിയായി നടപ്പിലാക്കിയത്. 4/22 മുതൽ 10/22 വരെ നീക്കം ചെയ്തിട്ടുള്ള അജൈവ വസ്തുക്കൾ കൈയ്യൊഴിയുന്നതിന് കോനാരി എന്ന സ്ഥാപനത്തിന് പണം നൽകുന്നതിനാണ് പദ്ധതിയിൽ തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അജൈവമാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് സ്ഥാപനത്തെ തെരഞ്ഞെടുത്തതിലെ അപാകത.

ഈ പദ്ധതി പ്രകാരം 2621151 രൂപ കോനാരി എന്ന ഏജൻസിയ്ക്കാണ് നൽകിയിട്ടുള്ളത്. ഹരിതകർമ്മസേന വിവിധ വാർഡുകളിൽ നിന്ന് ശേഖരിച്ച് എം. സി. എഫിൽ എത്തിച്ച് വേർതിരിച്ച അജൈവ മാലിന്യങ്ങളിൽ ഉപയോഗ്യയോഗ്യമല്ലാത്തവ ബെയിൽ ചെയ്യാതെ കൈയ്യൊഴിയുന്നതിന് കിലോഗ്രാമിന് 7.8 രൂപ അനുവദിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഈ സ്ഥാപനത്തെ അജൈവമാലിന്യം സംസ്കരിക്കുന്നതിനായി തിരഞ്ഞെടുത്ത ടെണ്ടർ ഫയലുകൾ, കരാറുകൾ, ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2023 മാർച്ചിൽ സ്ഥാപനത്തിന് ഒരു വർഷത്തേയ്ക്ക് കൂടി മാലിന്യം കൊണ്ടു പോകുന്നതിനുള്ള കരാർ നീട്ടി നൽകിയിട്ടുണ്ട്. ആയത് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.

2) ആവശ്യത്തിന് ഫണ്ട് ഉണ്ടായിട്ടും ഒരു ബെയിലിങ്ങ് മെഷീൻ ഹരിതകർമ്മ സേനയ്ക്ക് വാങ്ങി നൽകാത്തതിനാൽ അൺ ബെയിൽഡ് മാലിന്യങ്ങൾ എന്ന നിലയിൽ റിജക്റ്റഡ് മാലിന്യങ്ങൾക്ക് കിലോയ്ക്ക് 7.80 രൂപ നൽകേണ്ടി വന്നത് അധിക ചെലവിനിടയാക്കിയിട്ടുണ്ട്. ബെയിൽ ചെയ്ത് നൽകുമായിരുന്നെങ്കിൽ കിലോയ്ക്ക് 6.80 രൂപ നൽകിയാൽ മതിയാകുമായിരുന്നു. ഉപയോഗ്യയോഗ്യമായ മാലിന്യങ്ങളും ബെയിൽ ചെയ്യാതെ നൽകുക വഴി ഹരികർമ്മസേനയ്ക്ക് വരുമാന നഷ്ടത്തിന് ഇടയാക്കിയിട്ടുണ്ട്.

3) കയറ്റി അയച്ച മാലിന്യത്തിന്റെ തൂക്കത്തിലെ അപാകതകൾ

നഗരസഭയിൽ നിന്ന് ശേഖരിച്ചിട്ടുള്ള മാലിന്യങ്ങൾ തൂക്കി അളവെടുത്തതിന്റെ ബിൽ കോനാരി എന്ന സ്ഥാപനം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. അജൈവമാലിന്യങ്ങൾ ഏറ്റവും അടുത്ത തൂക്ക കേന്ദ്രത്തിൽ നിന്ന് (Weigh Bridge) തൂക്കണം എന്ന നിബന്ധന പാലിക്കാതെ മറ്റിടങ്ങളിൽ നിന്ന് തൂക്കം എടുത്തതിന്റെ ബില്ലുകൾ കോനാരി ഹാജരാക്കുകയാണ് ചെയ്തത്. ഇതിൻമേൽ നഗരസഭ യാതൊരു പരിശോധനയും നടത്തുന്നില്ല. മാലിന്യങ്ങൾ തൂക്കം എടുക്കുന്നത് നഗരസഭ

ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലായിരിക്കണം എന്ന നിബന്ധനയും പാലിച്ചിട്ടില്ല.

8-4-22, 14-4-22 എന്നീ തീയ്യതികളിൽ വെസ്റ്റ് ഹില്ലി ലെ യെങ്കി ഇലക്ട്രിക് വെയ്ബ്രിഡ്ജ് , 10-04-22 ന് സൗത്ത് ബീച്ചിലെ മലബാർ വെയ് ബ്രിഡ്ജ്, 10-06-22ന് വേങ്ങേരിയിലെ അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ്, 30/03/22, 8/04/22, 13/04/22, 14/04/22, 19/04/22,03/06/22, 27/06/22, 03/07/22, 06/07/22, 14/07/22, 23/07/22, 27/07/22, 13/08/22, 24/08/22, 04/09/22, 06/09/22, 13/09/22, 20/09/22, 02/10/22, 13/10/22, 15/10/22, 29/10/22, 30/10/22, 01/11/22, 03/11/22, 10/11/22, 15/11/22 എന്നീ തീയ്യതികളിലായി കുന്നമംഗലത്തെ ഭവാനി വെയ്ബ്രിഡ്ജ് എന്നീ വെയ്ബ്രിഡ്ജുകളിൽ നിന്ന് എടുത്തിട്ടുള്ള തൂക്കത്തിലുള്ള അജൈവ മാലിന്യങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. മുക്കത്ത് വെയ്ബ്രിഡ്ജിൽ നിന്ന് തൂക്കം എടുക്കാതെ വളരെ ദൂരെയുള്ള സ്ഥലങ്ങളിൽ തൂക്കമെടുത്ത് തയ്യാറാക്കിയ ബില്ലുകളിൽ തുക അനുവദിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ഹരിത കർമ്മ സേനയ്ക്ക് സ്വന്തമായി വെയിങ്ങ് മെഷീൻ ഉണ്ടെങ്കിലും വേർതിരിച്ച ശേഷം കയറ്റി അയക്കുന്ന ഖരമാലിന്യങ്ങളുടെ തൂക്കം എടുത്ത ശേഷമല്ല കയറ്റി അയക്കുന്നത്. കയറ്റി അയക്കുന്ന മാലിന്യങ്ങളുടെ തൂക്കം ഹരിത കർമ്മ സേനയുടെ രേഖകളുമായി പൊരുത്തമുണ്ടായിരിക്കേണ്ടതാണ്. ഹരിത കർമ്മ സേന വേർതിരിച്ച് വിൽപ്പന നടത്തിയ മാലിന്യങ്ങൾ ഒഴികെയുള്ള റിജക്ടഡ് വെയിസ്റ്റുകൾ തൂക്കമെടുത്ത് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കോനാരി സമർപ്പിക്കുന്ന ബിൽ പ്രകാരമുള്ള അളവാണ് ഹരിത കർമ്മസേന രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നത്. ഇത്തരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തൂക്കത്തിനുള്ള തുക മാത്രമാണ് ഏജൻസിയ്ക്ക് നൽകേണ്ടത്.

4) അജൈവ മലിന്യ സംസ്കരണത്തിന്റെ ചുമതലയുള്ള കോനാരി, ഹരിതകർമ്മസേന വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ അവ ശാസ്ത്രീയമായാണ് കൈയ്യൊഴിഞ്ഞത് എന്നും സംസ്കരിക്കുന്നത് എങ്ങനെയെന്നതിന്റെയും സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5) ഹരിത കർമ്മ സേനയെ സ്വയം പര്യാപ്തമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ അജൈവ മാലിന്യ സംസ്കരണത്തിന്റെ ചുമതല കോനാരി എന്ന സ്ഥാപനത്തിനാണ്. ആവശ്യമായ ഫണ്ട് ഉണ്ടായിട്ടും സ്ഥലം കണ്ടെത്തി സ്വന്തമായി ഒരു എം.സി.എഫ് ഹരിതകർമ്മസേനയ്ക്ക് നിർമ്മിച്ച നൽകാനും ഹരിത കർമ്മ സേനയെ സ്വയം പര്യാപ്തമാക്കാൻ സാധിക്കാത്തതും നഗരസഭയുടെ വീഴ്ചയാണ്.

6) അജൈവ മാലിന്യ നിർമ്മാർജനം നഗരസഭയ്ക്ക് വൻ ബാധ്യതയാകുന്നു. വിവിധ വാർഡുകളിൽ നിന്ന് ഹരിത കർമ്മസേന വഴി ശേഖരിച്ച മാലിന്യം കയറ്റി അയച്ചതിന് കോനാരി സമർപ്പിച്ചിട്ടുള്ള ബില്ലിന്റെ അടിസ്ഥാനത്തിലാണ് 2621151 രൂപ ചെലവഴിച്ചിട്ടുള്ളത്. മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് വൻ തുക വിനിയോഗിക്കേണ്ടി വന്നത് ഹരിതകേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്ടഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. സർക്കാർ നിർദ്ദേശപ്രകാരം വി. ജി. എഫ്, വളരെ അപകടകരമായ മാലിന്യങ്ങൾ നീക്കുന്നതിനുള്ള ചെലവ്, പ്രതിമാസ ഫീസ് ഹരിത കർമ്മസേനയ്ക്ക് നല്കാൻ ശേഷിയില്ലാത്ത അതിദരിദ്രർ, അഗതികൾ തുടങ്ങിയവരുടെ വരിസംഖ്യ, വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം. സി. എഫിലേക്ക് മാറ്റുന്നതിനുള്ള വാഹന ചെലവ് എന്നീ ഇനങ്ങളിൽ മാത്രമാണ് നഗരസഭയ്ക്ക് ചെലവ് വരേണ്ടത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശങ്ങൾ മുൻവർഷങ്ങളിലും നൽകിയിട്ടും അപാകതകൾ ആവർത്തിക്കുന്നതിനാൽ ചെലവ് തുക 2621151 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1-35 ശുചിത്വ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകത**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

പദ്ധതി – 3/23

അടങ്കൽ – 400000

ചെലവ് - 247805/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നഗരസഭയിലെ ഖരമാലിന്യ പരിപാലനത്തിൽ ഏർപ്പെടുന്ന ശുചീകരണ തൊഴിലാളികൾക്കും ഹരിതകർമ്മസേനാംഗങ്ങൾക്കും ആവശ്യമായ ശുചീകരണ സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും ശുചീകരണ തൊഴിലാളികൾക്ക് യൂണിഫോം നൽകുന്നതിനുമാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയിൽ ബിൽ നമ്പർ 447/13.3.23 പ്രാകാരം 136725 രൂപ കൺസ്യൂമർ ഫെഡിന് അനുവദിച്ചിട്ടുണ്ട്. 136725 രൂപയുടെ സാധനങ്ങൾ ലഭിച്ചതിന്റെ ബില്ലും സ്റ്റോക്ക് രജിസ്റ്ററും പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ബിൽ നമ്പർ 210/21.10.22 പ്രകാരം 84760 രൂപ ചെലവഴിച്ച് വാങ്ങിയ സാധനങ്ങളിൽ 4290 രൂപയുടെ ഡെറ്റോൾ, 3250 രൂപയുടെ ഗ്ലൗസ്, 765 രൂപയുടെ മഴക്കോട്ട്, 460 രൂപയുടെ റോപ്പ് എന്നിങ്ങനെ 8765 രൂപയുടെ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3) ശുചീകരണ തൊഴിലാളികൾക്ക് യൂണിഫോം വാങ്ങി നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നത് വരെ 145490 (8765+136725) രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-36 റിങ്ങ് കമ്പോസ്റ്റ് സ്വച്ച്ഭാരത് പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

പദ്ധതി – 28/23

ചെലവ് - 1482500/- (800000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 682500 – ശുചിത്വ മിഷൻ)

ബിൽ നമ്പർ തിയ്യതി - 21, 22/28.5.22, 107/23.8.22

നഗരസഭയിലെ ഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായി റിങ്ങ് കമ്പോസ്റ്റുകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. യൂണിറ്റ് ഒന്നിന് 2500 രൂപ വീതം കണക്കാക്കി ടെണ്ടർ നടപടികൾ കൂടാതെ റെയ്ഡ്കോയിൽ നിന്നാണ് റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് വാങ്ങിയിട്ടുള്ളത്. 2021-22 വർഷത്തിൽ 312/22 നമ്പർ പദ്ധതി പ്രകാരം 1000000 രൂപ (ബിൽ-8020/19.3.22) അനുവദിക്കുകയും 400 യൂണിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ വർഷം 593 യൂണിറ്റുകൾക്ക് തുക റെയ്ഡ്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് 14.2.2018 ലെ ജി.ഒ (കൈ)22/2018/LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-8 (എ) പ്രകാരം റിങ്ങ് കമ്പോസ്റ്റ് യൂണിറ്റിന് അനുവദിക്കാവുന്ന പരമാവധി തുക യൂണിറ്റ് കോസ്റ്റിന്റെ 90% ആണ്. ഇവിടെ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റിന് മുഴുവൻ വിലയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും, ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നുമായാണ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്തൃവിഹിതം 500000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 993 റിങ്ങ് കമ്പോസ്റ്റ് യൂണിറ്റിന്റെയും വില നഗരസഭ തന്നെയാണ് വഹിച്ചിട്ടുള്ളത്. 28.2.22 മുതൽ 24.3.22 വരെയുള്ള കാലയളവിൽ 690 ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതമായി 250 രൂപ വീതം പിരിച്ച് നഗരസഭയിൽ അടച്ചതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. ആയത് ഈ പദ്ധതിയിലേക്കുള്ളതാണോ എന്നത് വ്യക്തമല്ല. ആണെങ്കിൽ 993 ഗുണഭോക്താക്കളിൽ നിന്നും വിഹിതം പിരിക്കാതെ ഭാഗികമായി ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ കാരണം

വ്യക്തമാക്കേണ്ടതാണ്.

2) 993 ഗുണഭോക്താക്കൾ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1482500 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1-37 വയലത്ത് കോഴഞ്ചേരി ഡ്രെയിനേജ് നിർമ്മാണം - അപാകതകൾ**

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ - 259/23

അടങ്കൽ - 3,00,000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പ്രത്യേക ഉദ്ദേശ ഗ്രാന്റ്)

കരാറുകാരൻ - ഓമശ്ശേരി ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

ചെലവ് - 2,72,913/-, Sanction Order No.659/31.3.23

വയലത്ത് കോഴഞ്ചേരി റോഡിനോട് ചേർന്ന് 29 മീറ്റർ നീളത്തിൽ ഡ്രെയിനേജും കവറിംഗ് സ്ലാബും നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. ഇ.എം. ബുക്ക് പ്രകാരം 20.4 മീ. നീളത്തിലും 2.5 മീറ്റർ ആഴത്തിലും ഡ്രെയിനേജും 20 മീറ്റർ നീളത്തിൽ കവറിംഗ് സ്ലാബും നിർമ്മിച്ചിട്ടുണ്ട്. 11.1.2024 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ഡ്രെയിനേജിന്റെ അവസാനഭാഗത്ത് 3 മീറ്ററോളം നീളത്തിൽ കവറിംഗ് സ്ലാബ് ഇട്ടിട്ടില്ല എന്നു കണ്ടു. ഒരു വീടിന്റെ മുൻവശത്തായി 2.5 മീറ്റർ ആഴത്തിലുള്ള ഡ്രെയിനേജ് കവറിംഗ് സ്ലാബില്ലാതെ കിടക്കുന്നതിനാൽ അപകടസാധ്യതയുള്ളതായി വീട്ടുകാർ നേരിൽ അറിയിച്ചിട്ടുണ്ട്. 20 മീറ്റർ നീളത്തിൽ കവറിംഗ് സ്ലാബ് നിർമ്മിച്ചതായി ഇ എം. ബുക്കിൽ രേഖപ്പെടുത്തുകയും ചെലവ് തുക കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തി എം. ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ചെലവ് തുക 2,72,913/- തടസ്സത്തിൽ വെക്കുന്നു.

**1-38 നഗരസഭ കെട്ടിട സമുച്ചയം മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - പദ്ധതിയുടെ നിലവിലെ വിവരം ലഭ്യമല്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ | 373/23 |
| പ്രോജക്ട് | നഗരസഭ കെട്ടിട സമുച്ചയം മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ ഫയൽ നമ്പർ - ഇ1/10276/21 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | തനത് ഫണ്ട് - 5,00,000 രൂപ |
| ചെലവഴിച്ച തുക | 3,00,000 രൂപ ( ചെക്ക് നമ്പർ - 682535 തീയതി 30.3.2023, വൗച്ചർ നമ്പർ 22201320 തീയതി 30.3.2023 ) |

നഗരസഭാ ഓഫീസിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനും ജീവനക്കാർക്ക് സൗകര്യപ്രദമായി ജോലി ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കി ജനസേവനം മെച്ചപ്പെടുത്തുന്നതിനുമായി നഗരസഭ കെട്ടിട

സമുച്ചയത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായാണ് ഈ പ്രോജക്ട് തയ്യാറാക്കിയത്. നഗരസഭാ ഓഫീസ് കെട്ടിടത്തിനുള്ള DPR, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കൽ, കെട്ടിട നിർമ്മാണം, സൂപ്പർവിഷൻ എന്നിവ ഒരുമിച്ച് ഏറ്റെടുക്കാൻ തയ്യാറുള്ള PMCകളിൽ നിന്നും ഓഫർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് ( എസ്റ്റിമേറ്റ് തുകയായ 3,03,84,395 രൂപയുടെ 2 % ആയ 6,07,688 രൂപ ) ക്വാട്ട് ചെയ്ത Thrissur District Labour Contract Co-Operative Society എന്ന സ്ഥാപനത്തിന്റെ ഓഫർ സ്വീകരിക്കുകയും ഈ സ്ഥാപനവുമായി 15.9.2022 ന് കരാർ വെക്കുകയും ചെയ്തു. 23.12.2022 ന് മേൽ സ്ഥാപനം ഓഫീസ് ബിൽഡിംഗിന്റെ Preliminary Drawings നഗരസഭയിൽ സമർപ്പിക്കുകയും ചെയ്തു. 30.3.2023 ന് Thrissur District Labour Contract Co-Operative Society ക്ക് 3,00,000 രൂപ ആദ്യ ഗഡുവായി അനുവദിച്ചു.

എൽ. എസ്. ജി. ഡി. അർബൻ ഡയറക്ടറുടെ 13.7.2022 ലെ DUA/6772/2022-DC2 നമ്പർ കത്ത് പ്രകാരം ഒരു നഗരസഭയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ 3 കോടി രൂപയാണ് സർക്കാർ അനുവദിക്കുന്നത് എന്നും 2022-23 വർഷം കെട്ടിടം നിർമ്മിക്കാൻ പ്രൊപ്പോസൽ സമർപ്പിക്കുന്ന പക്ഷം ഫണ്ട് അനുവദിക്കുന്നതിനായി പരിഗണിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുക്കം നഗരസഭയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് / കെട്ടിടം കൂട്ടിച്ചേർത്ത് നിർമ്മാണം നടത്തുന്നതിന് സർക്കാർ അനുമതി ലഭ്യമായതിന്റെ വിവരം, Thrissur District Labour Contract Co-Operative Society എന്ന സ്ഥാപനം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള Final DPR നഗരസഭയിൽ സമർപ്പിച്ചതിന്റെ വിവരം, എൽ. എസ്. ജി. ഡി. അർബൻ ഡയറക്ടറുടെ 13.7.2022 ലെ DUA/6772/2022-DC2 നമ്പർ കത്ത് പ്രകാരം നഗരസഭയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ അനുവദിക്കാം എന്ന് അറിയിച്ച 3 കോടി രൂപ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 20/2022-23 തീയതി 11.1.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതുവരെ ഈയിനത്തിലുള്ള 3,00,000 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**1-39 ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ | 50/23 |
| പ്രോജക്ട് | ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>ഫയൽ നമ്പർ - എ2/882/22 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | വികസന ഫണ്ട് - 6,19,200 രൂപ<br>തനത് ഫണ്ട് - 2,80,800 രൂപ |
| ചെലവഴിച്ച തുക | 6,19,200 രൂപ - വികസന ഫണ്ട്<br>ബിൽ നമ്പർ 417/2022-23 തീയതി 6.5.2022 |

മുക്കം നഗരസഭാ പ്രദേശത്തെ 12, 14, 20, 29, 30, 31, 32, 33 എന്നീ ഡിവിഷനുകളിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട്. മേൽ പ്രകാരമുള്ള 8 ഡിവിഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ 8 Mtr Oct Pole Minimast With 4 Nos. Of 100 W LED Lighting System സ്ഥാപിക്കാനാണ് ഈ പദ്ധതി. കേരള സർക്കാർ സ്ഥാപനമായ കെല്ലിന് ( KERALA ELECTRICAL AND

ALLIED ENGINEERING COMPANY LIMITED ) വർക്ക് ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 23.3.2022 ലെ 484 നമ്പർ ഇൻവോയ്സ് പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സപ്ലൈ ചെയ്യപ്പെട്ട ലോ മാസ്റ്റ് ലൈറ്റുകൾ 12, 29, 30, 31, 32 എന്നീ ഡിവിഷനുകളിൽ സ്ഥാപിച്ചതായി ബന്ധപ്പെട്ട വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 14, 20, 33 എന്നീ ഡിവിഷനുകളിൽ ലൈറ്റുകൾ സ്ഥാപിച്ചതായുള്ള ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഫയലിൽ ഇല്ല. 14, 20, 33 ഡിവിഷനുകളിൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുവാനും ലൈറ്റുകൾ സ്ഥാപിച്ചതായുള്ള ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 15/2022-23 തീയതി 11.1.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ അവശേഷിക്കുന്ന 3 ലൈറ്റുകൾക്ക് വേണ്ടി നടത്തിയ 2,32,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-40 നഗരസഭാ മൊബൈൽ അപ്ലിക്കേഷൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ**

പ്രോജക്ട് - നഗരസഭാ മൊബൈൽ അപ്ലിക്കേഷൻ

പ്രോജക്ട് നമ്പർ - 535/23

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 50,000/- രൂപ – വികസന ഫണ്ട് - പൊതുവിഭാഗം

ചെലവ് - 49,000/- രൂപ

ബിൽ നമ്പർ - 638/2022-23 തീയതി 16.3.2023

നഗരസഭയുടെ സേവനങ്ങളും മറ്റ് അറിയിപ്പുകളും മൊബൈൽ അപ്ലിക്കേഷനിലൂടെ കാലതാമസമില്ലാതെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള മൊബൈൽ അപ്ലിക്കേഷൻ തയ്യാറാക്കാൻ സ്റ്റാർട്ട് അപ്പ് സംരംഭത്തിന് പ്രതിഫലം നൽകുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. Qkopy Online Services Private Limited, U L Cyber Park, Kozhikode എന്ന സ്ഥാപനത്തിന് GoK – Direct എന്ന മൊബൈൽ അപ്ലിക്കേഷൻ ലഭ്യമാക്കുന്നതിനാണ് മേൽ തുക നൽകിയിരിക്കുന്നത്. ഈ പ്രോജക്ടിന്റെ നിർവഹണത്തിന് സർക്കാർ നൽകിയ അനുമതി, ഈ പ്രോജക്ട് നിർവഹണം നടത്തിയ സ്ഥാപനത്തെ എങ്ങനെ തെരഞ്ഞെടുത്തു എന്നുള്ള വിവരം, ഈ പ്രോജക്ട് പ്രയോജനപ്പെടുത്തിയവരുടെ / മൊബൈൽ അപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്തവരുടെ എണ്ണം, ഈ പ്രോജക്ടിന്റെ നിർവഹണത്തിലൂടെ നഗരസഭയ്ക്കും പൊതുജനങ്ങൾക്കും ഉണ്ടായ നേട്ടം, ഈ പ്രോജക്ട് നിർവഹണം നടത്തിയ സ്ഥാപനവുമായി നഗരസഭ ചമച്ച കരാർ, ഈ പ്രോജക്ട് പ്രകാരമുള്ള മൊബൈൽ അപ്ലിക്കേഷൻ നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ള വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 16/2022-23 തീയതി 11.1.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ഈയിനത്തിലുള്ള 49,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-41 ഡി.പി.സി ബിൽഡിംഗിന് തുക നൽകൽ- വിനിയോഗ വിവരം ലഭ്യമല്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 448/23 | ഡി. പി. സി. ബിൽഡിംഗിന് തുക നൽകൽ | 3,00,000 – വികസന ഫണ്ട് - ജനറൽ | ജില്ലാ കളക്ടർ, കോഴിക്കോട് 1,00,000 – |

| | | | |
|---|---|---|---|
| | | | ബിൽ നമ്പർ - 707/22-23, തീയതി 10.1.2023<br>2,00,000 –<br>ബിൽ നമ്പർ - 181/22-23, തീയതി 28.1.2023 |

മേൽ പ്രകാരം കൈമാറിയ തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 14/2022-23 തീയതി 11.1.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 3,00,000 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-42 വയോമിത്രം പദ്ധതി - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക അനുവദിച്ചു**

പ്രൊജക്റ്റ് നമ്പർ - 230/23

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് തുക - 15,00,000 (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ/ തിയതി - 10/20-10-22

സംസ്ഥാനത്തെ നഗര പ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷയും മാനസികോല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുക, പ്രതിമാസം രജിസ്റ്റർ ചെയ്ത 1892 പേരിൽ 1200 ഓളം വയോജനങ്ങൾക്ക് കൃത്യതയോടും സമയബന്ധിതമായും മെഡിക്കൽ സേവനങ്ങൾ എത്തിക്കുന്നതോടൊപ്പം മാനസികാരോഗ്യം പകരാൻ ഉതകുന്ന വയോജനങ്ങളുടെ കലാവിരുന്നുകൾ, വിനോദയാത്രകൾ, ആഘോഷങ്ങൾ എന്നിവ നഗരസഭ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡുകളിൽ സംഘടിപ്പിക്കുന്നതിലൂടെ വയോജനങ്ങൾക്ക് ശാരിരീക മാനസിക ആരോഗ്യം പകരുക തുടങ്ങിയവയാണ് 'വയോമിത്രം' പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി നഗരസഭ മേൽ സൂചിപ്പിച്ച പ്രകാരം 15,00,000/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷ മിഷന് ഫണ്ട് കൈമാറുന്നതുമായി ബന്ധപ്പെട്ട 06.05.2013 ലെ സ.ഉ.(സാധാ)നം.1209/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഈ പദ്ധതിയ്ക്കായി മിനിസിപ്പാലിറ്റിയ്ക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 10,00,000/- രൂപയാണ്. 15,00,000/- ചെലവഴിക്കാൻ അടിസ്ഥാനമായ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക അനുവദിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

വയോമിത്രം പദ്ധതിക്ക് 15,00,000/- രൂപ ചെലവഴിക്കാൻ അടിസ്ഥാനമായ സർക്കാർ ഉത്തരവ്, ലഭ്യമാക്കേണ്ടതാണ്. 15,00,000/- രൂപ ചെലവഴിക്കാൻ അടിസ്ഥാനമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതു വരെ അധികമായി ചെലവഴിച്ച 5,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1-43 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

പ്രോജക്റ്റ് - എ.ബി.സി പ്രോഗ്രാം

പ്രോജക്റ്റ് നമ്പർ - 449/23

അടങ്കൽ - 100000/- രൂപ (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 1,00,000/- രൂപ

ബിൽ നമ്പർ - 589/28.03.2023

നിർവഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

തെരുവ് നായ നിയന്ത്രണത്തിനുവേണ്ടി കോഴിക്കോട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എ.ബി.സി പ്രോഗ്രാമിനായി മുകളിൽ ചേർത്ത ബിൽ പ്രകാരം 1,00,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതു വരെ ഈയിനത്തിലെ ചെലവ് തുകയായ 1,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

**1-44 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക നഗരസഭ അക്കൗണ്ടിൽ അടവാക്കിയില്ല.**

അസി. എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്. ബി. ഐ മുക്കം ബ്രാഞ്ചിലുള്ള 67385635730 നം. അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റാകുന്നത്. ഇ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നഗരസഭയിൽ അടവാക്കാതെ പ്രസ്തുത അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ഇ ടെണ്ടർ ഫീ, ഇ.എം.ഡി എന്നീയിനങ്ങളിലായി 13,39,719.82 രൂപ 6.1.2024 തീയതിയിൽ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഇ ടെണ്ടർ ഫീയിനത്തിലുള്ള തുക നഗരസഭയിൽ അടവാക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം നൽകേണ്ടതും, ഈ അക്കൗണ്ടിൽ മറ്റേതെങ്കിലും ഇനത്തിലുള്ള തുക ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്. ഇ-ടെണ്ടർ ഫീസ് നഗര സഭ ഫണ്ടിൽ ഒടുക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

**1-45 ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ്. ഈടാക്കിയില്ല**

| | | |
|---|---|---|
| പ്രൊജക്ട് നം /പേര് | 10/23 അങ്കണവാടി പോഷകാഹാരം | 12/23 അങ്കണവാടി പോഷകാഹാരം എസ്.സി |
| വകയിരുത്തിയ തുക | 6300000 (4100000 വികസന ഫണ്ട് + 2200000 കേന്ദ്രാവിഷ്കൃത ഫണ്ട്) | 1100000 (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് തുക | 6169262 (4100000വികസന ഫണ്ട് + 2069262 കേന്ദ്രാവിഷ്കൃത ഫണ്ട്) | 1042176 (വികസന ഫണ്ട് - എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | |

തൻവർഷം മേൽ കാണിച്ചിരിക്കുന്ന പ്രോജക്ടുകൾ മുഖേന കക്കാടംപൊയിലിലുള്ള നവജീവൻ ഫുഡ് പ്രോഡക്ട്സ്, മാവൂരിലുള്ള ശക്തി ഫുഡ് പ്രോഡക്ട്സ് എന്നീ സ്ഥാപനത്തിൽ നിന്നാണ് താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGST യും, 2.5% SGST യും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്നുവെങ്കിലും സ്രോതസിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തിയ്യതി | ന്യൂട്രിമിക്സിന് CGST,SGST (5%) ഉൾപ്പെടെ അനുവദിച്ച ബിൽ തുക | ഈടാക്കേണ്ട ജി.എസ്.ടി/വാങ്ങിയ സ്ഥാപനം |
|---|---|---|
| 194/4-4-22 | 262174 | 5243 നവജീവൻ ഫുഡ് പ്രോഡക്ട്സ് |

| | | |
|---|---|---|
| 202/5-5-22 | 154350 | 3087 നവജീവൻ ഫുഡ് പ്രോഡക്സ് |
| 206/30-7-22 | 258793 | 5176 നവജീവൻ ഫുഡ് പ്രോഡക്സ് |
| 342/9-11-22 | 203301 | 4066 ശക്തി ഫുഡ് പ്രോഡക്ട്സ് |
| 349/14-12-22 | 183750 | 3675 ശക്തി ഫുഡ് പ്രോഡക്ട്സ് |
| 232/29-12-22 | 161700 | 3234 നവജീവൻ ഫുഡ് പ്രോഡക്സ് |
| 236/ 1/23 | 129654 | 2593 നവജീവൻ ഫുഡ് പ്രോഡക്സ് |
| 237/25-2-23 | 177502 | 3550 നവജീവൻ ഫുഡ് പ്രോഡക്സ് |
| 241/3-23 | 210687 | 4214 നവജീവൻ ഫുഡ് പ്രോഡക്സ് |
| 211/30-8-22 | 221088 | 4422 നവജീവൻ ഫുഡ് പ്രോഡക്സ് |
| 340/12-10-22 | 218515.5 | 4370 ശക്തി ഫുഡ് പ്രോഡക്ട്സ് |
| ആകെ | | 43630 |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ ബില്ലിൽ നിന്നും 1% വീതം ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017 ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം അങ്കണവാടികളിലെ പോഷകാഹാരവിതരണത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്ന അമൃതം ഫുഡ് വാങ്ങിയപ്പോൾ SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു. ഒരു വർഷത്തിൽ സ്ഥാപനം വിതരണം ചെയ്യുന്ന ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യത്തിലും (ചെറിയ തുകയുടെ ബില്ലുകളായിട്ടാണ് പെയ്മെന്റുകൾ നടത്തിയിരിക്കുന്നത്) ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

ന്യൂട്രിമിക്സ് ഉത്പന്നത്തിന്റെ ബിൽ തുകയിൽ നിന്ന് സ്രോതസ്സിൽ നിന്ന് ടി.ഡി.എസ്. ഈടാക്കാത്തതിനുള്ള വിശദീകരണം നൽകേണ്ടതാമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/22-23 തീ-10-1-24) ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി. ടി.ഡി.എസ് ആയി ഈടാക്കണമെന്ന കാര്യം അറിവില്ലായിരുന്നുവെന്നും, 2023-24 വർഷം മുതൽ ഇനി വരുന്ന ബില്ലുകളിൽ ജി.എസ്.ടി. ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-46 വനിതാഘടക പദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 2022-23 വർഷത്തിൽ മുക്കം മുനിസിപ്പാലിറ്റിയിൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ തുക വകയിരുത്തി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നംപർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 22/23 വിദ്യാർത്ഥിനികൾക്ക് പഠന മുറി (എസ്.സി) (SO) | 100000 (വികസന ഫണ്ട് എസ്.സി.പി) | 100000 |
| 2 | 26/23 എസ്.സി വിദ്യാർത്ഥിനികൾക്ക് പഠന മുറി (SO) | 681800 (വികസന ഫണ്ട് എസ്.സി.പി) | 660000 |
| 3 | 193/23 ഞങ്ങളും കൃഷിയിലേക്ക് ഇടവിള കൃഷി - വനിത എസ്.സി | 200000 (വികസന ഫണ്ട് എസ്.സി.പി) | 200000 |

| | | | |
|---|---|---|---|
| 4 | 194/23 ഞങ്ങളും കൃഷിയിലേക്ക് ഇടവിള കൃഷി – വനിത ജനറൽ | 360000 (വികസന ഫണ്ട് ) | 360000 |
| 5 | 328/23 അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ – വനിത എസ്.സി | 200000 (പട്ടികജാതി വികസന ഫണ്ട്) | 200000 |
| 6 | 329/23 അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ – വനിത | 39600 ( വികസന ഫണ്ട്) | 393600 |
| 7 | 355/223 വിവാഹ ധനസഹായം എസ്.സി | 2325000 (വികസന ഫണ്ട് എസ്.സി.പി) | 2325000 |
| 8 | 367/23 എസ്.സി വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് | 2000000 (വികസന ഫണ്ട് എസ്.സി.പി) | 1935000 |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)1)സ.ഉ (കൈ)നം.86/2022/തസ്വഭവ.തീ. 19-4-22 ഖണ്ഡിക 5.4.1(7)പ്രകാരം വികസനഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തി സ്ത്രീകളുടെ നിർണ്ണായക ലിംഗ പദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാണ് വനിതാഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൃത്യമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിലാണ് വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടത്. എല്ലാ വിഭാഗക്കാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർ ബാങ്ക്, വിപണന കേന്ദ്രങ്ങൾ, ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രൊജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്ക്വോണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. ഇതിൽ നിന്ന് വ്യത്യസ്തമായ പ്രോജക്ടുകളാണ് മേൽ കൊടുത്തിരിക്കുന്നവ.

അപാകതയ്ക്ക് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/22-23 തീ-10-1-24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശപ്രകാരം വനിതാ ഘടക പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

**1-47 ഭിന്നശേഷി സ്കോളർഷിപ്പ് – അർഹതയുണ്ടായിട്ടും ആനുകൂല്യം നിഷേധിച്ചു.**

| | |
|---|---|
| പ്രൊജക്ട് നം. /പേര് | 18/23 ഭിന്നശേഷി സ്കോളർഷിപ്പ് |
| വകയിരുത്തിയ തുക | 2637600 (വികസന ഫണ്ട്) |
| ചെലവ് തുക | 2637600 (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

തൻവർഷം മേൽ കാണിച്ചിരിക്കുന്ന പ്രോജക്ട് മുഖേന 120 കുട്ടികൾക്ക് ഭിന്നശേഷി സ്കോളർഷിപ്പ് നൽകുന്നതിനായി 2637600 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഫയലിലെ തിരസ്കരിച്ച അപേക്ഷകൾ

പരിശോധിച്ചതിൽ ഒരു ഗുണഭോക്താവിന് സ്കോളർഷിപ്പിന് അർഹതയുണ്ടായിട്ടും ആനുകൂല്യം നൽകിയതായി കണ്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കുട്ടിയുടെ പേര് | വാർഡ് | ജനന തീയ്യതി | റിമാർക്സ് |
|---|---|---|---|
| അഭിമന്യു. പി. പി, പാലാട്ട് പറമ്പിൽ, നീലേശ്വരം | 30 | 16-3-2004 | ബീച്ച് ഹോസ്പിറ്റലിൽ നിന്നും ലഭിച്ച മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം (No.280688/3-3-2010) 50% Mild Mental Retardation ഉള്ള കുട്ടിയാണ്. നീലേശ്വരം ഹയർ സെക്കന്ററി സ്കൂളിൽ നിന്നും പ്ലസ് ടു കഴിഞ്ഞ കുട്ടിയാണെന്നും കുട്ടിക്ക് ഭിന്നശേഷി സ്കോളർഷിപ്പിന് അർഹതയുണ്ടെന്നും പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |

സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28-5-22 ഖ 7.16(ഡി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്തവരായ മാനസിക വെല്ലു വിളികൾ, വളർച്ചാ സംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം, ഓട്ടിസം മുതലായവ നേരിടുന്നവർക്ക് പ്രതിമാസ ബത്ത 1000 രൂപ നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. മാർഗ്ഗനിർദ്ദേശ പ്രകാരം സ്കോളർഷിപ്പിന് അർഹതയുണ്ടായിട്ടും ആനുകൂല്യം നൽകാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/22-23 തീ-10-1-24) ലഭ്യമാക്കിയ മറുപടിയിൽ മേൽ മാർഗ്ഗരേഖയിലെ പ്രസ്തുത പരാമർശം ശ്രദ്ധയിൽപെടാതെ പോയതിനാലാണ് ഇപ്രകാരമുള്ള അപാകത സംഭവിച്ചതെന്നും നടപ്പു വർഷ പദ്ധതിയിൽ പ്രസ്തുത ഗുണഭോക്താവിനെ ഉൾപ്പെടുത്താൻ പറ്റുമെങ്കിൽ ആനുകൂല്യം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2023-24 വർഷ പദ്ധതിയിൽ പ്രസ്തുത ഗുണഭോക്താവിനെ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-48 2KVA UPS ബാറ്ററികൾ - വാങ്ങൽ നടപടികളിലെ അപാകതകൾ

ഫയൽ നം. R1/A2- 4824/22

ചെലവ് തുക – 42000 (തനതു ഫണ്ട്)

ചെക്ക് നം. - 690365/10-8-22

മേൽ ഫയൽ പ്രകാരം 23-3-22 ലെ ഐ.കെ.എം ടെക്നിക്കൽ ഓഫീസറുടെ കത്ത് മുഖേന മുനിസിപ്പാലിറ്റിയിൽ നിലവിൽ ഉപയോഗിച്ചു വരുന്ന 2KVA UPS കംപ്ലയിന്റ് ആയതിനാൽ അതിന്റെ 4 UPS ബാറ്ററികൾ (ഇൻവർട്ടർ ബാറ്ററികൾ) മാറ്റാൻ നടപടികൾ സ്വീകരിക്കാനാവശ്യപ്പെട്ടിരുന്നു. പഴയ 4 ബാറ്ററികൾക്ക് ബൈബാക്ക് സിസ്റ്റം മുഖേന റീപ്ളെയിസ് ചെയ്യുന്നതിന് വില ലഭിക്കുമെന്നും ടി. എ സൂചിപ്പിച്ചിട്ടുണ്ട്. 30-4-22 ലെ 10 നമ്പർ കൗൺസിൽ തീരുമാന പ്രകാരം 42600 രൂപ ഏകദേശ ചെലവ് വരുമെന്ന് കണക്കാക്കി ആയതിന് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് 3-6-2022 ലെ ആർ 1 - എ2-4824/22 നം. ക്വട്ടേഷൻ നോട്ടീസ് പ്രകാരം 13-6-22 ന് അവസാന തീയ്യതി വച്ച് ക്വട്ടേഷൻ

ക്ഷണിച്ചത് പ്രകാരം 3 സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ലഭിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ – 5 വർഷ വാറന്റിയോടു കൂടിയ 4 ബാറ്ററിക്ക് ഒരെണ്ണത്തിന് 12000 രൂപ നിരക്കിൽ 49600 രൂപയും, പഴയ ബാറ്ററിക്ക് ഒന്നിന് 1900 രൂപ നിരക്കിൽ ആകെ 7600 രൂപയും ഉൾപ്പെടെ 42000 രൂപ (49600-7600) ക്വാട്ട് ചെയ്ത മുക്കത്തുള്ള ഗ്രീൻ ലൈറ്റ് എനർജി സൊല്യൂഷൻസിന്റെ ക്വട്ടേഷൻ 27-6-2022 തീയ്യതിയിലെ 38 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് ബാറ്ററി മാറ്റിയ വകയിൽ മേൽ കാണിച്ച പ്രകാരം 42000 രൂപ ഗ്രീൻ ലൈറ്റ് എനർജി സൊല്യൂഷൻസിന് തുക കൈമാറിയിട്ടുണ്ട്. മേൽ വാങ്ങലിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ(പി) നം.7/2019/എസ്.പി.ഡി തീയ്യതി 26-4-2019 മുഖേന സ്റ്റോർ പർച്ചേസ് മാന്വലിൽ വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. Gem മുഖേന ലഭ്യമല്ലാത്തപക്ഷം വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാൽ മാത്രം കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർ പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ വാങ്ങാവുന്നതാണ്. ഫയൽ പ്രകാരം Gem മുഖേന വാങ്ങാനുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ നേരിട്ട് ക്വട്ടേഷൻ പ്രകാരമാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

2. നിലവിൽ ഉപയോഗിച്ചു വരുന്ന 2KVA UPS എന്ന് വാങ്ങിയതാണോയെന്നും ബാറ്ററിയുടെ വാറന്റി പിരീയഡ് കഴിഞ്ഞതാണോ എന്നും പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമല്ല. IT/Electronic Equipments ന് മുനിസിപ്പാലിറ്റി സൂക്ഷിച്ചു വരുന്ന സ്റ്റോക്ക് രജിസ്റ്ററിലും 2KVA UPSന്റെ സ്റ്റോക്ക് രേഖപ്പെടുത്തി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/22-23 തീ-12-1-24) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിശദീകരണം നൽകേണ്ടതും 2KVA UPS ന്റെ വാറന്റി, സ്റ്റോക്ക് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമണ്.

**1-49 ഗുണഭോക്താക്കൾക്ക് അർഹമായ സ്കോളർഷിപ്പ് തുക ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് |
| പ്രോജക്ടിന്റെ നമ്പർ | 367/23 |
| വകയിരുത്തിയതുക | 2000000 (വികസനഫണ്ട് എസ്.സി.പി) |
| ചെലവുതുക | 1780000+65000+70000+20000 = 1935000 (വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നം/തീയ്യതി | 276/24-12-22, 288/3-1-23, 323/19-1-23, 360/15-2-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ |

മേൽ പദ്ധതി പ്രകാരം 86 എസ്. സി വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ശ്രീമതി അലീന കെ, അഞ്ജന പി എന്നിവർ ബി.കോം ഡിഗ്രി വിദ്യാർത്ഥിനികളായതിനാൽ രണ്ടു പേർക്കും 20000 രൂപ വീതം യഥാക്രമം ടിയാളുടെ യൂണിയൻ ബാങ്കിന്റെ UBIN0821012 നമ്പർ ബാങ്ക് അക്കൗണ്ടിലേക്കും, കനറാ ബാങ്കിലുള്ള CNRB0001135 എന്നീ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ടെങ്കിലും സ്കോളർഷിപ്പ് തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടില്ല. ട്രഷറി ബിൽ പെയ്ഡ് സ്റ്റാറ്റസ് പരിശോധിച്ചപ്പോൾ Not Delivered എന്ന് കാണിച്ചതിനാൽ പ്രിൻസിപ്പാൾ ബാങ്കുമായി ബന്ധപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ഇടപാട് നടക്കാത്ത അക്കൗണ്ടായതിനാൽ അക്കൗണ്ട് ക്ളോസ് ചെയ്ത് പോയിട്ടുണ്ട് എന്നറിയിച്ചതായി വാക്കാൽ പറഞ്ഞു. തുടർന്ന് ഗുണഭോക്താക്കളുമായി നിരന്തരം ബന്ധപ്പെട്ടെങ്കിലും അവർ യഥാസമയം ബാങ്ക് അക്കൗണ്ട് വിവരം ലഭ്യമാക്കിയിട്ടില്ലെന്നും പ്രിൻസിപ്പാൾ അറിയിച്ചു. UTR നമ്പർ പരിശോധിച്ചപ്പോൾ പണം ഗവൺമെന്റിലേക്ക് തിരിച്ച് പോയതായി കാണിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-7-2023 ലെ ഡിഎ1/264/2023 സർക്കുലർ പ്രകാരം ഇപ്രകാരം ഗുണഭോക്താവിന്റെ പണം സർക്കാരിലേക്ക് തിരികെ

പോകുന്നത് ഒഴിവാക്കുന്നതിന് തദ്ദേശ സ്വയംഭരണ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകാൻ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/22-23 തീ. 10-1-24) ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷ പ്രോജക്ടിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താവിന് അർഹമായ തുക തുടർ വർഷത്തെ പദ്ധതിയിൽ നിന്ന് നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-50 ക്വട്ടേഷനുകൾക്ക് കൗൺസിൽ അംഗീകാരം ലഭ്യമാക്കാതെ കരാറുകാരെ പ്രവൃത്തി ഏൽപിച്ചു.**

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2021-22 വർഷം ആരംഭിച്ച് 2022-23 വർഷത്തേക്ക് സ്പിൽ ഓവറായ താഴെ പറയുന്ന പ്രവൃത്തികൾക്ക് ലഭിച്ച ക്വട്ടേഷനുകൾക്ക് കൗൺസിൽ അംഗീകാരം ലഭ്യമാക്കാതെയാണ് കരാറുകാരുമായി കരാർ വെച്ച് പ്രവൃത്തി ഏൽപ്പിച്ച് നൽകിയിട്ടുള്ളത്.

| ക്രമ നം. | പ്രൊജക്ട് നം. /പേര് | ക്വട്ടേഷൻ ലഭിച്ച തീയതി | കരാർ നം. /തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | കൗൺസിൽ അംഗീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | 228/22 (So 8/23) - വാർഡ് 27 ലെ വിവിധ പദ്ധതികൾ<br>അടങ്കൽ - 500000, സംരക്ഷണഗ്രാന്റ് (റോഡ്)<br>കരാറുകാരൻ - സൈനുദ്ദീൻ പി. ടി<br>ബിൽ നം. 396/25.2.23 - 469054/- | 29.3.22 | AE/LSGD /MKM/6/22-23 Dt2.6.2022 | 17.6.2022 | 24.1.2023 |
| 2 | 161/22 (So 69/23) – തടപ്പറമ്പ് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>അടങ്കൽ - 250000, തനത് ഫണ്ട്<br>കരാറുകാരൻ - ഫിറോസ് ഖാൻ<br>ബിൽ നം.640/30.3.23 - | 29.3.2022 | AE/LSGD/MKM/ 229/21-22 Dt31.3.22 | 7.3.2023 (31.3.2022 ന് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്) | 24.1.2023 |

| | | | | | |
|---|---|---|---|---|---|
| | 167468/- | | | | |

മേൽ പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് പകരം ക്വട്ടേഷൻ ക്ഷണിച്ചതിന്റെ കാരണം വ്യക്തമല്ല. (ഇ ടെണ്ടർ/ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.) രണ്ട് പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത സിംഗിൾ ക്വട്ടേഷൻ ആണ് ലഭിച്ചത്. കരാറുകാരുമായി കരാർ വെച്ച് പ്രവൃത്തി ആരംഭിച്ചതിന് ശേഷം 24.1.23 നാണ് ക്വട്ടേഷനുകൾ കൗൺസിൽ അംഗീകാരത്തിനായി സമർപ്പിച്ചത്. തീരുമാനം നം. 8 പ്രകാരം പ്രവൃത്തികൾക്ക് ലഭ്യമായ ക്വട്ടേഷനുകൾ കൗൺസിൽ അംഗീകരിക്കുകയും എഗ്രിമെന്റ് വെച്ച നടപടി സാധൂകരിക്കുകയും ചെയ്തു. ഇ ടെണ്ടർ/ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചതിനും കൗൺസിൽ അംഗീകാരം ലഭ്യമാക്കാതെ കരാറുകാരുമായി കരാർ വെച്ച് സൈറ്റ് കൈമാറിയതിനും മറുപടി നൽകേണ്ടതാണ്.

**1-51 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

സ.ഉ.(കൈ) നം. 39/20/തസ്വഭവ തീയതി 20.2.2020, സ.ഉ.(കൈ) നം. 45/20/ത.സ്വ.ഭ.വ തീയതി 6.3.2020 എന്നീ ഉത്തരവുകൾ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മുക്കം നഗരസഭയിൽ 2020-21 വർഷം ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിന് പ്രൊജക്ട് നം. 496/21 ആയി 20,00,000രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിച്ചു. ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായത് താഴക്കോട് വില്ലേജിലെ താഴക്കോട് ദേശത്ത് റീസർവ്വേ നമ്പർ 265 ൽ ഉൾപ്പെട്ട പൊതുമരാമത്ത് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മൂന്ന സെന്റ് സ്ഥലമാണ്. കോഴിക്കോട് ജില്ലാ കലക്ടറുടെ 2.11.2020 ലെ DCKKD/7572/2020-L1 നമ്പർ നടപടിക്രമത്തിലൂടെ ഈ സ്ഥലത്ത് വിശ്രമ കേന്ദ്രം സ്ഥാപിക്കാൻ താല്ക്കാലിക ഉപയോഗാനുമതി നൽകി. ടെണ്ടർ ക്ഷണിച്ച് കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. സുനിൽകുമാർ എ എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. ഫൂട്ടിംഗിനായി കുഴി എടുക്കൽ, ഫൂട്ടിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും ശ്രീ. ശ്രീജയൻ, പരതയിൽ വീട് എന്നയാൾ നൽകിയ പരാതിയെത്തുടർന്ന് പ്രവൃത്തി നിർത്തി വെക്കേണ്ടി വന്നു. പരാതിയുമായി ബന്ധപ്പെട്ട 19.6.22 ലെ Wp(c)120/22 നമ്പർ കേസിന്റെ വിധിയിൽ ടേക്ക് എ ബ്രേക്ക് നിർമ്മാണം നടന്നു വരുന്ന സ്ഥലത്ത് നിന്ന് മാറ്റി വേറെ സ്ഥലം കണ്ടെത്താൻ ഉത്തരവായി. തുടർന്ന് ഫൂട്ടിംഗ് നിർമ്മിക്കുന്നതിനായി ചെലവഴിച്ച 116818 രൂപ ബിൽ നം. 164/13.9.2023 പ്രകാരം കരാറുകാരന് നൽകുകയും പ്രസ്തുത പ്രവൃത്തി ഉപേക്ഷിക്കുകയും ചെയ്തു.

2023-24 വർഷം പ്രവൃത്തിയ്ക്കായി പ്രൊജക്ട് നം. 383/24 (496/21 നം. പ്രൊജക്ട് തുടർവർഷങ്ങളിൽ സ്പിൽ ഓവർ ആക്കിയത്) പ്രകാരം 20,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിനായി താഴക്കോട് വില്ലേജിലെ താഴക്കോട് ദേശത്ത് റീസർവ്വേ നമ്പർ 255 ൽ എടവണ്ണ - കൊയിലാണ്ടി സംസ്ഥാനപാതയിൽ PWD പുറമ്പോക്ക് സ്ഥലത്തുൾപ്പെട്ട 5 സെന്റ് സ്ഥലം കണ്ടെത്തുകയും പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ഇ1/383/23 തീയതി 22.12.2023 പ്രകാരം ജില്ലാ കലക്ടർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർനടപടികളുടെ വിവരം ലഭ്യമല്ല. നിലവിൽ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തിയാക്കി പ്രൊജക്ട് ലക്ഷ്യം കൈവരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-52 പി.എം.എ.വൈ പദ്ധതി - അപാകതകൾ

2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ 2016 ഏപ്രിൽ 1 മുതൽ പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മുക്കം മുനിസിപ്പാലിറ്റിയിലും പി.എം.എ.വൈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയിൽ നിലവിൽ പൊതു, പട്ടികജാതി വിഭാഗക്കാർക്ക് നാല് ലക്ഷം രൂപ വീതം സഹായം നൽകുന്നുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല

മുക്കം മുനിസിപ്പാലിറ്റിയിലെ ഭവനനിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി ചുവടെ കൊടുക്കുന്നു. ഡി.പി.ആർ 1 മുതൽ 6 വരെയുള്ളവയിൽ ഇനിയും പൂർത്തീകരിക്കാത്തത് താഴെ പറയും പ്രകാരമാണ്.

| ഡി.പി.ആർ | പൂർത്തീകരിക്കാൻ അവശേഷിക്കുന്നതിന്റെ എണ്ണം |
|---|---|
| 1 | 0 |
| 2 | 2 |
| 3 | 1 |
| 4 | 6 |
| 5 | 9 |
| 6 | 25 |
| ആകെ | 43 |

2.ഭവനനിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾ തുക തിരിച്ചടച്ചില്ല

ഡി.പി.ആർ 4 ൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നിർമാണം ആരംഭിക്കാത്തിനാൽ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പി.എം.വൈ നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | സുലോചന | 6017912 | 40000 |
| 2 | ഷിനി എം | 6033192 | 40000 |
| 3 | സുജീഷ് കെ | 6033213 | 40000 |
| 4 | വിനോദ് | 6033563 | 40000 |
| | | ആകെ | 160000 |

മേൽ ഗുണഭോക്താക്കൾക്ക് കരാറിൽ ഏർപ്പെട്ട് ഒന്നാം ഗഡു അനുവദിച്ചെങ്കിലും നാളിതുവരെ തറയുടെ നിർമാണം പൂർത്തീകരിക്കാത്തതിനാൽ ലിസ്റ്റിൽ നിന്നും നീക്കം ചെയ്തതായും ഒന്നാം ഗഡുവായി അനുവദിച്ച 40000/- രൂപ പലിശ സഹിതം അടിയന്തിരമായി നഗരസഭയിൽ തിരിച്ചടയ്ക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും 1.10.22 ലെ പി1-3849 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക തിരിച്ചടച്ചിട്ടില്ല.

3.തനത് ഫണ്ടിൽ നിന്നുള്ള ചെലവ് തുക പ്രോജക്റ്റിൽ ഉൾപ്പെടുത്തിയില്ല

2022-23 സാമ്പത്തിക വർഷം പി.എം.എ.വൈ പദ്ധതിപ്രകാരം ഭവനനിർമ്മാണം നടത്തുന്നതിനായി മൂന്ന് പ്രോജക്റ്റുകൾ പ്രകാരം തുക ചെലവഴിച്ചെങ്കിലും പ്രസ്തുത പദ്ധതികളിൽ തനത്

ഫണ്ട് വകയിരുത്തിയിട്ടില്ല. എന്നാൽ ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ തൻവർഷം തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഡി.പി.ആർ | ചെലവ് തുക |
|---|---|---|
| 1 | 1,2,3 | 400000 |
| 2 | 4 | 140000 |
| 3 | 5 | 940000 |
| 4 | 6 | 420000 |
| | | 1900000 |

തനത് ഫണ്ടിൽ നിന്നുള്ള ചെലവ് തുക പ്രോജക്റ്റിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ക്രമ നമ്പർ 1 പ്രകരമുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ പട്ടിക 2-ലെ ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-53 സ്റ്റാമിന പദ്ധതി ചെലവ് സേവന ദാതാക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രൊജക്ട് ഓഫീസർ

പദ്ധതി നം – 46/23

കുടുംബശ്രീ ബാലസഭാ കുട്ടികൾക്ക് ഫുഡ്ബോൾ വോളിബോൾ പരിശീലനം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കിയതിന് ചെലവഴിച്ച തുക താഴെ കാണിച്ച പ്രകാരം കുടുംബശ്രീ എ.ഡി.എസ്/സി.ഡി.എസിന്റെ എക്കൌണ്ടിലേക്കാണ് ലഭ്യമാക്കിയിട്ടുള്ളത്.

| ബിൽ നമ്പർ തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|
| | | |
| 23/30.5.22 | 78370 | മുക്കം സിഡിഎസിന്റെ അക്കൌണ്ടിലേക്ക് പണം നൽകി |
| | | |
| 80/5.8.22 | 70669 | മണാശ്ശേരി എഡിഎസിന്റെ അക്കൌണ്ടിലേക്ക് പണം നൽകി |
| | | |

| | | |
|---|---|---|
| 192/15.10.22 | 76537 | മണാശ്ശേരി എഡിഎസിന്റെ അക്കൌണ്ടിലേക്ക് പണം നൽകി |
| 258/15.12.22 | 74418 | മണാശ്ശേരി എഡിഎസിന്റെ അക്കൌണ്ടിലേക്ക് പണം നൽകി |
| ആകെ | 299994 | |

മേൽ തുകകൾ സിഡിഎസിന്റെ അക്കൌണ്ടിലേക്കാണ് അനുവദിക്കുന്നത്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനോ സിഡിഎസ്സോ, എഡിഎസ്സോ പങ്ക് വഹിക്കുന്നതായി കാണുന്നില്ല. പദ്ധതിയിലേക്ക് പരിശീലനാർത്ഥികൾക്ക് പാലും മുട്ടയും ബോളുകളും വാങ്ങി നൽകിയതിന്റെ ബില്ലുകൾ തുക ലഭിയ്ക്കുന്നതിനായി സിഡിഎസ്/എഡിഎസ് സമർപ്പിക്കുന്ന അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുകയും തുക അനുവദിക്കുകയും ചെയ്യുന്നു. പദ്ധതിയിലേക്കാവശ്യമായ പാലും (ലിറ്ററിന് 60 രൂപ) മുട്ടയും (വേവിച്ച ഒന്നിന് 7.5 രൂപ) വാപ്പാട്ട് സ്റ്റോർ മുക്കം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിന്റെ ബില്ലുകൾ ആണ് ഉള്ളത്. ഇതിനായി നഗരസഭ ക്വട്ടേഷൻ വിളിച്ചിട്ടില്ല. കുടുബശ്രീ വഴി നടപ്പിലാക്കുന്നതിലൂടെ കുടുംബശ്രീ വനിതകൾക്ക് ലാഭകരമായി വരുന്ന രീതിയിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. നഗരസഭയിൽ നിന്ന് ഫണ്ട് വാങ്ങി ഫുഡ്ബോൾ അക്കാദമിക്ക് നൽകുന്ന ഒരു മീഡിയേറ്റർ മാത്രമായാണ് സിഡിഎസ്, എഡിഎസ് എന്നിവ പ്രവർത്തിച്ചത്. ഷൂട്ട് ഔട്ട് എന്ന സ്ഥാപനത്തിൽ നിന്ന് 12096 രൂപയ്ക്ക് 15 ഫുഡ്ബോളുകളും ഗ്ലോബൽ സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്ന് 17200 രൂപയ്ക്ക് 12 ബോളുകളും 4 ഫുഡ് ബോൾ ബാഗുകളും വാങ്ങിയിട്ടുണ്ട്. ആയവ വാങ്ങിയതിലും നഗരസഭയിലെ പർച്ചേസ് കമ്മറ്റി ഇടപെടൽ ഉണ്ടായിട്ടില്ല. വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന് ശേഷമല്ല ഫുഡ്ബോൾ അക്കാദമിയ്ക്ക് നൽകിയിട്ടുള്ളത്. പദ്ധതി ചെലവുകൾ End ബെനിഫിഷറിയുടെ അക്കൗണ്ടിലേക്കാണ് നൽകേണ്ടത് എന്ന നിബന്ധനയും പാലിച്ചിട്ടില്ല. പദ്ധതിയിലേക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്ത വാപ്പാട്ട് സ്റ്റോർ, ഗ്ലോബൽ സ്പോർട്സ് തുടങ്ങിയ സ്ഥാപനങ്ങൾക്കല്ല തുക അനുവദിച്ചിട്ടുള്ളത്. കൂടാതെ പദ്ധതിയുടെ മോണിറ്ററിങ് സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടപ്പിലാക്കുന്നത് കുടുംബശ്രീ പ്രവർത്തകരാണെന്ന് അറിയിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും തുടർ വർഷത്തിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

**1-54 കുടുംബശ്രീ ജനകീയ ഹോട്ടലിന് വാടക നിശ്ചയിച്ചതിന് ആധികാരികതയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രൊജക്ട് ഓഫീസർ

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നം. | കുടുംബശ്രീ ജനകീയ ഹോട്ടൽ |

| | |
|---|---|
| | 357/23 |
| വകയിരുത്തിയതുക | 100000 (വികസന ഫണ്ട്) |
| ചെലവുതുക | 98260 363/17.2.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്റ്റ് ഓഫീസർ |

നഗര സഭയിൽ 14ാം ഡിവിഷനിൽ MM 14/532-1 നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന ഫ്രണ്ട്സ് കുടുംബശ്രീ ജനകീയ ഹോട്ടലിന് വാടകയും മറ്റ് ചെലവുകളും നൽകുന്നതിനായി മേൽ പദ്ധതി രൂപീകരിച്ചു. പ്രതിമാസം 6000 വീതം വാടകയിനത്തിൽ ചെലവായ 72000 രൂപ കുടുംബശ്രീയ്ക്ക് കൈമാറിയിട്ടുണ്ട്. 2012 ലെ പി.ഡബ്ല്യൂ.ഡി മാന്വൽ ഖണ്ഡിക 2809.5 പ്രകാരം സ്വകാര്യ വ്യക്തിയുടെ പ്രൊപ്പർട്ടിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടി വരുമ്പോൾ വാടക നൽകുന്ന സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ വാടക എഞ്ചിനീയറിങ്ങ് വിഭാഗം നിശ്ചയിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ വാടകനിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വാടക നിശ്ചയിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. വാടക നിശ്ചയിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-55 വാഹന പരിപാലനം - അപാകതകൾ

നഗരസഭാ ചെയർമാൻ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന KL57 N 2957 നമ്പർ ടൊയോട്ട ഇന്നോവ കാറിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു. ( കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റായ MParivahan പ്രകാരം )

1. 20.1.2022 ന് അമിത വേഗതയുമായി ബന്ധപ്പെട്ട് എറണാകുളം ആർ. ടി. ഒ പരിധിയിൽ വെച്ച് ചുമത്തപ്പെട്ട പിഴ ഓഡിറ്റ് തീയതിയിലും അടവാക്കാത്തതായി കാണുന്നു. പിഴ അടക്കാത്തതിനാൽ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മരവിപ്പിക്കപ്പെട്ട അവസ്ഥയിലാണ്.

2. ഈ വാഹനത്തിന്റെ പുക പരിശോധനാ സർട്ടിഫിക്കറ്റിന്റെ കാലാവധി 10.7.2022 ൽ അവസാനിച്ചതാണ്. ആയതിന് ശേഷം പുക പരിശോധന നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 18/2022-23 തീയതി 11.1.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്ക് പ്രകാരം 20.1.2022 ന് ഈ വാഹനം സർവീസിനായി കോഴിക്കോട് അമാന ടൊയോട്ടയിൽ കൊടുത്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എപ്രകാരമാണ് ഈ വാഹനത്തിന് എറണാകുളം ആർ. ടി. ഒ പരിധിയിൽ വെച്ച് പിഴ ചുമത്താൻ ഇടയായതെന്ന് കണ്ടെത്തി ഉത്തരവാദികളിൽ നിന്നും പിഴ തുക ഈടാക്കി ആയത് മോട്ടോർ വാഹന വകുപ്പിൽ അടവാക്കി അറിയിക്കേണ്ടതാണ്. കൂടാതെ അടിയന്തിരമായി ഈ വാഹനത്തിന്റെ പുക പരിശോധന നടത്തി സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-56 അതി ദരിദ്രർക്കും അഗതികൾക്കും പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച

നഗരസഭയിൽ 15.3.22 ൽ 23/23 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച അതിദരിദ്രരുടെ ലിസ്റ്റിൽ 68 ഗുണഭോക്താക്കളെ അതിദരിദ്രരായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവരെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിന് വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് നഗരസഭ മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവർക്ക് വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നത് വളരെ മന്ദ ഗതിയിലാണ്. 2022-23 വർഷത്തിൽ 534/23 അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന പദ്ധതിയിൽ 33 ഗുണഭോക്താക്കൾക്ക് ഒരു തവണ മാത്രം ഭക്ഷ്യകിറ്റ് നൽകുകയാണ് പദ്ധതിയിൽ ചെയ്തിട്ടുള്ളത്. ഭവനം ആവശ്യമുള്ള 11 ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഭവന നിർമ്മണം ആരംഭിച്ചിട്ടുള്ളത്. ഭൂരഹിതരായ ഭവന രഹിതർ 5 പേർ ഉണ്ട് അവർക്കായി പദ്ധതികൾ ആരംഭിച്ചിട്ടില്ല.

18 ഗുണഭോക്താക്കൾക്ക് വീടിന്റെ റിപ്പയർ ആവശ്യമുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2020 ൽ നിലവിൽ വന്ന അഗതി രഹിത കേരളം പദ്ധതിയിൽ നഗരസഭയിൽ നിലവിൽ 97 ഗുണഭോക്താക്കൾ ഉണ്ട്. ഇതിൽ പദ്ധതി പ്രകാരം ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യേണ്ട 97 ഗുണഭോക്താക്കൾക്കും ജില്ലാ മിഷനിൽ നിന്ന് ഫണ്ട് ലഭ്യമായില്ല എന്ന കാരണത്താൽ ഭക്ഷണ വിതരണം നടത്തിയിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട മേൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടി പദ്ധതി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനും അടിയന്തിരമായി അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പൂർണ്ണമായും പരിഹരിക്കുമെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-57 സർക്കാർ ഉത്തരവിനു വിരുദ്ധമായി ദിവസവേതനത്തിൽ ജീവനക്കാരെ നിയമിച്ചു**

ജി.ഒ.(എം.എസ്.)109/2016/ത.സ്വ.ഭ.വ തിയ്യതി 5.8.2016 നമ്പർ ഉത്തരവു പ്രകാരം 2015 ൽ പുതുതായി രൂപീകൃതമായ 27 മുനിസിപ്പാലിറ്റികളിൽ താഴെപ്പറയും പ്രകാരം 24 വീതം റഗുലർ തസ്തികകളും 23 വീതം കണ്ടിജന്റ് തസ്തികകളും അനുവദിച്ചിട്ടുണ്ട്.

| തസ്തികകളുടെ പേര് | സർക്കാർ അനുവദിച്ച എണ്ണം |
|---|---|
| മുനിസിപ്പൽ സെക്രട്ടറി | 1 |
| സൂപ്രണ്ട് | 1 |
| ഹെഡ് ക്ലർക്ക് / റവന്യൂ ഇൻസ്പെക്ടർ | 1 |
| സീനിയർ ക്ലർക്ക് | 5 |
| ക്ലർക്ക് / ബിൽ കളക്ടർ | 5 |
| ഡി.ടി.പി. ഓപ്പറേറ്റർ | 1 |
| ഓഫീസ് അറ്റന്റന്റ് | 4 |
| LMV ഡ്രൈവർ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 1) | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 1) | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 2) | 2 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| കണ്ടിൻജന്റ് വർക്കർ | 15 |
| സാനിറ്റേഷൻ വർക്കർ | 8 |
| ആകെ റഗുലർ | 24 |
| ആകെ കണ്ടിജന്റ് | 23 |
| ആകെ തസ്തികകൾ | 47 |

കൂടാതെ സ. ഉ.( കൈ ) 10/2023/ത.സ്വ.ഭ.വ തിയ്യതി 13.1.2023 നമ്പർ ഉത്തരവു പ്രകാരം 2023 ൽ പുതുതായി ഓരോ ഹെൽത്ത് സൂപ്പർവൈസറുടെയും അക്കൗണ്ട്സ് അസിസ്റ്റന്റിന്റെയും തസ്തിക കൂടി സൃഷ്ടിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളുടെ തനതു ഫണ്ട് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മേൽ പറഞ്ഞ തസ്തികകൾക്ക് ശമ്പളവും അലവൻസുകളും അനുവദിക്കാനും നിർദ്ദേശമുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മുക്കം നഗരസഭയിൽ നിലവിലുള്ള തസ്തികകൾ, ആയതിൽ നടത്തിയ നിയമനത്തിന്റെ രീതി ( താൽക്കാലികം / സ്ഥിരം ) എന്നിവയുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 17/2022-23 തീയതി 11.1.2024 ) 12.1.2024 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം മുക്കം നഗരസഭയിൽ നിലവിലുള്ള തസ്തികകളിൽ നടത്തിയ നിയമനത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

**എ) സ്ഥിരം ജീവനക്കാർ**

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് ഡയരക്ടർ | 1 |
| 2 | ജൂനിയർ സൂപ്രണ്ട് | 1 |
| 3 | ഹെഡ് ക്ലർക്ക് / റവന്യൂ ഇൻസ്പെക്ടർ | 1 |
| 4 | സീനിയർ ക്ലർക്ക് | 5 |
| 5 | ക്ലർക്ക് | 5 |
| 6 | എൽ. ഡി. ടൈപ്പിസ്റ്റ് | 1 |
| 7 | ഓഫീസ് അറ്റന്റന്റ് | 4 |
| 8 | ഡ്രൈവർ ഗ്രേഡ് 2 എൽ. ഡി. വി | 1 |
| 9 | സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 1) | 1 |
| 10 | സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 2) | 1 |
| 11 | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 1) | 1 |
| 12 | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 2) | 4 |
| 13 | ക്ലീൻ സിറ്റി മാനേജർ | 1 |
| 15 | കണ്ടിൻജന്റ് വർക്കർ | 9 |
| 16 | ആയ - പാർട്ട് ടൈം ( പഞ്ചായത്ത് ) | 1 |

**ബി) താൽക്കാലിക ജീവനക്കാർ**

| ക്രമ നം. | പേര്, തസ്തിക | ഏത് വർഷം മുതൽ തുടരുന്നു | നിയമന രീതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി. ശാലിനി കെ. സി, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1.8.2007 | ദിവസ വേതനം |
| 2 | ശ്രീ. വരുൺ പി. രതീഷ്, ഡ്രൈവർ | ഏപ്രിൽ 2019 | ദിവസ വേതനം |
| 3 | ശ്രീമതി. ഹസീന പി. പി, അറ്റൻഡർ, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ | സെപ്റ്റംബർ 2013 | ദിവസ വേതനം |
| 4 | ശ്രീമതി. അശ്വതി ഇ. പി, IBPMS DRAUGHTSMAN | 5.11.2021 | കരാർ |
| 5 | ശ്രീ. സുനിൽ കുമാർ, പി. എ. ടു ചെയർമാൻ | 1.8.2023 | ദിവസ വേതനം |
| 6 | ശ്രീ. അതുൽ സുനിൽ, അയ്യങ്കാളി എ. ഇ | 2.5.2020 | കരാർ |
| 7 | ശ്രീ. അബ്ദുസ്സലാം കെ. സി, അയ്യങ്കാളി ഓവർസിയർ | 4.2.2019 | കരാർ |
| 8 | ശ്രീമതി. രശ്മി പി, അയ്യങ്കാളി അക്കൗണ്ടന്റ് | 19.12.2016 | കരാർ |
| 9 | ശ്രീമതി. രമ്യ കെ. എം, ടൈപ്പിസ്റ്റ് | 2012 മുതൽ | ദിവസ വേതനം |

സർക്കാർ അംഗീകരിച്ച തസ്തികകളും യഥാർത്ഥത്തിൽ നഗരസഭയിൽ നിയമനം നടത്തിയ തസ്തികകളും തമ്മിലുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ വ്യക്തമായ തസ്തികയിലല്ലാതെ കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ വർഷങ്ങളായി ഒരേ ജീവനക്കാർ തുടരുന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് ക്രമപ്രകാരമല്ല.

കേരള പബ്ലിക് സർവീസ് വകുപ്പിന്റെ 22.4.1971 ലെ ജി.ഒ.(എം.എസ്.) 112/71/പി.ഡി നമ്പർ ഉത്തരവു പ്രകാരം താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നടത്താൻ പാടുള്ളൂ. അതോടൊപ്പം നിയമനാധികാരി തങ്ങളുടെ വകുപ്പിലെ ഒഴിവുകൾ അതാതു സമയം കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കേണ്ടതുമാണ്. കൂടാതെ ജി.ഒ.(പി) നം. 28/2016/Fin. ഉത്തരവു പ്രകാരം ഓരോ സ്ഥാപനങ്ങളിലും ഒഴിവുള്ള തസ്തികകളുടെ വിവരം PSC യെ അറിയിക്കേണ്ടതാണെന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ഒഴിവുള്ള തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് വാങ്ങിയാണ് നിയമനം നടത്തേണ്ടത്. അത്തരത്തിലുള്ള നിയമനങ്ങൾ 179 ദിവസങ്ങളിൽ കൂടാനും പാടില്ല.

ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്ന കാര്യത്തിൽ ജി. ഒ. (പി) നം. 28/2016/ധന. തീയതി 26.2.2016, ജി. ഒ. (പി) നം. 3/2019/ധന. തീയതി 11.1.2019, ജി. ഒ. (പി) നം. 119/2019/ധന. തീയതി 30.8.2019 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് അറിയിക്കേണ്ടതാണ്.

**1-58 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

പദ്ധതി നമ്പർ – 16/23

ചെലവ് തുക - 1105350 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

നഗരസഭയിൽ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന് 18.11.21 ലെ ജി.ഓ (ആർടി)2307/2021/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശാനുസരണം താഴെകാണിച്ച പ്രകാരം 1105350 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|
| സർവ്വീസ് ചാർജ് | 342350 | ഹരിത കർമ്മസേനയ്ക്ക് അനുവദിച്ച (254/3.12.22) |
| SMS ചാർജ് | 673000 | കെൽട്രോണിന് അനുവദിച്ച (10/12.5.22) |
| ലാപ്പ്ടോപ്പ് , QR കോഡ് | 50000 +40000 | കെൽട്രോണിന് അനുവദിച്ച |
| ആകെ | 1105350 | |

15.3.2022 ൽ നഗരസഭ കെൽട്രോൺ, ശുചിത്വ മിഷൻ എന്നിവരുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടുകയും തുക കെൽട്രോണിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് വീടുകളിൽ ക്യൂ ആർ കോഡ് പതിക്കുന്നതിനുള്ള ചാർജ് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി ഈ സംവിധാനം പ്രവർത്തന സജ്ജമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിയ്ക്കായി വാങ്ങിയിട്ടുള്ള 50000 രൂപയുടെ ലാപ്ടോപ്പ് സ്റ്റോക്കിൽ എടുത്തിട്ടില്ല. കൂടാതെ ഹെൽത്ത് ഓഫീസർ പദ്ധതി ചെലവ് പ്രൊജക്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-59 ആറ്റുപുറം ചെറുതടം വായനശാല റോഡ് സൈഡ് കെട്ട് - അപാകതകൾ**

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 232/23

അടങ്കൽ : 900000/- സംരക്ഷണഗ്രാന്റ് റോഡ്

ചെലവ് : 554041/- ബിൽ നമ്പർ 631/30.3.2023 (പാർട്ട് ബിൽ)

ഡിവിഷൻ 17 ലെ ആറ്റുപുറം ചെറുതടം വായനശാല റോഡ് 82 മീ. നീളത്തിൽ സൈഡ് കെട്ടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇ-ടെണ്ടർ നടത്തി മുഹമ്മദ് ആഷിക് എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. 70 മീറ്റർ നീളത്തിൽ സൈഡ് കെട്ടി ബെൽറ്റ് നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയതിന് 554041 രൂപ പാർട്ട് ബില്ലായി കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 11.1.2024 ന് സാങ്കേതിക വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചു. 2 ചെയിനേജുകളിലായി DR ഉപയോഗിച്ച് സൈഡ് കെട്ടിയതിന് പുറമേ 11.20 മീറ്റർ നീളത്തിലും 3.90 മീ വീതിയിലും 2.50 മീ. ഉയരത്തിലും സ്വകാര്യവ്യക്തിയുടെ ഭൂമിയിലേക്ക് ഒരു റാമ്പ് നിർമ്മിച്ചതായി കണ്ടു. പ്രസ്തുത പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല. റാമ്പ് നിർമ്മിക്കുന്നതിന് ചെലവഴിച്ച തുക പാർട്ട് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റിലുൾപ്പെടാത്ത പ്രവൃത്തി ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും 2023-24 വർഷം കരാറുകാരന് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

**1-60 പെൻഷൻ അർഹത പുന:പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല**

നഗരസഭയിൽ നിന്നും സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റുന്നവർ അനർഹരാകുമ്പോൾ/മരണപ്പെടുമ്പോൾ പെൻഷൻ റദ്ദ് ചെയ്യുന്നതിന് സമയബന്ധിതമായ നടപടികൾ നഗരസഭയുടെ ഭാഗത്തു നിന്നുണ്ടാകുന്നില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

1. മുനിസിപ്പാലിറ്റിയിൽ തന്നെ മരണം രജിസ്ററർ ചെയ്തിട്ടും പെൻഷൻ റദ്ദ് ചെയ്യാൻ കാലതാമസം ഉണ്ടാവുന്നു. ഉദാ:

G4.630/22 ഫയൽ പ്രകാരം വാർദ്ധക്യകാലപെൻഷൻ ഗുണഭോക്താവായിരുന്ന വേലുക്കുട്ടി (പെൻഷൻ ഐ.ഡി.നമ്പർ 110610200964) 13.12.2022 ന് മരണപ്പെട്ട വിവരം 17.1.23 ന് മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തെങ്കിലും ജൂൺ 2023 വരെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിലവിൽ പെൻഷൻ റദ്ദ് ചെയ്തതായി കാണുന്നു. മുനിസിപ്പാലിറ്റിയിൽ മരണവിവരം രജിസ്റ്റർ ചെയ്തിട്ടും ജൂൺ 2023 വരെ 11200 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നഗരസഭ ആരോഗ്യവിഭാഗത്തിൽ തന്നെ ലഭ്യമാവുന്ന വിവരം പെൻഷൻ വിതരണത്തിന് ആധാരമാവുന്നില്ല എന്ന വസ്തുതയാണ് ഇവിടെ വ്യക്തമാവുന്നത്.

2. 6 ാംവാർഡിലെ ലക്ഷ്മി പെൻഷൻ ഐ.ഡി.നമ്പർ 110610601252 എന്നവർ 2014 ജനുവരി മുതൽ 2023 ഏപ്രിൽ വരെ സാമൂഹ്യസുരക്ഷ പെൻഷൻ വാങ്ങുന്നുണ്ട് എന്നും എന്നാൽ ഇതേ വ്യക്തി ഭർത്താവിന്റെ മരണശേഷം കുടുംബപെൻഷൻ കൂടി വാങ്ങുന്നുണ്ട് എന്നത് സംബന്ധിച്ച് പരാതി ലഭ്യമാവുകയും പ്രസ്തുത വിഷയത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലക്ഷ്മി എന്നവർക്ക് തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതായും കാണുന്നു.സേവന പരിശോധിച്ചതിൽ നിന്നും നിലവിൽ ഈ ഗുണഭോക്താവിന്റെ പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടച്ചിട്ടില്ല. കൃത്യസമയത്ത് വിവരങ്ങൾ പരിശോധിച്ച് പെൻഷൻ റദ്ദ് ചെയ്യാനുള്ള സംവിധാനത്തിന്റെ അഭാവമാണ് ഇവിടെ കാണുന്നത്.

നിലവിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ജോലി ലഭിക്കുകയോ മരണപ്പെടുകയോ

ചെയ്യുന്നത് മൂലം അനർഹരാവുന്നത് സമയബന്ധിതമായി പരിശോധിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഇല്ല. ഇത്തരത്തിൽ പെൻഷൻ ലഭിച്ചവരുടെ അർഹത പുന:പരിശോധിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നതിന് മറുപടി നൽകേണ്ടതാണ്. കൂടാതെ ലക്ഷ്മി എന്ന ഗുണഭോക്താവ് അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

**1-61 പൊതുമരാമത്ത് പദ്ധതികൾ - രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ**

നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക പദ്ധതികളുടെ 40% ചെലവും നടന്നത് മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾക്കായാണ്. തൻവർഷം എഞ്ചിനീയർക്ക് നിർവ്വഹണം നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ളത് 311 പദ്ധതികളാണ്. ഈ പദ്ധതികളുടെ രൂപീകരണ വിശദാംശം പരിശോധിച്ചതിൽ നിന്നും വ്യക്തമായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പദ്ധതികൾ | 311 |
| പുതിയ പദ്ധതികൾ | 245 |
| ചെലവുണ്ടായ പദ്ധതികൾ | 144 |
| സ്പിൽ ഓവർ പദ്ധതികൾ | 66 |
| ചെലവുണ്ടായ സ്പിൽഓവർ പദ്ധതികൾ | 57 |
| രണ്ടര ലക്ഷവും അതിൽ കുറവ് അടങ്കലിലും തയ്യാറാക്കിയ പദ്ധതികൾ | 166 |
| അഞ്ചു ലക്ഷവും അതിനു മുകളിലും അടങ്കലിലുള്ള പദ്ധതികൾ | 83 |
| തൻവർഷ പദ്ധതികളുടെ ചെലവ് ശതമാനം | 47.65 |

മുകളിൽ കൊടുത്ത പട്ടിക പരിശോധിച്ചാൽ സാങ്കേതിക വിഭാഗം നടപ്പാക്കുന്ന പദ്ധതികളുടെ ബാഹുല്യവും, ഇവ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ തുടർവർഷത്തേയ്ക്ക് സ്പിൽ ഓവർ പദ്ധതികളാകുന്ന അവസ്ഥയും വ്യക്തമാകുന്നു. മുകളിൽ വിവരിച്ച രീതിയിൽ പ്രോജക്ടുകളുടെ ബാഹുല്യം നഗരസഭയിൽ വിവിധയിനം അപാകതകൾക്ക്/പോരായ്മകൾക്ക് വഴിവച്ചിട്ടുണ്ട്.

**1. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നികുതിയിനത്തിൽ ചോർച്ച**

ആകെ പ്രോജക്ടുകളിൽ ഭൂരിഭാഗം പദ്ധതിയും 2,50,000/- രൂപയോ അതിൽ കുറവോ അടങ്കൽ വരുന്നവയാണ്. വളരെ കുറച്ചു പദ്ധതികൾ മാത്രമാണ് 5 ലക്ഷമോ അതിലധികമോ അടങ്കൽ തുകയിൽ തയ്യാറാക്കിയിട്ടുള്ളത്. ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം 2,50,000 ത്തിനു മുകളിൽ പ്രവൃത്തിമൂല്യമുള്ള പ്രവൃത്തികൾക്ക് 2% ജി.എസ്.ടി. ബിൽ തുകയിൽ നിന്നും ഈടാക്കി അടവാക്കേണ്ടതുണ്ട്. മേൽ രീതിയിൽ ചെറിയ തുകയ്ക്കുള്ള വിവിധ പ്രവൃത്തികളാക്കുന്നതു മൂലം കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നികുതിയിനത്തിൽ ചോർച്ചയുണ്ടാവുന്നു. കരാറുകാർക്ക് അമിതലാഭത്തിനും ഇതു സാധ്യതയുണ്ടാക്കുന്നു.

**2. പ്രവൃത്തികളുടെ ടെണ്ടർ മത്സരാധിഷ്ഠിതമാകുന്നില്ല**

പ്രോജക്ടുകളെല്ലാം അഞ്ചു ലക്ഷത്തിൽ കുറഞ്ഞ അടങ്കലിൽ തയ്യാറാക്കുന്നതിനാൽ ഇ-ടെണ്ടർ നടപടി ഒഴിവാക്കാൻ അവസരം ലഭിക്കുകയും, ടെണ്ടറുകളിലെ മത്സര സ്വഭാവം കുറയുന്നതിന് കാരണമാകുകയും ചെയ്യുന്നു.

**3. ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുന്നു**

സമഗ്രമായി പദ്ധതികൾ രൂപീകരിക്കാതെ തുടർച്ചയായ വർഷങ്ങളിൽ ഒരേ റോഡിൽ/കെട്ടിടത്തിൽ വ്യത്യസ്ത പദ്ധതി രൂപീകരിക്കുന്നതും, വിഭവങ്ങളുടെ/ഫണ്ടിന്റെ ചെറിയ തോതിലുള്ള വ്യന്യാസം നടത്തി കൂടുതൽ എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലി ഭാരം കൂട്ടുന്നതിനു കാരണമാകുന്നതിനു പുറമെ ഈ രീതിയിൽ പദ്ധതികളുടെ ബാഹുല്യം ഇവയുടെ

സമയബന്ധിതമായ പൂർത്തീകരണത്തിനും വിലങ്ങുതടിയാകുന്നു.

**4. പ്രവൃത്തികളുടെ മേൽനോട്ടം/മോണിറ്ററിംഗ് ഫലപ്രദമായി നടത്താനാകുന്നില്ല**

പ്രോജക്ടുകളുടെ ബാഹുല്യം പ്രോജക്ടുകളുടെ ഫലപ്രദമായ മേൽനോട്ടത്തിന് തടസ്സമാകുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് നഗരസഭയിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം കൂടുതലുണ്ടെങ്കിലും, നഗരസഭയുടെ പദ്ധതികൾക്കു പുറമേ എം.എൽ.എ, എം.പി ഫണ്ട് വിനിയോഗിച്ചുള്ള പ്രവർത്തനങ്ങളുടേയും, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, സർക്കാർ അതതു സമയങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവയെല്ലാം നിർവ്വഹിക്കേണ്ടതുണ്ട്. പദ്ധതികളുടെ നിർവ്വഹണസമയം സാങ്കേതിക വിഭാഗത്തിന് എല്ലാ സൈറ്റുകളിലും മുഴുവൻ സമയം മേൽനോട്ടം സാധ്യമാകുന്നില്ല. ഇത് പ്രവൃത്തികളുടെ ഗുണനിലവാര കുറവിന് കാരണമാകുന്നു.

**5. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകുന്നില്ല**

പ്രോജക്ടുകളുടെ ബാഹുല്യം യഥാസമയം എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് തടസ്സമുണ്ടാക്കുന്നു. ഇതുമൂലം പ്രസ്തുത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനാകാതെ വരികയും, ഇത്തരത്തിൽ പ്രവൃത്തി നിർവ്വഹണം വൈകുന്നത് അതതു വർഷത്തേയ്ക്ക് ലഭിച്ച ഫണ്ടുകളുടെ പാഴാക്കലിന് കാരണമാകുകയും ചെയ്യുന്നു. ഈ പ്രവൃത്തികളുടെ ചെലവു തുകയ്ക്ക് തുടർവർഷത്തെ ഫണ്ട് വിനിയോഗിക്കേണ്ടി വരുന്നത് തുടർവർഷത്തെ വികസന പ്രവർത്തനങ്ങളേയും ദോഷകരമായി ബാധിക്കുന്നു.

പദ്ധതികൾ യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച്, സമഗ്രതയോടെ തയ്യാറാക്കേണ്ടത് സുതാര്യവും, ഫലപ്രദവുമായ പദ്ധതി നിർവ്വഹണത്തിന് അത്യാവശ്യമാണ്. ഇതിനായി പദ്ധതികൾ ചെറിയ അടങ്കലിൽ തയ്യാറാക്കുന്നത് ഒഴിവാക്കി നഗരസഭയുടെ ആകെ ആവശ്യങ്ങളെ മുന്നിൽ കണ്ട് വലിയ അടങ്കലിൽ തയ്യാറാക്കുകയോ ബഹുവർഷ പ്രോജക്ടുകളാക്കുകയോ ചെയ്യേണ്ടതാണ്. ഈ വിഷയത്തിലുണ്ടായ പുരോഗതി പരിശോധന വിധേയമാക്കുന്നതാണ്.

**1-62 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല**

സ.ഉ.(കൈ) നം.86/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8, 2012 ലെ PWD റിവൈസ്ഡ് മാന്വൽ സെക്ഷൻ 2602.1, 2019 ലെ CPWD മെയിന്റനൻസ് മാന്വൽ എന്നിവയിൽ നിഷ്കർഷിക്കുന്ന തരത്തിൽ റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. നഗരസഭ ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ നഗരസഭയുടെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് നഗരസഭ അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. മെയിന്റനൻസ് പ്രവൃത്തി നടത്തേണ്ട റോഡുകളിൽ പെറ്റി വർക്കുകൾ നടത്തി താത്കാലികമായി പരിഹാരം കാണുന്ന അവസ്ഥയാണുള്ളത്. ഉദാഹരണത്തിന് 31.10.22 ലെ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ മുക്കം ടൗണിലെ വിവിധ റോഡുകളിൽ കുഴികളും വെള്ളക്കെട്ടും ഉള്ള ഭാഗങ്ങളിൽ കുഴി അടച്ച പ്രവൃത്തി, അടിയന്തിര സാഹചര്യത്തിൽ നിർവഹിച്ച പ്രവൃത്തി ആകയാൽ ബിൽ തുക കരാറുകാരന് അനുവദിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ ആസ്തിയുടെ പരിപാലന ചുമതലയുള്ള ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കി വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല. അപാകതയ്ക്ക് മറുപടി

നൽകേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കോൺക്രീറ്റ് മേൽക്കൂരക്ക് ഇളവ് അനുവദിച്ചു - വസ്തു നികുതി ഇനത്തിൽ നഗരസഭക്ക് നഷ്ടം

മുക്കം നഗരസഭയിലെ വാർഡ് 24 ലെ KMCT സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ കോൺക്രീറ്റ് മേൽക്കൂരയുള്ള ബഹുനില കെട്ടിടങ്ങൾക്കും കുറഞ്ഞ തരം മേൽക്കൂര എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിന്മേൽ 10% ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. 11.01.2024 തിയ്യതിയിലെ സൈറ്റ് പരിശോധന, KMCT യുടെ വെബ്സൈറ്റ്, ഗൂഗിളിൽ ലഭ്യമായ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങളുടെ മേൽക്കൂര കോൺക്രീറ്റാണെന്നും ചില ബഹുനില കെട്ടിടങ്ങളുടെ ഏറ്റവും ഉയർന്ന നിലയിലെ മേൽക്കൂര മാത്രമെ ഷീറ്റ് ഉള്ളൂ എന്നതും വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | പ്രവർത്തിക്കുന്ന സ്ഥാപനം | ആകെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | മേൽക്കൂരയുടെ തരം തെറ്റായി രേഖപ്പെടുത്തി അനുവദിച്ച ഇളവ് (10%) | നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം |
|---|---|---|---|---|---|
| **24/80 K** | മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റൽ-1 | 1816.35 ച.മീ | 122603 | 9082 | വസ്തു നികുതി- 9082<br>ഗ്രന്ഥശാലാ വരി- 455 |
| **24/80 C** | ആർകിടെക്ചർ കോളേജ് | 1603.32 | 20043 | 1603 | വസ്തു നികുതി- 1603<br>ഗ്രന്ഥശാലാ വരി-81 |
| **24/80 P** | ബോയ്സ് ഹോസ്റ്റൽ | 343.19 | 21456 | 1717 | വസ്തു നികുതി- 1717<br>ഗ്രന്ഥശാലാ വരി-86 |
| **24/80 L** | ലേഡീസ് ഹോസ്റ്റൽ-3 | 3410.51 | 213157 | 17053 | വസ്തു നികുതി- 17053<br>ഗ്രന്ഥശാലാ വരി-853 |
| **ആകെ** | | | | **29455** | |

വസ്തു നികുതി നിർണ്ണയത്തിന്റെ ഭാഗമായി ഫോം 6 തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ സ്ഥല പരിശോധനാ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. മേൽ കെട്ടിടങ്ങൾ ബഹുനിലകളിലായാണ് നിർമ്മിച്ചതെന്നും കെട്ടിടത്തിന്റെ ക്രമവത്കരിച്ച എല്ലാ നിലകളിലെയും മേൽക്കൂരയുടെ തരം കോൺക്രീറ്റാണെന്നും സൈറ്റ് പരിശോധന, KMCT യുടെ വെബ്സൈറ്റിലെ ചിത്രങ്ങൾ എന്നിവയിൽ നിന്നും വ്യക്തമായിട്ടുണ്ട് (ആർകിടെക്ചർ കോളേജിന്റെ മുകൾ നില ഒഴികെ ). ഒരു ചിത്രം ചുവടെ ചേർക്കുന്നു.



മേൽക്കൂരയുടെ നിർമ്മിതി, തറയുടെ നിർമ്മിതി, എന്നീ ഘടകങ്ങളിൽ ഏതെങ്കിലും ഒരു ഘടകത്തിന്റെ ഒന്നിലധികം തരങ്ങൾ ഒരു കെട്ടിടത്തിന് ഒരേ സമയം ബാധകമാകുന്ന സംഗതിയിൽ, അപ്രകാരമുള്ള ഏത് തരമാണോ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ പകുതിയിലധികം ഭാഗത്തിന് ബാധകം ആ തരത്തെ അടിസ്ഥാനമാക്കി വസ്തു നികുതിയിൽ ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തി കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ കെട്ടിട നികുതിയിന്മേൽ അനർഹമായി ഇളവ് അനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. സൈറ്റും വസ്തുതകളും പരിശോധിക്കാതെ കെട്ടിട ഉടമ സമർപ്പിച്ച ഫോറം 2 ലെ വിവരങ്ങൾ ഫോറം 6 ലേക്ക് അതേപടി പകർത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വസ്തുനികുതി

നിർണ്ണയത്തിൽ നിരുത്തരവാദപരമായ സമീപനം സ്വീകരിച്ച റവന്യൂ ഇൻസ്പെക്ടറിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള ഫയലുകളിന്മേൽ കെട്ടിടത്തിന്റെ മേൽക്കൂര, തറ എന്നിവയുടെ തരം, വഴി സൗകര്യം, മേഖല, എ.സി എന്നിവ സംബന്ധിച്ച വിവരങ്ങൾ അന്വേഷണ റിപ്പോർട്ടിൽ നിർബന്ധമായും രേഖപ്പെടുത്തുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയതിൽ കുറവ്

മുക്കം നഗരസഭയിലെ വാർഡ് 24 ലെ KMCT സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയതിൽ ലക്ഷങ്ങളുടെ കുറവുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | പ്രവർത്തിക്കുന്ന സ്ഥാപനം | നിർണ്ണയിച്ച വസ്തു നികുതി | രശീത് പ്രകാരം കുടിശ്ശിക ഈടാക്കിയ കാലയളവ് | അടവാക്കിയ കുടിശ്ശിക, രശീത് നം. | അടവാക്കേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 24/80 K | മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റൽ-1 | 122603 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 1613001 121030500043 31/08/21 | 1655141 (122603x3ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 42140 |
| 24/80 B | ഡെന്റൽ കോളേജ് | 168382 | രശീത്, കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല. | | | |
| 24/80 C | ആർകിടെക്ചർ കോളേജ് | 20043 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 235143 121030500044 31/08/21 | 270581 (20043x3ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 35438 |
| 24/80 I | മെഡിക്കൽ കോളേജ് കാന്റീൻ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 24/80 D | ഫാർമസി കോളേജ് | 101886 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 401156<br>121030500034<br>31/08/21 | 1375461 (101886x3 ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 974305 |
| 24/80 J | സ്റ്റാഫ് ക്വാർട്ടേഴ്സ് | 106851 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 302359<br>121030500031<br>31/08/21 | 1442489 (106851x3 ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 1140130 |
| 24/80 L | ലേഡീസ് ഹോസ്റ്റൽ-3 | 213657 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 2263683<br>121030500033<br>31/08/21 | 2884370 (213657x3 ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 620687 |
| 24/83 A | ഡെന്റൽ കോളേജ് ന്യൂ ബ്ലോക്ക് | 687825 | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 2476170<br>121030500047<br>31/08/21 | 8253900 (687825x3 3 ഇരട്ടി വർഷത്തേയ്ക്ക്) | 5777730 |
| 24/83 E | ആയുർവ്വേദ മെഡിക്കൽ കോളേജ് | 106556 | 2016-17 രണ്ടാം അർദ്ധ | 564705<br>ലഭ്യമല്ല | 1438506 (106556x3 ഇരട്ടി 4.5 വർഷത്തേയ്ക്ക്) | 873801 |

| | | | | | | |
|---|---|---|---|---|---|---|
| | | | വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | | | |
| 24/83 F | നഴ്സിംഗ് കോളേജ് & സ്കൂൾ | 73536 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ | 401156 രശീത് നം.ലഭ്യമല്ല | 992736 | 591580 |
| 24/80 A | മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ | 424383 | കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല. | 3159566 121030500028 31/08/21 (LC ഉൾപ്പെടെ ) | | |
| ആകെ | | | | | | 10055811 |

ക്രമവത്കരിച്ച് നൽകിയ കെട്ടിടങ്ങളുടെ 01.04.2016 പ്രാബല്യം മുതൽ നിശ്ചയിച്ച വസ്തുനികുതി പരിഗണിക്കുമ്പോൾ UA നമ്പർ നൽകിയ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയതിൽ 10055811 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ( ഓഡിറ്റ് പരിശോധനക്ക് KMCT യുടെ 2022-23 വർഷത്തിൽ ക്രമവത്കരിച്ച് നൽകിയ കെട്ടിടങ്ങളുടെ മുഴുവൻ ഫയലുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല എന്ന വസ്തുതയും പ്രസക്തമാണ് ). അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി മൂന്ന് മടങ്ങ് നിരക്കിൽ കണക്കാക്കി ഈടാക്കേണ്ടതുണ്ട്. മേൽ കുടിശ്ശികകൾ ഏതെങ്കിലും രശീത് മുഖേന ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും വസ്തു നികുതി ഇനത്തിൽ ഏതെങ്കിലും മുൻകുറുകൾ ക്രമപ്പെടുത്തി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ഓഡിറ്റിനെ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ കെ-സ്മാർട്ട് വിന്യസിക്കുന്നതിന്റെ ഭാഗമായി ലോക്ക് ചെയ്തതിനാൽ അടിസ്ഥാന വസ്തുനികുതിയിന്മേൽ മേൽ കെട്ടിടങ്ങൾക്ക് ബാധകമായ വർദ്ധനവുകൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്നും, ക്രമവത്കരിച്ച് നൽകിയ കെട്ടിട വിസ്തീർണ്ണത്തേക്കാൾ കുറഞ്ഞ വിസ്തീർണ്ണമാണോ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നതും പരിശോധിക്കാനായിട്ടില്ല. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള തറവിസ്തീർണ്ണവും ഫോറം 6 ലെ തറവിസ്തീർണ്ണവും തമ്മിൽ വലിയ അന്തരമുണ്ടെന്നത് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

UA രജിസ്റ്റർ പ്രകാരമുള്ള ലേഡീസ് ഹോസ്റ്റൽ 3 യുടെ തറവിസ്തീർണ്ണം- 2556.86 ച.മീ

UA രജിസ്റ്റർ പ്രകാരമുള്ള ലേഡീസ് ഹോസ്റ്റൽ 3 യുടെ വസ്തുനികുതി - 12272x3= 36816

ഫോറം 6 പ്രകാരമുള്ള ലേഡീസ് ഹോസ്റ്റൽ 3 യുടെ തറവിസ്തീർണ്ണം - 3410 ച.മീ

ഫോറം 6 പ്രകാരം നിർണ്ണയിച്ച വസ്തുനികുതി - 213657

പ്രാബല്യ വർഷം - 2016-17

ഈടാക്കേണ്ടിയിരുന്ന പിഴ നിരക്കിലുള്ള വസ്തു നികുതി (ഒരു വർഷം )- 640971

അനധികൃത നിർമ്മാണങ്ങൾക്ക് UA നമ്പർ നൽകപ്പെട്ട് കഴിഞ്ഞാൽ തുടർ നിർമ്മാണങ്ങൾ പാടില്ലാത്തതാണ്. UA രജിസ്റ്റർ പ്രകാരവും ഫോറം 6 പ്രകാരവുമുള്ള വിസ്തീർണ്ണത്തിന്റെ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. ഡെന്റൽ കോളേജ് കെട്ടിടത്തിന്റെ കാര്യത്തിലും സമാനമായ അപാകത സംഭവിച്ചിട്ടുണ്ട്. UA രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 4155.1 ച.മീ ആണ്. എന്നാൽ ഫോറം 6 പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 11278.69 ച.മീ ആണ്.

ഈ ഓഫീസിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണ്ണയം , കെട്ടിട നിർമ്മാണ നിയന്ത്രണം എന്നിവ സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തിയിരുന്നു. ആയതിന്റെ ഭാഗമായി ഓഡിറ്റ് ടീം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 24.02.2016 തിയ്യതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടം 2 നില നിർമ്മാണത്തിനായിരുന്നു പെർമിറ്റ് എടുത്തിരുന്നതെന്നും എന്നാൽ 8 നില നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിൽ നിന്നും കെട്ടിടം 24.02.2016 തിയ്യതിക്ക് മുൻപായി 11278.69 ച.മീ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നതും വ്യക്തമാണ്.

മേൽ വസ്തുതകൾ പരിശോധിച്ച് വസ്തുനികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-3 അനധികൃത നിർമ്മാണം ക്രമത്കരിച്ചതിൽ അപാകത.

ഫയൽ നമ്പർ R1/A4/4998/2018

ശ്രീ. അബ്ദുൾ സലാം, ചെയർമാൻ, കരുണ ചാരിറ്റബിൾ ട്രസ്റ്റ് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണ ചട്ടങ്ങൾ പ്രകാരം 672280 രൂപ പിഴ ഈടാക്കി ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. 14/2386 A മുതൽ 14/2386 N വരെ നമ്പർ നൽകിയ 1018.29 ച. മീ വിസ്തൃതിയുള്ള A2, F വിനിയോഗ ഗണത്തിലുള്ള കെട്ടിടം ക്രമവത്കരിച്ച് നൽകിയതിലും വസ്തുനികുതി ഈടാക്കിയതിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

- കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച പ്രസ്തുത കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവത്കരണ ചട്ടങ്ങൾ പ്രകാരമാണ് ക്രമവത്കരിച്ചിട്ടുള്ളത്. അപേക്ഷയിൽ നിർമ്മാണം പൂർത്തീകരിച്ചത് 2018 ന് മുൻപാണെന്ന് രേഖപ്പെടുത്തുകയും 08.05.2018 തിയ്യതി പ്രാബല്യത്തിൽ കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവ് മുതൽ ക്രമവത്കരിക്കുന്ന തിയ്യതിവരെ മൂന്ന് മടങ്ങ് പിഴ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത കാലയളവിൽ കെട്ടിടം ഒഴിഞ്ഞ് കിടക്കുകയായിരുന്നു എന്ന അപേക്ഷ പരിഗണിച്ച് ടി കാലയളവിലെ വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഒരുവർഷത്തേക്ക് ബാധകമായ 76151 രൂപയിൽ (വസ്തു നികുതി 72340, ഗ്രന്ഥശാലാ വരി-3811 രൂപ ) ഇപ്രകാരം നാല് വർഷത്തേക്ക് ഉടമ അടക്കേണ്ടിയിരുന്ന വസ്തുനികുതി , ഗ്രന്ഥശാലാ വരി ഇനത്തിലെ 913812 രൂപയാണ് ഒഴിവാക്കി നൽകിയത്. ആയത് ചട്ടവിരുദ്ധമായ നടപടിയാണ്.
- 11.01.24 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ കെട്ടിടം ഒക്യുപൻസി അനുവദിച്ചതിൽ നിന്നും വിരുദ്ധമായി ആരാധനാലയമായും ഉപയോഗപ്പെടുത്തുന്നതായും പാർക്കിംഗ് പ്ലാൻ പ്രകാരമുള്ള പാർക്കിംഗുകൾ സൈറ്റിൽ ലഭ്യമല്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനറുടെ TCP.KZD/1323 /2020, തി. 09.12.2020 നമ്പർ ഉത്തരവ് പ്രകാരമാണ് കെട്ടിടം ക്രമവത്കരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ പ്ലാൻ പ്രകാരമുള്ള കാർ പാർക്കിംഗുകൾ സൈറ്റിൽ ലഭ്യമാണെന്ന് ഉറപ്പ് വരുത്തണമെന്നും കെട്ടിടത്തിന്റെ ഉപയോഗ ക്രമം പ്ലാൻ പ്രകാരമാണെന്ന് ഉറപ്പാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഒക്യുപൻസി അനുവദിച്ചതിൽ നിന്നും

വ്യത്യസ്തമായി A1,F വിനിയോഗ ഗണങ്ങൾക്ക് പുറമെ D(സമ്മേളന വിനിയോഗ) ഗണത്തിലും കെട്ടിടം കെട്ടിടം ഉപയോഗപ്പെടുത്തുന്നതായും (2018 ൽ സമർപ്പിച്ച ക്രമവത്കരണ അപേക്ഷയിൽ ഉടമ പ്രസ്തുത കാര്യം പരാമർശിച്ചിട്ടുണ്ട് ) കെട്ടിടത്തിന്റെ ഉള്ളിലേക്ക് കയറിയ നിലയിലുള്ള പാർക്കിംഗുകൾ പ്രായോഗികമല്ലെന്നും സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്.

- 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 25 പ്രകാരം ഗ്രൂപ്പ് J ഒഴികെയുള്ള ഒന്നിൽ കൂടുതൽ വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ഏറ്റവും നിയന്ത്രിത ഗണത്തിൽ ഉൾപ്പെടുന്ന വിനിയോഗ ഗണത്തിലെ വ്യവസ്ഥകളാകും ബാധകമാകുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കെട്ടിടം ഡി വിനിയോഗ ഗണത്തിന് ബാധകമായ നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

അനുവദിച്ച ഒക്യുപൻസിയിൽ നിന്നും വ്യതിചലിച്ച് കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനും പ്ലാൻ പ്രകാരമുള്ള പാർക്കിംഗുകൾ സൈറ്റിൽ ലഭ്യമാക്കാത്തതിനാലും കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച നടപടി പുനപരിശോധിക്കേണ്ടതും വസ്തുനികുതിയിൽ ചട്ട വിരുദ്ധമായി ഇളവ് നൽകിയ തുക (913812 രൂപ) ഈടാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കൂളുകൾക്ക് പെയിംന്റിംഗ്- ചെയ്യാത്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതും മറ്റപാകതകളും

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രോജക്ട് നം: സ്കൂളുകൾക്ക് പെയിന്റിംഗ്, 119/23

അടങ്കൽ : 4,99,500/- സംരക്ഷണ ഗ്രാന്റ് റോഡിതരം

: 1,00,500/- തനത് ഫണ്ട്

6,00,000/-

ചെലവ് : 3,80,610/- ബിൽ നം. 335/31.1.23

അളവ് പുസ്തകം - M/25/1182, M/25/1185

മണാശ്ശേരി യു.പി.സ്കൂൾ, ചേന്ദമംഗല്ലൂർ സ്കൂൾ, നീലേശ്വരം സ്കൂൾ എന്നീ സ്കൂളുകളുടെ പെയിന്റിംഗ് പ്രവൃത്തികളാണ് ഈ പദ്ധതിയിൽ നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് (3,63,720.94/-) ക്വാട്ട് ചെയ്ത സുബിലേഷ്.കെ.എം എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് മേൽ ബിൽ പ്രകാരം കരാറുകാരന് തുക നൽകി. പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ചെയ്യാത്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകി

എസ്റ്റിമേറ്റിൽ മൂന്നാമത്തെ പ്രവൃത്തിയായി ഉൾപ്പെടുത്തിയിരിക്കുന്നത് നീലേശ്വരം സ്കൂളിലെ 6 ക്ലാസ്സ് മുറികളുടെ പെയിന്റിംഗാണ്. ഇതിനായി Removing White Or Colour Wash By Scrapping Etc., Wall Painting With Acrylic Emulsion Paint : Two Or More Coats On New Work, Finishing Walls With Acrylic Smooth Exterior Paint : Old Work (One Or More Coat Applied @ 0.90ltr/10sqm) എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയത്. ഓഡിറ്റിന്റെ ഭാഗമായി 11.1.2024 ന് സാങ്കേതിക വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നീലേശ്വരം സ്കൂളിൽ പരിശോധന നടത്തി. പ്രവൃത്തികളുടെ വിശദാംശം പരിശോധിച്ചതിൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടത്തിയ പല പ്രവൃത്തികളും

യഥാർത്ഥത്തിൽ നടന്നിട്ടില്ലെന്ന് കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | സ്ഥിതി വിവരം |
|---|---|
| 13.06.1- Wall Painting With Acrylic Emulsion Paint Of Approved Brand And Manufacture To Give An Even Shade: Two Or More Coats On New Work<br>13.111.2 – Finishing Walls With Acrylic Smooth Exterior Paint Of Required Shade : Old Work ( One Or More Coat Applied @ 0.90ltr/10sqm | എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും രേഖപ്പെടുത്തിയ താഴെ പറയുന്ന ഇനം യഥാർത്ഥത്തിൽ ചെയ്തിട്ടില്ല<br>Parapet- 2 Number, , 38 മീറ്റർ നീളം 1.20 മീറ്റർ വീതി |
| | എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും രേഖപ്പെടുത്തിയ താഴെ പറയു പറയുന്ന ഇനങ്ങൾ യഥാർത്ഥത്തിൽ ചെയ്തിട്ടില്ല.<br>Font Side- 1 Number , 38 മീറ്റർ നീളം 1.20 മീറ്റർ വീതി<br>Parapet – 2 Number, 6.10 മീറ്റർ നീളം 6 മീറ്റർ വീതി<br>Ceiling -6 Numbers , 6.10 മീറ്റർ നീളം 6 മീറ്റർ വീതി<br>FF-1 Number , 37.50 മീറ്റർ നീളം 3.50 മീറ്റർ വീതി |

മുകളിൽ വിവരിച്ച വിധം ചെയ്യാത്ത പ്രവൃത്തികളുടെ അളവു രേഖപ്പെടുത്തി ബിൽ തുക നൽകിയതിനാൽ താഴെ ചേർക്കും വിധം അധിക ചെലവ് നഗരസഭയ്ക്കുണ്ടായിട്ടുണ്ട്.

| ഇനം | അളവു പുസ്തകത്തിലെ അളവ് | അളവു രേഖപ്പെടുത്തിയ / ചെക്ക് മെഷർ തീയ്യതി | നൽകിയ തുക |
|---|---|---|---|
| 13.60.1 | Parapet = 2x38x1.2 = | 12.09.2022/30.06.2022 | 91.20x70=6384/- |
| | 91.20 M2 | | |
| 13.111.2 | Front Side- 1x38x2 = 76M2<br>Parapet- 2x38x1.2 =<br>91.20 M2<br>Ceiling- 6x6.10x6 =<br>219.60 M2<br>FF- 1x37.50x3.50 =<br>131.25 M2<br>Total= 518.05 M2 | 12.9.2022/30.9.2022 | 518.05x74.50<br>38594.73 |
| ആകെ | | | 44978.73/- |

ഈ വിധം 53,075രൂപ (44978.73+ 18%GST) കരാറുകാരന് അനർഹമായി നൽകിയിട്ടുണ്ട്. ചെയ്യാത്ത

പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. അക്രിലിക് എമൽഷൻ പെയിന്റുപയോഗിച്ച് പെയിന്റിംഗ് നടത്തിയ ചുമരുകളിൽ അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിന്റിംഗിനുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി.

പ്രവൃത്തിയുടെ ഒന്നാമത്തെ ഇനമായ Wall Painting With Acrylic Emulsion Paint ...(13.60.1) ചെയ്യുന്ന ചുമരുകളിൽ തന്നെയാണ് Finishing Walls With Acrylic Smooth Exterior Paint ... (13.111.2) എന്ന പ്രവൃത്തിയും ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. അളവുപുസ്തകം പരിശോധിച്ചതിൽ ക്ലാസ്സ് മുറികളുടെ ഉൾവശം, സൺഷേഡ്, തൂണുകൾ എന്നിവയിൽ 2 ഇനം പ്രവൃത്തികളും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| അളവ് പുസ്തകത്തിലെ അളവ് | നൽകിയ തുക | |
|---|---|---|
| | ഇനം 13.60.1 | ഇനം 13.111.2 |
| Class Room- 24x6x1.50= 216 M2 | 216x70=15120/- | 216x74.50=16092/- |
| Sunshade – 1x38x0.90= 34.20 M2 | 34.20x70=2394/- | 34.20x74.50=2547.90 |
| Piller- 13x0.85x2.00= 22.10 M2 | 22.10x70=1547/- | 22.10x74.50=1646.45/- |
| ആകെ | 19061/- | 20,286/- |

ഇനം 13.60.1 ന്റെ വിവരണം പരിശോധിച്ചാൽ അക്രിലിക് എമൽഷൻ പെയിന്റുപയോഗിച്ച് രണ്ടോ അതിലധികമോ കോട്ട് പെയിന്റിംഗ് നടത്തുന്ന പ്രവൃത്തി ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. അതിന് മുകളിൽ വീണ്ടും അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിന്റുപയോഗിച്ച് പെയിന്റിംഗ് നടത്തിയതിന്റെ ആവശ്യകത വ്യക്തമല്ല. ഇത്തരത്തിൽ രണ്ട് തവണ പെയിന്റിംഗ് നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇനം 13.60.1 പ്രകാരം ചെലവഴിച്ച 22492 രൂപ (19,061+18%GST) എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ , എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 3-2 ബയോഗ്യാസ് പ്ലാന്റ് പദ്ധതി അധിക തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് ഓഫീസർ

പദ്ധതി – 48/23, 256/22

ചെലവ് തുക - 111750 (കേന്ദ്രാവിഷ് കൃത ഫണ്ട് )

ബിൽ നമ്പർ – 376/21.2.23

(2021-22 ലെ ചെലവ് 3778600 (456/22.3.22467/24.3.22,575,576/31.3.22)

നഗരസഭയിൽ ഗാർഹിക മാലിന്യ സംസ്കരണം നടത്തുന്നതിനായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ബയോഗ്യാസ് പ്ലാന്റിന്റെ ശുചിത്വ മിഷൻ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 13500 രൂപയാണ്. ഇ-ടെണ്ടർ നടത്തുക വഴി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത യൂണിവേഴ്സൽ ബയോഗ്യാസ് എന്ന സ്ഥാപനമാണ് ഒരു പ്ലാന്റിന് 12590 രൂപ ക്വോട്ട് ചെയ്ത് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കിയതിൽ നഗരസഭ അധിക തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നടപ്പിലാക്കുന്നതിന് 14.2.2018 ലെ ജി.ഓ (കൈ)22/2018/LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-8 പ്രകാരം ഗാർഹിക ബയോഗ്യാസ് പ്ലാന്റിന് അനുവദിക്കാവുന്ന

തുക യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200 രൂപ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. 31.12.2018 ലെ ജി.ഓ (സാധാ)3681/2018/LSGD നമ്പർ ഉത്തരവിൽ ബയോഗ്യാസ് പ്ലാന്റുകൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുകയായ 7200 രൂപയിൽ അധികരിച്ച് വരുന്ന തുക ഗണഭോക്താവാണ് വഹിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ 1065150 രൂപ ഗുണഭോക്തൃ വിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ വിഹിതം ഈടാക്കി ചെലവഴിച്ചിട്ടില്ല. 309 ബയോഗ്യാസ് പ്ലാന്റ് വാങ്ങിയതിൽ 309 എണ്ണത്തിനും 12590 രൂപ നഗരസഭാ ഫണ്ടിൽ നിന്ന് ചെലവഴിക്കുക വഴി താഴെ കാണിച്ച പ്രകാരം 1665510 (309x5390) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| നഗരസഭ ചെലവഴിച്ച തുക | നഗരസഭ ചെലവഴിക്കേണ്ട തുക | അധിക ചെലവ് |
|---|---|---|
| | | |
| 309 X 12590=3890310 | 309 X7200 =2224800 | 3890310-2224800=1665510 |

പദ്ധതിയിൽ യൂണിവേഴ്സൽ ബയോഗ്യാസ് എന്ന സ്ഥാപനത്തിന് 12% ജി.എസ്.ടി ഉൾപ്പെടെയാണ് 3890310 രൂപ അനുവദിച്ചിട്ടുള്ളത്. എന്നാൽ ബിൽ തുക അനുവദിക്കുമ്പോൾ ജി.എസ്.ടി, ആദായ നികുതി എന്നിവയ്ക്ക് ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ ബിൽ തുകയും സ്ഥാപനത്തിന് അനുവദിച്ചു.

പദ്ധതിയിൽ 309 ബയോഗ്യാസ് പ്ലാന്റുകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/13.1.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്ക് നഷ്ടം വന്ന 1665510 രൂപ ബിൽ തുക അനുവദിച്ച ഹെൽത്ത് ഓഫീസർമാരിൽ നിന്നും ഈടാക്കി നഗരസഭാഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 03.01.2024 - 15.01.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക( | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | അധികം അടച്ച തുക |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ് ലോൺ | - | - | 2148857 | - | - | 2148857 | - |
| ലൈഫ് ഭവന പദ്ധതി (ലോൺ രജിസ്റ്റർ പ്രകാരം) | - | - | 26080000 | 2173334 | - | 23906666 | - |

കുറിപ്പ്:-

1) 2016-17 സാമ്പത്തിക വർഷത്തെ ഷെഡ്യൂൾ B5 പ്രകാരം ഇ. എം. എസ്. ഭവന പദ്ധതി ലോൺ തുക 2148857 രൂപ വായ്പയിനത്തിൽ (Loan From Financial Institutions) ബാധ്യതയുണ്ട്. ഈ തുക 2022-23 സാമ്പത്തിക വർഷത്തെ ഷെഡ്യൂൾ B5 പ്രകാരം തുടരുന്നുണ്ട്. ഈ തുക ഏത് സ്ഥാപനത്തിൽ നിന്നാണ് എടുത്തതെന്ന് നാളിതുവരെ നഗരസഭ ഓഡിറ്റിനെ അറിയിച്ചിട്ടില്ല. വായ്പ തിരിച്ചടച്ച് നഗരസഭയുടെ ബാധ്യത തീർക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ മുൻവർഷ റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നെങ്കിലും യാതൊരുവിധ നടപടികളും നാളിതുവരെയായി സ്വീകരിച്ചിട്ടില്ല.

2) 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് ബി-5 ഷെഡ്യൂൾ പ്രകാരം ലൈഫ് ഭവന പദ്ധതി ലോണിനത്തിൽ തിരിച്ചടയ്ക്കാനുള്ള തുക 5546668/- രൂപയായിരുന്നു. എന്നാൽ ലോൺ രജിസ്റ്ററിൽ 2021-22 സാമ്പത്തിക വർഷാവസാനത്തിൽ തിരിച്ചടയ്ക്കാനുള്ള തുകയായി 26080000/- രൂപയാണ് കാണിച്ചിരിക്കുന്നത്.

2022-23 വർഷത്തിൽ 2173334/- രൂപ തിരിച്ചടച്ചത് പ്രകാരം തൻവർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ വാർഷിക കണക്ക് ബി-5 ഷെഡ്യൂൾ, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം 23906666/- രൂപയുമാണുള്ളത്. ലോൺ ഇനത്തിൽ മുൻവർഷാവസാന ബാധ്യതാ തുകയിൽ നിന്നും, 2022-23 വാർഷിക കണക്കിൽ മാറ്റം വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ**

പഞ്ചായത്തായിരുന്ന കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | - | 2004-05 പൊതു പരാമർശം | 11.1.3.31 | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു | തുടരുന്നു |
| | | 2001-02 | CFL തെരു വിളക്കുകൾ 4 എണ്ണം അപ്രത്യക്ഷമായി | സ്റ്റോക്ക് പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ ശുപാർശ | |
| 2003-04 | 3-3 | 2005-06 | 74 | വരൾച്ചാ ദുരിതാശ്വാസം 1.2 ലക്ഷം ദുർവ്യയം | തുക ഈടാക്കാൻ RR നടപടി, റിപ്പോർട്ട് നൽകാൻ ശുപാർശ |
| 2007-08 | 3-16 | 2009-10 | 3.2.1 | അസാധാരണ ചെലവ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനയും പാലിച്ചില്ല. | തുടരുന്നു |
| 2009-10 | 3-1 | 2011-12 | 2.7.3 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രിയം | |
| | | 2013-14 | 5.3.5.4 | വനിതാ വ്യവസായ കേന്ദ്രം | തുടരുന്നു |
| | | 2013-14 | 5.1.5.10 | കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ | തുടരുന്നു |
| | | 2015-16 | 4.1.1 | അക്കൗണ്ടിംഗ് സമ്പ്രദായം അടിസ്ഥാന | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | സൗകര്യങ്ങൾ | |
| 2014-15 | 2-13, 2-15, 2-16 | 2016-17 | അനുബന്ധം-3 -167 | വസ്തുനികുതി അപാകതകൾ | തുടരുന്നു |
| 2014-15 | 2-11 | 2016-17 | അനുബന്ധം-4 P-188 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 -211 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

**4–9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല.

**4–10 ഓഡിറ്റ് പ്രത്യവലോകനം**

**സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 208721378 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 173765693 |
| വരവിനങ്ങളിലുള്ള നഷ്ടം | 10999078 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1741077 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9023977 |

**(ബി). ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 29455 | | പ്രസൂനൻ ഒ, സെക്രട്ടറി |
| 2-2 | 10055811 | | പ്രസൂനൻ ഒ, സെക്രട്ടറി |
| 2-3 | 913812 | | ശ്രീമതി. വിജില എം, സെക്രട്ടറി |
| 3-1-1 | | 53075 | ശ്രീ. കൃഷ്ണൻ കുട്ടി പി. എം, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. സിന്ധു എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവർക്ക് തുല്യമായി |

| | | | |
|---|---|---|---|
| 3-1-2 | | 22492 | ശ്രീ. കൃഷ്ണൻകുട്ടി പി. എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീമതി . സിന്ധു.എൻ,<br>അസിസ്റ്റന്റ് എക്സികൃൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് തുല്യമായി |
| 3-2 | | 48510 | ശ്രീ.രാജേന്ദ്രൻ ടി.<br>ഹെൽത്ത് ഓഫീസർ |
| 3-2 | | 1617000 | ശ്രീ. അജിത്ത് ടി,<br>ഹെൽത്ത് ഓഫീസർ |
| **ആകെ** | 10999078 | 1741077 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 10000 | ശ്രീ. പ്രസൂനൻ ഒ,<br>സെക്രട്ടറി ( ഇൻ ചാർജ്ജ്) |
| 1-31 | 500000 | ശ്രീമതി. വിജില എം,<br>സെക്രട്ടറി |
| 1-32 | 1805400 | ശ്രീമതി. വിജില എം,<br>സെക്രട്ടറി |
| 1-33 | 485323 | ശ്രീ. കൃഷ്ണൻ കുട്ടി പി. എം,<br>മുനിസിപ്പൽ എഞ്ചിനിയർ |
| 1-34 | 2020707 | ശ്രീ. അജിത്ത് ടി,<br>ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1) |
| - ടി - | 600444 | ശ്രീ. രാജേന്ദ്രൻ ടി,<br>ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1) |
| 1-35 | 8765 | ശ്രീ. അജിത്ത് ടി,<br>ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1) |
| 1-35 | 136725 | ശ്രീ. ദിലീപ് കുമാർ,<br>ഹെൽത്ത് ഓഫീസർ |

| | | |
|---|---|---|
| 1-36 | 1482500 | ശ്രീ. അജിത്ത് ടി,<br>ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1) |
| 1-37 | 272913 | ശ്രീ. സെയ്തലവി ടി, മുനിസിപ്പൽ<br>എഞ്ചിനീയർ ( ഇൻ ചാർജ്ജ്) |
| 1-38 | 300000 | ശ്രീമതി. വിജില എം,<br>സെക്രട്ടറി |
| 1-39 | 2,32,200 | ശ്രീ. പ്രസൂനൻ ഒ,<br>സെക്രട്ടറി ( ഇൻ ചാർജ്ജ്) |
| 1-40 | 49000 | ശ്രീമതി. വിജില എം,<br>സെക്രട്ടറി |
| 1-41 | 300000 | ശ്രീമതി. വിജില എം,<br>സെക്രട്ടറി |
| 1-42 | 500000 | ശ്രീമതി. റീജ, ഐ. സി. ഡി. എസ്.<br>സൂപ്പർവൈസർ |
| 1-43 | 100000 | ശ്രീ. കൃഷ്ണ സൂരജ് , വെറ്ററിനറി സർജൻ |
| **ആകെ** | 9023977 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വിജില എം,<br>സെക്രട്ടറി | സെക്രട്ടറി, മുക്കം നഗരസഭ | മയക്കോളിപൊയിൽതാഴം, നൻമണ്ട, കോഴിക്കോട്-673613 |

| | | |
|---|---|---|
| ശ്രീ. അജിത്ത് ടി, ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1) | ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1), മുക്കം നഗരസഭ | തളിയിൽ വീട്, കൊവ്വപ്പുറം പി. ഒ, കുഞ്ഞിമംഗലം – 673309 |
| ശ്രീ. കൃഷ്ണൻ കുട്ടി പി. എം, മുനിസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനിയർ, മുക്കം | പുത്തേരിമണ്ണിൽ വീട്, ചെറുകുളത്തൂർ പി. ഒ, കോഴിക്കോട് – 8 |
| ശ്രീ. സെയ്തലവി ടി, ഓവർസിയർ ഗ്രേഡ് 1 | റിട്ടയർ ചെയ്തു | തറമ്മൽ വീട്, കൊടിയത്തൂർ പി. ഒ, മുക്കം – 673602 |
| ശ്രീമതി. സിന്ധു എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, കുന്ദമംഗലം ബ്ലോക്ക് | നൃഞ്ഞിയിൽ ഹൗസ്, ഗുരുവായൂരപ്പൻ കോളേജ്, പാലാഴി – 673014 |
| ശ്രീ. ദിലീപ് കുമാർ, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ, മുക്കം നഗരസഭ | കുണ്ടത്തിൽ വീട്, പിലാശ്ശേരി, കുന്ദമംഗലം |
| ശ്രീമതി. റീജ, ഐ. സി. ഡി. എസ്. സൂപ്പർവൈസർ | ഐ. സി. ഡി. എസ്. സൂപ്പർവൈസർ, മുക്കം | വെളയഞ്ചേരി വീട്, മടവൂർ പി. ഒ, നരിക്കുനി - 673585 |
| ശ്രീ. പ്രസൂനൻ ഒ, സെക്രട്ടറി ( ഇൻ ചാർജ്ജ്) | സൂപ്രണ്ട്, കണ്ണൂർ കോർപ്പറേഷൻ | ശ്രീവാസം, മാവിലായി പി. ഒ, കണ്ണൂർ ജില്ല - 670622 |
| ശ്രീ. രാജേന്ദ്രൻ ടി, ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1), മുക്കം | തുണ്ടിയിൽ വീട്, വട്ടോളി പി. ഒ, കക്കട്ടിൽ - 673507 |

| | | |
|---|---|---|
| (ഗ്രേഡ്-1) | | |
| ശ്രീ. കൃഷ്ണ സൂരജ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, മുക്കം നഗരസഭ | തേവർതൊടി വീട്, പുൽപ്പറ്റ പി. ഒ, മഞ്ചേരി, മലപ്പുറം 676123 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ ഡി/പി14/ 2239/16(1) തി. 27-12-2017 | 34, 35(1),(2),38 A, B, 39, 48, 64, 65, 66, 71 | 9 |
| 2000-01 | കെ.എസ്.എ.കെ.കെ ഡി/പി14/ 2239/16(2) തി. 27-12-2017 | 29, 32, 35, 36, 38, 42, 48, 50, 51, 52, 53, 55, 56, 57 | 14 |
| 2001-02 | കെ.എസ്.എ.കെ.കെ ഡി/പി14/ 2239/16(3) തി. 27-12-2017 | 3(4), 3(5), 3(7) | 3 |
| 2002-03 | കെ.എസ്.എ.കെ.കെ ഡി/പി14/ 2017/16 തി. 23-12-2017 | 3(2), 3(3)1, 3(3)2, 3(5), 3(9), 3(10), 3(12), 3-13 മുതൽ 3-19 വരെ | 14 |
| 2005-06 | കെ.എസ്.എ.കെ.കെ ഡി/പി14/ 2239/16 08-02-2018 | 2-5, 2-6(2), 2-7, 3(2), 3(3),<br>3(5), 3(6), 3(7)<br>3(8), 3(10), 3(11), 3(12), 3(13), 3(14) | 14 |

| | | | |
|---|---|---|---|
| 2010-11 | കെ.എസ്.എ.കെ.കെ ഡി/പി14/ 2239/16(5) തി. 08-02-2018 | 2-4, 3(10, 3(4), 3(5), 3(6), 3(7), 3(8), 3(9), 3(11), 3(15), 3(19), 3(20), 3(27) | 13 |
| 2016-17 | കെ.എസ്.എ.കെ.കെ ഡി/പി14/ 1735/17 തി. 21-05-2018 | 2-1 മുതൽ 2-17 വരെ, 3-1 മുതൽ 3-18 വരെ | 37 |
| 2017-18 | കെ.എസ്.എ.കെ.കെ ഡി/പി14/ 346/2019 തി. 10-05-2019 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-9 വരെ, 3-11 മുതൽ 3-19 വരെ, 3-21, 3-22, 3-23 | 30 |
| 2018-19 | കെ.എസ്.എ.കെ.കെ ഡി/പി13/ 1262/2020 തി. 28.01.2021 | 1-12, 1-14, 1-16, 1-18, 1-21, 1-22, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-32, 1-33, 1-35, 1-36, 1-37, 1-38,1-40, 1-41, 1-42,1-43, 1-44, 1-46 1-48, 3-1 | 26 |
| 2019-20 | കെ.എസ്.എ.കെ.കെ ഡി/പി9/ 2055/2022 തി. 15.05.2023 | 1-5(4,5,9,10),1-11,1-12,1-13(4),1-14(1),1-15,1-16,1-17, 1-18(1,2,3,5), 1-19(1,3,4),1-19(1,3,4), 1-20,1-21,1-22,1-24 To 1-28, 1-30,1-31,1-34,1-36,1-37,2-1 | 25 |
| 2020-21 | കെ.എസ്.എ. കെ.കെ.ഡി. പി. 9/2054/2022 തീ. 22/06/2023 | 1-1,1-3,1-9,1-11 To 1-19,1-24,1-25,1-26-1-2, 1-26-1-3,1-28,2-1,2-2,3-1,3-2,3-3,4-8 | 24 |
| 2021-22 | കെ.എസ്.എ. കെ.കെ.ഡി. പി. 9/424/2023 തീ. 08/08/2023 | 1-1, 1-2-1(3,4,5,6,8,9,11,13,15,16,18,19,22), 1-4-1, 1-6, 1-9 To 1-13, 1-14(3,4,5), 1-15, 1-16 To 1-23, 1-24( 1 To4), 1-25, 1-26(1,4), 1-27(2), 1-28, 1-29, 1,30, 1-32, 1-35, 4-8,4-11 | 30 |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mukkam Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mukkam Municipality for the year 2022-2023

Date: 15/03/2024

Joint Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Mukkam Municipality for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

a) The following mandatory financial statements prescribed in accounts
rules are not submitted for audit eg:- Ratios, Notes to account etc.

b) Cheques un-cashed for more than 3 months were not transferred to Stale Cheque Account

c) Cheque deposited but not credited - Further action not taken

d) Annual abstract is not recorded in demand registers.

Ex:- Property tax, License register, permit register etc.

e) The demand register for Civic Amenities has not been prepared and maintained.

f) The following registers are not maintained.

Ex:- Deposit Register, Advance Register, EMS Loan Register etc.

g) The Asset register is not reliable for audit due to defective maintenance.

h) Lapses in making timely and and accurate demand entries in respect of items of tax and non tax revenue.

i) The following demand registers are not periodically reconciled with accounts
Ex:- Property tax, License.
j) The amount remaining outstanding in respect of Tender Form Fee (E Tender Fee) applicable to projects executed by the Assistant Engineer is seen not included in the balance sheet as receivable in the AFS.

k) Lack of authenticated journal vouchers for supporting the adjustment entries.
i) Documents in support of grants received were not produced. Hence the authenticity of grants received couldnot be verified.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്